2025 NOVEMBER
VOL 24
ISSUE 11
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക




**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr Paul A.J. *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Godwin Ignatious 9995211689 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 ✆+91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org
**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
✉ infoin@jykairosmedia.org
✆ +91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
✉ info@jykairosmedia.org
✆ +1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal ✆ +91 98954 05631 ✉ arakkalshaji@gmail.com


contents


06

10

12

14

15

16

18


**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**


കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
✆ 0484 2984327 ✆ 62382 79115
✉ kairosmag@jykairosmedia.org

# letters

ഒക്ടോബർ ലക്കം കെയ്റോസിലെ ജഡ്ജ് ഫ്രാങ്ക് കാപ്രിയോയെ കുറിച്ചുള്ള ലേഖനം കൊള്ളാം. ഇങ്ങനെയുള്ള ജഡ്ജിമാരും ഉണ്ടായിരുന്നെന്നറിയുന്നത് പുത്തനറിവായിരുന്നു. വായിക്കും നേരം അഭിമാനം തോന്നിയ നിമിഷവുമായിരുന്നു. എന്തൊരു ആശ്വാസമാണ് ഇത്തരത്തിലുള്ള ന്യായാധിപന്മാർ നമുക്കുണ്ടെന്ന് അറിയുന്നത്. അതുപോലെ തന്നെ കോവിഡ് കാലത്ത് ആംബുലൻസുമായി രോഗികളെ ശുശ്രൂഷിച്ചിരുന്ന ജോസഫ് അച്ചനെ കുറിച്ചുള്ള ലേഖനവും ഹൃദയസ്പർശിയായി. 'തോക്കിനു മുമ്പിൽ ജപമാലയുമായി' എന്ന തലക്കെട്ടിലെ സ്മിത ബിജോയുടെ അനുഭവം ഏറെ ടച്ചിങ് ആയിരുന്നു. വാർത്താവിചാരത്തിലെ ലേഖനങ്ങൾ ക്രൈസ്തവ മൂല്യങ്ങളെയും സേവനങ്ങളെയും ഒക്കെ ഓർമപ്പെടുത്തുന്ന രീതിയിൽ ഇടയ്ക്കിടെ വന്നുകൊണ്ടിരിക്കുന്നത് ക്രൈസ്തവ സഭയുടെ സേവനങ്ങളെയും ശുശ്രൂഷകളെയും ഓർക്കാൻ ഇടവരുത്തുന്നുണ്ട്. കെയ്റോസിന്റെ അണിയറ പ്രവർത്തകർക്ക് പ്രാർഥനയും അനുമോദനങ്ങളും

ജെയ്സി ജൂഡ്സൺ
തുതിയൂർ, കാക്കനാട്

22 24 26 28 40



വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
സിനി ടോക്സ്
വാർത്താവിചാരം
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും




**ലോകത്തിൽ ഇപ്പോൾ 380 ദശലക്ഷം ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ വിവിധ തരത്തിൽ പീഡനവും വിവേചനവും മരണവും നേരിടുന്നു. നമ്മളോ !?**

# ഇവരുടെ കരംപിടിച്ച് നമ്മൾ പ്രാർഥിക്കും

**ഏറ്റവുമധികം പീഡനങ്ങൾ നേരിടുന്ന 50 രാജ്യങ്ങളുടെ ലിസ്റ്റാണിത്:** ഉത്തര കൊറിയ, സൊമാലിയ, യെമൻ, ലിബിയ, സുഡാൻ, എറിത്രിയ, നൈജീരിയ, പാകിസ്ഥാൻ, ഇറാൻ, അഫ്ഗാനിസ്ഥാൻ, ഇന്ത്യ, സൗദി അറേബ്യ, മ്യാൻമർ, മാലി, ചൈന, മാലദ്വീപ്, ഇറാഖ്, സിറിയ, അൾജീരിയ, ബുർക്കിന ഫാസോ, മൊറോക്കോ, ലാവോസ്, മൗറിറ്റാനിയ, ബംഗ്ലാദേശ്, ഉസ്ബെക്കിസ്ഥാൻ, ക്യൂബ, മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്, നൈജർ, തുർക്ക്മെനിസ്ഥാൻ, നികരഗ്വ, മെക്സിക്കോ, ഒമാൻ, എത്യോപ്യ, ടുണീഷ്യ, ഡിആർസി, ഭൂട്ടാൻ, മൊസാംബിക്ക്, കസാക്കിസ്ഥാൻ, താജിക്കിസ്ഥാൻ, ഈജിപ്ത്, ഖത്തർ, കൊമോറോസ്, കാമറൂൺ, വിയറ്റ്നാം, തുർക്കി, കൊളംബിയ, കിർഗിസ്ഥാൻ, ബ്രൂണൈ, ചാഡ്, ജോർദാൻ. **ദയവായി ഈ രാജ്യങ്ങളുടെ പേരുപറഞ്ഞ്, ഹൃദയപൂർവം പ്രത്യേകം പ്രാർഥിക്കുമല്ലോ..**

# JESUS YOUTH FULLTIMERS'
# **CHRIST JUBILEE**
(33RD BATCH)

# SILVER JUBILEE
(9TH BATCH)

# 2025



 - ഡോ. ജിൻസി മാത്യു PhD, എറണാകുളം

# പള്ളിയച്ചൻ എന്ന വളർത്തച്ഛൻ!



ദൈവിക വഴിയെ ചരിക്കുന്ന ഒരു വൈദികന്റെ യഥാർഥ ജീവിതം എപ്രകാരമായിരിക്കണം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ ജീവിതം. ഫാ. എബ്രഹാം പള്ളിവാതുക്കൽ SJ എന്ന പുരോഹിതൻ ആയിരങ്ങളുടെ പള്ളിയച്ചൻ ആയ കഥയുടെ നേർചിത്രം:

മൂന്നാം സഹസ്രാബ്ദം അന്ത്മായ മുന്നേറ്റത്തിന്റേതാണെന്നു പറഞ്ഞു അവരെ പരിശീലിപ്പിക്കാൻ രണ്ടും കൽപിച്ചു ഇറങ്ങിത്തിരിച്ച ഒരു പാതിരിയുണ്ട്. വെളുത്ത മുടിയും വെള്ളകുപ്പായവുമിട്ട് മുഖത്തൊരു വാൽത്സല്യ പുഞ്ചിരിയും കൈയിലൊരു ബൈബിളുമായി തിരക്കിട്ട് നടന്നുപോകുന്ന ഈ അച്ചൻ പിതൃസഹജമായ കരുതലോടെ ഒരു കുഞ്ഞൻ നുള്ള് ചിലർക്ക് സമ്മാനിക്കും. ഒരു പിതാവിനെപ്പോലെ പലഹാരപ്പൊതികളും പിടിച്ചായിരിക്കും അച്ചന്റെ വ്യക്തിപരമായ സന്ദർശനങ്ങൾ. തന്റെ വാത്സല്യഭാജനങ്ങൾക്ക് എന്തുതന്നെ പ്രശ്നമുണ്ടെങ്കിലും അവിടെ ഓടിയെത്തും. അവരുടെ പ്രശ്നം വ്യക്തിപരമോ സാമ്പത്തികമോ ആണെങ്കിലും അതു പരിഹരിക്കാൻ ഏതറ്റംവരെയും പോകും. ഉള്ളവന്റെ കൈയിൽനിന്നും അത് കാശാണെങ്കിലും സമയമാണെങ്കിലും അറിവാണെങ്കിലും ചോദിച്ചുമേടിച്ചു അർഹരായവർക്ക് കൊടുക്കും. ശാസിക്കേണ്ടവരെ ശാസിക്കും, തിരുത്തേണ്ടവരെ തിരുത്തും. ക്ഷമചോദിക്കണമെങ്കിൽ അതിനും തയ്യാറായി യുവജനങ്ങളെ വളർത്തിയേ അടങ്ങൂ എന്നു തീരുമാനിച്ചിറങ്ങിയ ഒരാളാണ് ഈ ഈശോസഭക്കാരൻ. അച്ചന്റെ സഹായംകൊണ്ട് അന്നമുണ്ട ജീസസ് യൂത്തും ഫുൾടൈമേഴ്സും എണ്ണമറ്റതാണ്. കോളേജ് കുട്ടികളുടെയും ജോലിയില്ലാത്ത



ജീസസ് യൂത്ത് നേതാക്കന്മാരുടെയും കൈയിൽ പണം എവിടുന്ന് വരാൻ; അതു മുൻകൂട്ടികണ്ട്, ജോലിചെയ്യുന്ന നേതാക്കന്മാരെ അച്ചൻ ഓർമിപ്പിക്കും, അധികമായി പണമിരിപ്പുണ്ടെങ്കിൽ സഹോദരർക്കു കൊടുക്കുന്നത് പുണ്യമല്ലേ? അത് നിന്റെ കടമയല്ലേ? തന്റെ സൗഹൃദവലയത്തിൽനിന്നും ആളുകൾ കൊടുത്തതും ചോദിച്ചു വാങ്ങുന്നതുമായ രൂപയൊക്കെയാണ് യുവജനങ്ങൾക്കായി അച്ചൻ കരുതിവച്ചത്.

പാവങ്ങളോടുള്ള പക്ഷംചേരൽ ജീസസ് യൂത്ത് ജീവിതശൈലിയുടെ അടിസ്ഥാനമാക്കി മാറ്റാൻ സ്വാധീനം ചെലുത്തിയത് അച്ചന്റെ ഇതേകരുതലിൽ നിന്നാണ്. ജീസസ് യൂത്തിന് ബിഷപ്പിനെ കാണാൻ പോകണോ; അച്ചൻ കൂടെ വരും യുവജനങ്ങളുടെ അറിവിന്റെയും അനുഭവത്തിന്റെയും കുറവ് നികത്തും.

ഒരു പ്രോഗ്രാമിനുവേണ്ടി ഒരു സ്ഥാപനത്തിന്റെയോ കോളേജിന്റെയോ അധികാരികളോട് സംസാരിക്കണോ; അച്ചൻ അവരുടെ ഉദ്ദേശ്യങ്ങൾക്കുവേണ്ടി മാധ്യസ്ഥത വഹിക്കും. ഫുൾടൈമെർഷിപ്പിന് വീട്ടിൽനിന്നു വിടില്ലേ?, അച്ചൻ വരും; മാതാപിതാക്കളോട് സംസാരിക്കും. നാല്പത്തെട്ടോളം രാജ്യങ്ങളിൽ പടർന്നു പന്തലിച്ചുനിൽക്കുന്ന ലക്ഷക്കണിക്കിന് ദൈവരാജ്യ സന്താനങ്ങൾ കൈബലമായുള്ള ഈ അച്ചനെ നമ്മളെല്ലാവരും പള്ളിയച്ചൻ എന്നുവിളിക്കും.

## വലിയ ഇടയനും എമ്മാവൂസും

1978 നവീകരണ ജീവിതത്തിന് തുടക്കം കുറിക്കുമ്പോഴേ കാര്യങ്ങൾ സംഭവബഹുലമായിരുന്നു. 1981 അവസാനം KST ചെർമാനായി സ്ഥാനമേറ്റു. ഒരു പൂച്ച തന്റെ കുഞ്ഞുങ്ങളെ എടുത്തു നടക്കുംപോലെ KST–യുടെ ആസ്ഥാനം എട്ടുതവണ മാറേണ്ടിവന്നതു കണ്ട് അച്ചൻ ഒരു പോംവഴി ആലോചിച്ചു. മൂന്നു ദിവസം KST അംഗങ്ങൾ ഒരുമിച്ചിരുന്നു പ്രാർഥിച്ചപ്പോൾ ദൈവം നൽകിയ പ്രചോദനം സ്ഥിരമായ ഒരു കേന്ദ്രത്തിനായി സ്ഥലം വാങ്ങുക എന്നതാണ്. ഒരു സഭയുടെയോ റീത്തിന്റെയോ പേരിലല്ലാതെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന് ആസ്ഥാനമൊരുക്കാൻ, ആർക്കും ബാധ്യതയാകാതെ, രണ്ടു രൂപാ നിരക്കിൽ കേരളത്തിലുടനീളം കൂപ്പൺ കൈമാറി പണം ശേഖരിച്ചു. അതിനൊപ്പം സിസ്റ്റർ സെർജ്യൂസിന്റെ ഇന്തോനേഷ്യയിൽ ജോലിചെയ്യുന്ന ചേച്ചിയിൽനിന്നു കിട്ടിയ 10000 ഡോളറും ചേർത്ത് കളമശ്ശേരിയിൽ ആ സ്വപ്നം പൂവണിഞ്ഞു. അച്ചന്റെ ഭാഷയിൽ ആളുകൾ ഇവിടെ വരുന്നു; ധ്യാനത്തിലൂടെ തിന്മയിൽനിന്ന് പുറത്തുവരുന്നു. ഈ ലേയ്റ്റി ഫോർമേഷൻ (LF) സെന്ററിന് അച്ചൻ 'എമ്മാവൂസ്" എന്നല്ലാതെ മറ്റെന്ത് പേര്

> ജോലിചെയ്യുന്ന നേതാക്കന്മാരെ അച്ചൻ ഓർമിപ്പിക്കും, അധികമായി പണമിരിപ്പുണ്ടെങ്കിൽ സഹോദരർക്കു കൊടുക്കുന്നത് പുണ്യമല്ലേ? അത് നിന്റെ കടമയല്ലേ?

രണ്ടാമത് അയൽക്കാരനെ കരുതണം എന്നുപറയുമ്പോൾതന്നെ അച്ചൻ പറയും നിന്റെ കുടുംബവും ഉത്തരവാദിത്ത്വങ്ങളും മറന്നല്ല നീയിതുചെയ്യേണ്ടതെന്ന്. ഇത്രയും കഴിഞ്ഞു മൂന്നാമതായേ നീ നിന്റെ കാര്യങ്ങൾ പരിഗണിക്കാവൂ..

നല്കാൻ!? തുടർന്നങ്ങോട്ട് 1988 വരെ അച്ചൻ അവിടെത്തന്നെ പ്രവർത്തിച്ചു. യുവത്വത്തിന്റെ പ്രസരിപ്പിനോ ക്രിയാത്മകതയ്ക്കോ അത്ര മാർക്കറ്റില്ലാത്ത അക്കാലത്തു അച്ചൻ അവരെ കൂടെക്കൂട്ടി. '82ലെ കേരളത്തിലെ ആദ്യ ദേശീയ കൺവെൻഷൻ മുതൽ നേതൃത്വമെടുക്കാൻ ഒരാളില്ല എന്ന വാസ്തവം അച്ചൻ ശ്രദ്ധിച്ചിരുന്നു. 'Let us have a LIMPING LEADER' എന്ന് പറഞ്ഞു മോശയെപ്പോലെയും യാക്കോബിനെ പോലെയും ദൈവത്തിൽ മാത്രം തീവ്രമായി ആശ്രയിച്ചു പ്രാർഥിക്കുന്ന അത്മായ നേതൃത്വത്തെ അച്ചൻ ഒരുക്കാൻ തുടങ്ങി. അച്ചന്റെ പരിലാളനകൾ ഏറ്റുവാങ്ങിയ ആയിരക്കണക്കിന് അത്മായ നേതൃത്വങ്ങൾ ഇന്ന് ലോകമെമ്പാടും ദൈവരാജ്യ പ്രവർത്തങ്ങളിൽ വ്യാപൃതരാണ്. ഒരു കൂട്ടായ്മയുടെ അനുഭവത്തിൽ കുടുംബത്തിലെ ഏകോദര സഹോദരങ്ങളെ പോലെ നിങ്ങൾ മുന്നേറണമെന്നു പറഞ്ഞു നമ്മെ നയിച്ച ആ ദീർഘദർശിയുടെ വാക്കുകൾ പിന്നീട് ഫ്രാൻസിസ് പാപ്പയുടെ അവസാനത്തെ ചാക്രികലേഖനത്തിൽ ശരിവച്ചതു കാലത്തിന് മുന്നേ ചിന്തിച്ച നമ്മുടെ പള്ളിയച്ചന്റെ ദീർഘദൃഷ്ടി തന്നെയാണ്. അതേ കുടുംബത്തിലെ ഒരു കാരണവരെ പോലെ അദ്ദേഹം കണിശക്കാരൻ ആയിരുന്നോ എന്നു ചോദിച്ചാൽ, അച്ചൻ പറയും, 'Discipline without love does not work, particularly for a freely developed family.' കുത്തഴിഞ്ഞു ക്രമരഹിതമായി ജീവിക്കുന്ന ഈ ലോകത്തു യേശു വിഭാവനം ചെയ്ത ലോകവ്യാപനം കൊണ്ടുവരാൻ നമ്മൾ ആത്മശിക്ഷണമുള്ളവരായേപറ്റൂ എന്നേ അച്ചൻ പറയൂ. ഒരുത്തരെയും വ്യക്തിപരമായി അറിഞ്ഞ് ആ 'വലിയ' ഇടയൻ കൂടെ നിറുത്തി; ചേർത്തുപിടിച്ചു വളർത്തി; തിരുത്തലുകളും നൽകി; വിശുദ്ധനായ ആത്മീയ ഗുരുവായി എല്ലാവർക്കും സ്വീകാര്യനായി ജീവിക്കുന്നു. "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ അവിടന്നു നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു" (എഫേ 1, 4).



## ഫുൾടൈമേഴ്സിന്റെ ഒരു തണൽമരം

നിറം മങ്ങിയ വസ്ത്രം ധരിച്ചു, യാത്രചെയ്തു മടുത്തു, വാടിത്തളർന്നു പള്ളിയച്ചന്റെ വാതിലിൽ ബെല്ലടിക്കാത്ത ഫുൾടൈമെഴ്സോ ജീസസ് യൂത്ത് നേതാവോ കുറവായിരിക്കും. വയറുനിറയെ ഭക്ഷണവും പോക്കറ്റ് മണിയും കിട്ടാതെ ആരുംതന്നെ ആലുവാ ലയോളയിൽനിന്നോ ക്രൈസ്റ്റ് ഹാളിൽനിന്നോ ലൂമൻ ജ്യോതിസിൽ നിന്നോ പോന്നിട്ടില്ല. കരയാനാ

*ഡോ. ജിൻസി മാത്യുവും, സനീഷ് എബ്രാഹമും, മരിയ പോളും ഒരുമിച്ച് കോഴിക്കോട് ക്രൈസ്റ്റ് ഹാളിൽ പള്ളിയച്ചന്റെ പിതൃവാത്സല്യത്തിൽ.*

ണെങ്കിലും കാര്യത്തിനാണെങ്കിലും അച്ചനി പ്പോഴും സമീപസ്ഥനാണ്. കൂടുതലും ട്രെയിനിങ്ങിനിടയിലെ ധ്യാനത്തിലൂടെയായി രുന്നു അച്ചൻ ഫുൾടൈമേഴ്സിനെ നയിച്ചത്. ക്രിസ്തുകേന്ദ്രീകൃതമായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ ഒന്നാംസ്ഥാനം ദൈവത്തിന് നൽകണം എന്ന് അച്ചൻ പഠിപ്പിച്ചു. രണ്ടാമത് അയൽക്കാരനെ കരുതണം എന്നുപറയു മ്പോൾതന്നെ അച്ചൻ പറയും നിന്റെ കുടും ബവും ഉത്തരവാദിത്വങ്ങളും മറന്നല്ല നീയിതു ചെയ്യേണ്ടതന്ന്. ഇത്രയും കഴിഞ്ഞു മൂന്നാമ തായേ നീ നിന്റെ കാര്യങ്ങൾ പരിഗണിക്കാ വൂ; ഇതാണ് ക്രിസ്തുകേന്ദ്രീകൃത ജീവിത ത്തിനു അച്ചൻ ചൂണ്ടിക്കാണിക്കുന്ന സൂത്ര വാക്യം. സമീകൃതമായ ഒരു ശൈലിയില ല്ലാതെ വിശ്വാസമെന്ന് പറഞ്ഞു കണ്ണടച്ച് ജീവിക്കരുതെന്ന് അച്ചൻ ഓർമിപ്പിക്കുന്നു.

ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു സ്വന്തം ആത്മാവിനെ രക്ഷിക്കാനാണ് ദൈവം മനു ഷ്യനെ തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിശുദ്ധ ഇഗ്നേഷ്യസ് പഠിപ്പിച്ചത് അച്ചൻ ചൂണ്ടിക്കാണിക്കും. "നാം അവന്റെ കരവേല യാണ്; നാം ചെയ്യാൻവേണ്ടി ദൈവം മുൻ കൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്" (എഫേ 2, 10). മനുഷ്യസഹജമായ കുറവുക ളെയും പോരായ്മകളെയും നികത്തുന്നത് പ്രാർഥനയിലും ആത്മാവിന്റെ നിറവിലുമാ ണെന്നുപറഞ്ഞു പള്ളിയച്ചൻ നമ്മെ ധൈര്യ പ്പെടുത്തും. വളരെ വിശാലമായ അനുഭവ സമ്പത്തും സുഹൃത്ബലവുമുള്ള അച്ചന്റെ തണലിലാണ് ഫുൾടൈമേഴ്സ് ഫാമിലി

ഞ്ഞുകൊടുത്തിട്ടല്ല, മറിച്ചു ഈ പിതാമ ഹന്റെ സ്നേഹസാമീപ്യംകൊണ്ടാണ്. ഫുൾടൈമേഴ്സ് അവരുടെ കോ–ഓർഡിനേ റ്ററെ 'ചാച്ചൻ' എന്ന് വിളിക്കാൻ പ്രേരിപ്പി ക്കുന്ന വികാരവും അദ്ദേഹം പകർന്നു നൽകിയ ഒരു കുടുംബമാണെന്ന സങ്കല്പത്തിൽ നിന്നാണ്. പതിനാറാം ബാച്ച്‌വരെ പള്ളിയച്ചൻ ഫുൾടൈമേഴ്സിന്റെ കൂടെത്തന്നെയുണ്ടായിരുന്നു.

## വ്യക്തിജീവിതം

വാർധക്യസഹജമായ രോഗങ്ങളും ക്ഷീണവും മൂലം ക്രൈസ്റ്റ് ഹാളിൽ വിശ്രമ ത്തിലിരിക്കുമ്പോഴും അദ്ദേഹം സന്ദർശകർക്ക് ഇപ്പോഴും വാതിൽ തുറന്നുകൊടുക്കുന്നു. അവിടെ വരുന്ന നാലിൽ മൂന്ന് അതിഥികളും നമ്മുടെ പള്ളിയച്ചനെ തേടി വരുന്നവരാണ്. പ്രാർഥനയ്ക്കും സഹായത്തിനും പിന്നെ സ്നേഹം പങ്കിടാനുമെത്തുന്ന ഒരാളെപ്പോലും അച്ചൻ നിരാശപ്പെടുത്തുന്നില്ല. അച്ചനെ ഒത്തിരിസ്നേഹിക്കുന്ന ഒരു ജീസസ് യൂത്ത് ഇങ്ങനെ പറഞ്ഞുവത്രേ: "എന്റെ പപ്പയും ഭർതൃപിതാവും പോയിക്കഴിഞ്ഞു; ഒരു പിതാ വില്ലാത്തതിന്റെ ശൂന്യത അച്ചനാണ് മാറ്റുന്നത്, അതുകൊണ്ട് അച്ചനിപ്പോഴെങ്ങും പോക രുത്." ഒരു പിതാവ് നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന അനാഥത്വം, ഒരിക്കലുമൊഴി യാത്ത തീവ്രവേദനയാണെന്നു ആ ദുഃഖത്തി ലൂടെ കടന്നുപോയവർക്കറിയാം. അത്രമേൽ അച്ചനെ സ്നേഹിക്കുന്നവരോടും അച്ചനി ങ്ങനെയേ പറയൂ: "ദൈവത്തിന്റെ ഇഷ്ടം എന്നിൽ നിറവേറാൻ വേണ്ടിയേ നിങ്ങൾ

ണെന്നും ഇത് ഞാൻ പഠിച്ചത് എന്റെ കുടും ബത്തിൽ നിന്നാണെന്നും അച്ചൻ ഓർമിപ്പി ക്കുന്നു. ദൈവഭക്തിയും പ്രാർഥനയും എത്ര പ്രധാനപ്പെട്ടതാണെന്നു ദിവസവും ദിവ്യബലിക്ക് പോകുമ്പോൾ മാതാപിതാക്കൾ പറഞ്ഞു കൊടുത്തിരുന്നു. എട്ടുമക്കളിൽ എട്ടാമനായ കുഞ്ഞിക്കുറുമ്പൻ; അവറാച്ചൻ എന്ന് വിളിപ്പേരുള്ള നമ്മുടെ പള്ളിയച്ചൻ ഈശോസഭാ അംഗങ്ങളായ രണ്ടു അമ്മാ വൻമാരുടെ സ്വാധീനത്തിലാണ് പില്ക്കാ ലത്തു വൈദികനായി മാറിയത്. കുട്ടനാട്ടു കാരനായ അച്ചൻ വൈദികാർഥി ജീവിതം നയിച്ചത് തമിഴ്നാട്ടിലെ ട്രിച്ചി, ഡിണ്ടിഗൽ, കൊടയ്ക്കനാൽ, മറ്റൂര് എന്നിവിടങ്ങളിലാ യിരുന്നു. കണ്ണൂർ പട്ടുവത്തു സുക്കോളച്ച നൊപ്പം കൊച്ചച്ചനായി വൈദികജീവിതത്തിന് '71 ൽ തുടക്കം കുറിച്ചു. തുടർന്ന് സ്നേഹ സേനയുടെ എഡിറ്ററായും റെക്ടറായും സുപ്പീരിയർ ആയുമൊക്കെ സഭയുടെ ചുമത ലകൾ എടുക്കുന്നതോടൊപ്പമാണ് അദ്ദേഹം ജീസസ് യൂത്തിന്റെ ആത്മീയ ഗുരുവായത്.

***ലേഖിക ഡോ. ജിൻസി മാത്യു, കൊച്ചിയിൽ പാലാരിവട്ടത്തുള്ള 'റെയ്നിങ് ട്രീസ്' കൗൺ സിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ സ്ഥാപകയും കൺസൾട്ടന്റ് സൈക്കോളജിസ്റ്റു മാണ്. ഭർത്താവ് സനീഷ് എബ്രാഹം; മകൻ അൽഫോൻസ്. താമസം പാലാരിവട്ടത്ത്.***

> "ദൈവത്തിന്റെ ഇഷ്ടം എന്നിൽ നിറവേറാൻ വേണ്ടിയേ നിങ്ങൾ പ്രാർഥിക്കാവൂ, എന്റെ രോഗശമനത്തിനോ ദീർഘായുസിനോ വേണ്ടിയല്ല നിങ്ങൾ പ്രാർഥിക്കേണ്ടത്."

വളർന്നത്. ചേട്ടാ, ചേച്ചി എന്ന് അഭിസംബോ ധന ചെയ്യാനും സഹോദരസ്നേഹവും കരുതലും പരസ്പരം കൈമാറാനും ആ പിതൃവാത്സല്യം അവരെ പരിശീലിപ്പിച്ചു. ഫാദർ അബ്രഹാം പള്ളിവാതുക്കൽ 'പള്ളിയ ച്ചൻ' ആയതും, പ്രൊഫസർ ഡോക്ടർ എഡ്‌വേർഡ് എടേഴത്ത് 'എഡിച്ചേട്ടൻ' ആയതും, മിസ്റ്റർ ബേബി ചാക്കോ 'ബേബിച്ചാ യൻ' ആയതും പ്രൊഫസർ സി.സി. ആലിസ് കുട്ടി 'ആലീസ് ചേച്ചി' ആയതും, ആരും പറ

പ്രാർഥിക്കാവൂ, എന്റെ രോഗശമനത്തിനോ ദീർഘായുസിനോ വേണ്ടിയല്ല നിങ്ങൾ പ്രാർ ഥിക്കേണ്ടത്."

സ്വതന്ത്രമായി നയിക്കുന്ന പരിശുദ്ധാത്മാ വിന്റെ ശക്തി പ്രാർഥനയിലൂടെ നേടിയാണ് അച്ചൻ ഇക്കണ്ട കാലമത്രെയും ദൈവത്തി ന്റെയും മാനുഷരുടെയും പ്രീതിയിൽ മുന്നോട്ടുനീങ്ങിയത്. വിശുദ്ധ കുർബാനയും കൊന്തയും ഉപവാസവും ആധ്യാത്മിക ലക്ഷ്യത്തിലേക്ക് നയിക്കുന്ന ഉപകരണങ്ങളാ

# ചില ഓർമപ്പെടുത്തലുകൾ

ഒൻപതാം ബാച്ച് ഫുൾടൈമേഴ്സ് ജൂബിലി നിറവിൽ നിൽക്കുമ്പോൾ എല്ലാവർക്കും ദൈവസ്നേഹത്തിന്റെ പരിപൂർണതയിൽ ആയിരിക്കാനും ദൈവമക്കൾ എന്ന സ്വാതന്ത്ര്യവും അവകാശവും പൂർണമായി ഉൾക്കൊള്ളാനും കഴിയട്ടെ എന്നാശംസിക്കുന്നു!

അനുഗ്രഹപൂർണമായ ഒരു കുട്ടിക്കാലമായിരുന്നു എന്റേത്. സ്നേഹം വേണ്ടുവോളം തന്ന അപ്പച്ചനും അമ്മച്ചിയും സഹോദരിമാരും. സാമ്പത്തികമായ വലിയ കെട്ടുറപ്പുള്ളൊരു കുടുംബമല്ലാതിരുന്നിട്ടുപോലും, അല്ലലറിയിക്കാതെ ഒരു മകന്റെ ആഗ്രഹങ്ങളെല്ലാം തങ്ങളാൽ ആവുന്നതുപോലെ നിറവേറ്റിത്തരാൻ ഒരിക്കലും മടികാണിക്കാതിരുന്ന മാതാപിതാക്കൾ, ഫുൾടൈമർ ആകണമെന്ന ഒരിരുപതു വയസുകാരന്റെ ആഗ്രഹവും, അവർക്കത്രത്തോളം പരിചിതമില്ലാതിരുന്നിട്ടുകൂടി അനുവദിച്ചു. അങ്ങനെ രണ്ടായിരാമാണ്ടിൽ എമ്മാവൂസിലെ ഫുൾടൈമേഴ്സ് പരിശീലനത്തിനായി ഞാനും എത്തിച്ചേർന്നു.

കമ്മിറ്റ്മെന്റ് സെറിമണിക്കുശേഷം, എനിക്ക് അതുവരെ കേട്ടുപരിചയം പോലുമില്ലാതിരുന്ന സേലം ആണ് കമ്മിറ്റ്മെന്റ് പ്ലേസ് ആയി കിട്ടിയത്. കേരളത്തിനു പുറത്ത് ഏതെങ്കിലും മെട്രോപൊളിറ്റൻ സിറ്റി പ്രതീക്ഷിച്ചിരുന്ന എനിക്ക് തമിഴ്നാട്ടിലെ ഈ സ്ഥലത്തെ ഉൾക്കൊള്ളാൻ ആദ്യം ബുദ്ധിമുട്ടനുഭവപ്പെട്ടു. പക്ഷേ, അവിടെ ദൈവം എനിക്കായി ഒരുക്കിയ അനുഗ്രഹങ്ങൾ വലുതായിരുന്നു. ഏകദേശം എട്ടു മാസക്കാലം സേലത്തു പാലക്കാടു രൂപതയുടെ കീഴിലുള്ള ഒരു ഇടവകയിൽ സേവനമനുഷ്ഠിച്ചു. കൂടുതൽ പുതിയ കുടുംബങ്ങളെ കണ്ടെത്തി ഇടവകയുടെ ഭാഗമാക്കി മാറ്റാനും കോളേജ് വിദ്യാർഥികൾക്കായി പലവിധ പ്രോഗ്രാമുകൾ ഒരുക്കാനും സ്കൂൾ കുട്ടികൾക്കായി വേദപാഠ ക്ലാസ്സുകൾ തുടങ്ങാനുമൊക്കെ ദൈവം അനുഗ്രഹിച്ചു. ചെറിയ സങ്കടങ്ങളുടെ ദിനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും തൂക്കിനോക്കിയാൽ സന്തോഷം നിറഞ്ഞ ദിനങ്ങളുടെ തട്ട് താണുതന്നെ നിൽക്കും. "ഇതുപോലെ തന്നെ നിങ്ങളും കൽപിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസൻമാരാണ്; കടമ നിർവഹിച്ചതേയുള്ളു എന്നു പറയുവിൻ" (ലൂക്കാ 17, 10); ഫുൾ ടൈമേഴ്സ് ട്രെയിനിങ്ങിനിടയ്ക്ക് മനസ്സിനെ സ്വാധീനിച്ച ഒരു വചനമായിരുന്നു. എന്നിൽ നിക്ഷിപ്തമായ കടമകൾ നിർവഹിച്ചുകൊണ്ട് ഓരോ ദിവസവും ഞാൻ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു.

ഇരുപത്തഞ്ചു വർഷങ്ങൾക്കുശേഷം ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ സമയം പെട്ടന്ന് പോയത് വിശ്വസിക്കാൻപോലും പ്രയാസം തോന്നുന്നു. സേലത്തെ സേവനങ്ങൾക്കുശേഷം എറണാകുളത്തു ചെറിയജോലിയുമായി, തുടർന്നുള്ളൊരു പഠനം എന്നൊന്ന് ആലോചിക്കാതിരുന്ന സമയത്താണ് ആകസ്മികമായി ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗിനു തമിഴ്നാട്ടിൽ വില്ലുപുരത്തൊരു കോളേജിൽ അഡ്മിഷൻ കിട്ടിയത്. തമിഴ്നാട്ടിലെ പഠനവും 13 വർഷക്കാലത്തോളം തമിഴ്നാട്ടിലെ ജോലിയുമൊക്കെ സുഖമമായി പോകാൻ കമ്മിറ്റ്മെന്റ് കാലത്ത് സേലത്തുനിന്ന് കിട്ടിയ അനുഭവങ്ങളും തമിഴ്ഭാഷാ പരിചയവും വളരെ സഹായിച്ചു. എല്ലാം ദൈവം മുൻകൂട്ടി ക്രമീകരിച്ചതായിരുന്നു. ഫുൾടൈമർഷിപ്പിനു ശേഷം പഠനം, ജോലി, വിവാഹം, മക്കൾ, അവരുടെ പഠനം മറ്റു തിരക്കുകൾ അങ്ങനെ നാളുകൾ കടന്നു പോയപ്പോഴും ദൈവസ്നേഹത്തിന്റെ സമൃദ്ധിയിൽ അല്ലലുകളൊന്നും അറിഞ്ഞിരുന്നില്ല. വിശുദ്ധ കുർബാനയിലും മറ്റു ആത്മീയ ശുശ്രൂഷകളിലും പങ്കെടുത്തും കോളേജ് കുട്ടികൾക്കായി ചെയ്ത ജീസസ് യൂത്ത് പ്രോഗ്രാമിന്റെ ഭാഗമായും യേശുവിനോടു ചേർന്നുപോകാൻ ഞാൻ ശ്രമിച്ചു. ധൂർത്തപുത്രന്റെ കഥയിലെ മൂത്തപുത്രനെപ്പോലെ 'എത്ര വർഷമായി ഞാൻ നിനക്കു ദാസ്യവേലചെയ്യുന്നു. ഒരിക്കലും നിന്റെ കൽപന ഞാൻ ലംഘിച്ചിട്ടില്ല' എന്ന് പിതാവിനോട് പറഞ്ഞ, മകനാണോ ഞാനെന്ന് എനിക്ക് തോന്നി.

**ലോകോത്തര നിലവാരത്തിലുള്ള ഒരു യൂണിവേഴ്സിറ്റിയിൽ ജോലിചെയ്തുകൊണ്ടിരിക്കുകയും ചുറ്റും എന്നും ആൾക്കൂട്ടവും തിരക്കുകളും ആയിരുന്നെങ്കിലും വലിയ ഒറ്റപ്പെടൽ അനുഭവിച്ചു.**

കാരണം, ഒരു മകനെന്നപോലെ ഞാൻ ദൈവത്തെ സ്നേഹിക്കുന്നുണ്ടോ, ഒരു പുത്രന്റെ അവകാശത്തിനും പിന്തുടർച്ചയ്ക്കും ഞാൻ യോഗ്യനാണോ എന്ന ചിന്ത എന്റെ സാക്ഷ്യ ജീവിതത്തെക്കുറിച്ചുള്ള ഒരു തേങ്ങലായിരുന്നു.

2017ൽ എന്റെ എല്ലാമെല്ലാമായിരുന്ന അപ്പച്ചൻ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. അപ്പോൾ ഒരു വർഷത്തേക്ക് നാട്ടിൽ തനിച്ചായ അമ്മച്ചിയുടെ കൂടെ ആയിരിക്കാനായി എന്റെ ജീവിത പങ്കാളിയും മക്കളും നാട്ടിലേക്കു പോയി. നിനച്ചിരിക്കാതെ സംഭവിച്ച ആ വിയോഗവും അനാഥത്വ വിചാരവും ഞാനറിയാതെ എന്നിൽ ആത്മീയ വരൾച്ചയുണ്ടാക്കി.

ലോകോത്തര നിലവാരത്തിലുള്ള ഒരു യൂണിവേഴ്സിറ്റിയിൽ ജോലിചെയ്തു കൊണ്ടിരിക്കുകയും ചുറ്റും എന്നും ആൾക്കൂട്ടവും തിരക്കുകളും ആയിരുന്നെങ്കിലും വലിയ ഒറ്റപ്പെടൽ അനുഭവിച്ചു. ഇന്റർനെറ്റ് എനിക്ക് യുക്തിവാദ ചിന്തകളും ദൈവനിഷേധവും പരിചയപ്പെടുത്തി. ഇത്രനാളത്തെ വിശ്വാസങ്ങളെല്ലാം വലിയ വിഡ്ഢിത്തരങ്ങളായിരുന്നോ എന്നോർത്ത് ഒരു നിമിഷം ഞാൻ ലജ്ജിച്ചുപോയി. ഇതുവരെ വിശ്വസിച്ചുവന്ന എല്ലാത്തിനെയും തിരസ്കരിക്കാനും വിമർശിക്കാനും എനിക്ക് തോന്നി. പുതിയ തത്ത്വചിന്തകളും അറിവുകളും മനസ്സിനെ കലുഷിതമാക്കി. പലവിധ അസ്വസ്ഥതകൾ മനസ്സിനെ വല്ലാതെയലട്ടി. എന്തൊക്കെയോ എവിടൊക്കെയോ തെറ്റിപ്പോയില്ലേയെന്നു മനസ്സ് കുറ്റപ്പെടുത്തി. ഒന്നിലും ആശ്വാസം കണ്ടെത്താൻ പറ്റുന്നില്ല എന്നൊരു അവസ്ഥയിൽ എത്തിച്ചേർന്നു. ഞങ്ങൾ കടന്നുപോകുന്ന ഈ ഭീകരാവസ്ഥക്കു കാരണം ഇത്തരം ചിന്തകളും ദൈവവിശ്വാസത്തിൽ നിന്നകന്നു പോയതുമാണെന്നു ഇടയ്ക്കിടയ്ക്ക് ഭാര്യ ജാസ്മിൻ ഓർമപ്പെടുത്തി. അമ്മച്ചി വിശ്വാസ സത്യങ്ങളിൽ മുറുകെ പിടിച്ചു പ്രാർഥിച്ചിരുന്നു. നിറയെ സ്നേഹവും അനുഗ്രഹങ്ങളുമായി ഒപ്പമുണ്ടായിരുന്ന ദൈവപിതാവിനെ വിട്ടോടാൻ ശ്രമിച്ച എന്റെ ദുരവസ്ഥയെ ഓർത്തു ഞാൻ പരിതപിച്ചു. ആ സമയത്തു വെല്ലൂർ സെന്റ് തോമസ് കാത്തലിക് ചർച്ചിലെത്തിയ ഇടവക വികാരി ഫാ. ജോമേഷ് അരങ്ങാശ്ശേരി OFM എന്നെ പള്ളിയിലേക്കും വിശുദ്ധ ബലിയിലേക്കും വീണ്ടും അടുപ്പിച്ചു. കലുഷിതമായിരുന്ന മനസ്സിനു അൽപാൽപം ശാന്തത കൈവരുന്നതറിഞ്ഞു. പ്രാർഥിക്കണമെന്നും തോന്നി തുടങ്ങി. 'പിതാവേ, സ്വർഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്നു വിളിക്കപ്പെടാൻ ഞാനിനി യോഗ്യനല്ല' എന്നേറ്റു പറഞ്ഞുകൊണ്ടു, പാപവും പാപസാഹചര്യങ്ങളെയും ഉപേക്ഷിക്കാനും, കൂടുതൽ ആത്മീയാന്തരീക്ഷത്തിൽ ആയിരിക്കാനും മനസ്സിൽ ആഗ്രഹിച്ചിരുന്ന സമയത്താണ് അപ്രതീക്ഷിതമായി ഒരു ജോലി അവസരം ദൈവം ഞങ്ങൾക്കായി കേരളത്തിൽ ഒരുക്കിയത്.



ലിജോയും കുടുംബവും

ഞാനും ജാസ്മിനും പുതിയ ജോലിയിടത്തിൽ പ്രവേശിച്ചു സന്തോഷത്തോടും സമാധാനത്തോടുംകൂടെ ദൈവിക സ്നേഹം കൂടുതൽ അനുഭവിച്ചു മുന്നോട്ടു പോകുന്നു. "അതുപോലെ തന്നെ അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപത് നീതിമാന്മാരെക്കുറിച്ചു എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ചു സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കാ 15, 7). ഈശോയുടെ ഈ വാക്കുകൾ ഏറെ ആശ്വാസം നൽകുന്നു. ഞങ്ങൾക്കുവേണ്ടി സ്നേഹപൂർവം ദൈവതിരുമുൻപിൽ പ്രാർഥിച്ചു കൊണ്ടിരുന്ന ഫുൾ ടൈമേഴ്സ് ഫാമിലിക്കും മറ്റെല്ലാവർക്കും സമൃദ്ധമായ ദൈവാനുഗ്രഹവും സ്നേഹവും ഉണ്ടാകട്ടെയെന്ന് പ്രാർഥിക്കുന്നു ആശംസിക്കുന്നു.

***ഡോ. ലിജോ വി.പി, വിമൽജ്യോതി എഞ്ചിനീയറിങ് കോളേജ്, കണ്ണൂർ.***

# കഥ തുടരുന്നു..

വിശുദ്ധ ഗ്രന്ഥത്തിലെ ഏറെ പോപ്പുലർ ആയ ക്രൈം സ്റ്റോറി കായേൻ–ആബേൽ സഹോദരന്മാരുടേതാണല്ലോ. കുഞ്ഞുന്നാൾ മുതൽ ഈ സംഭവം ഓരോ പ്രാവശ്യവും കേൾക്കുമ്പോഴും ഞാൻ ഓർക്കും, ഈ കായേൻ എന്തൊരു മണ്ടത്തരമാണ് കാണിച്ചത്, ദൈവത്തിന് കൊടുക്കുമ്പോൾ നല്ലത് കൊടുക്കണോ വേണ്ടയോ എന്ന ചോദ്യത്തിന് ഒരു പ്രസക്തി പോലും ഇല്ലല്ലോ, എന്നിട്ടിവൻ എന്തിനങ്ങനെ ചെയ്തു!? അതും പോരാത്തതിന് പകമൂത്ത് കുഞ്ഞനിയനെ കൊല്ലുകയും ചെയ്യുന്നു. കായേനിന്റെ ഈ പ്രവൃത്തി എന്നെ ബുദ്ധിമുട്ടിക്കുകയും ആബേൽ ചെയ്തതുപോലെ ദൈവത്തിനു നല്ലതേ കൊടുക്കൂ എന്ന് ഞാൻ നിശ്ചയിക്കുകയും ചെയ്തു. വലുതായപ്പോൾ പതിയെ മറ്റൊരു ചോദ്യം എന്റെ മനസ്സിനെ അസ്വസ്ഥപ്പെടുത്താൻ തുടങ്ങി, 'എന്നിട്ട് നീ എന്താണ് ദൈവത്തിനായി കൊടുക്കുന്നത്? ആത്മാവിന്റെ പ്രേരണയിൽ എനിക്ക് ഉത്തരം കിട്ടി, എന്റെ ജീവിതത്തിലെ ഏറ്റവും നല്ലത് – യുവത്വത്തിലെ ഈ സമയം, ആരോഗ്യം, ഈശോയ്ക്ക് കൊടുക്കാം! ഈ ദൈവികതോന്നലിന്റെ ഫലമായിട്ടാണ് ഞാൻ ഫുൾടൈമർഷിപ്പ് പരിശീലനത്തിനായി പോകുന്നത്. ഞാൻ ജനിച്ചതും വളർന്നതുമെല്ലാം കണ്ണൂർ ജില്ലയിലാണ്. ഫുൾടൈമർഷിപ്പിലേക്ക് പോകുന്നതിനു രണ്ടുവർഷം മുന്നേ ഞങ്ങൾ കർണാടകയിലെ ഷിമോഗയിലേക്ക് താമസം മാറിയിരുന്നു.

നാൽപത്തിയൊന്നു ദിവസത്തെ പരിശീലനദിനങ്ങളിൽ മിഷന് പോകാൻ കിട്ടുന്ന സ്ഥലത്തെ കുറിച്ചുള്ള അനവധി സ്വപ്നങ്ങളും ആഗ്രഹങ്ങളും എന്നിൽ വളർത്തിയിരുന്നു. രാജ്യത്തിന്റെ ഏതോ ഒരു കോണിൽ ഭാഷയും, സംസ്കാരവും വ്യത്യസ്തമായ നാട്ടിൽ, ഈശോയെ അറിയാത്ത ഒരു ജനതക്ക് സുവിശേഷമായി കടന്നു ചെല്ലുന്ന എന്നെ ഞാൻ സങ്കല്പിക്കുമായിരുന്നു. ഞാൻ അറിഞ്ഞ ഈശോയെ അവർക്കും പരിചയപ്പെടുത്തണം. അവരും ഈശോയെ അറിയണം. അതിനൊക്കെ എനിക്ക് ഏറ്റവും യോജിച്ച സ്ഥലം ദൈവം തരുന്നത് വിശ്വസിച്ചു സ്വപ്നാടനം നടത്തി. തികച്ചും നിഷ്കളങ്കമായ ആഗ്രഹങ്ങളോടെ പ്രാർഥനയോടെ പ്ലേസ്മെന്റിനുവേണ്ടി ഞാൻ കാത്തിരുന്നു. പരിശീലനത്തിന്റെ അവസാനസമയത്ത് നമുക്ക് പോകേണ്ട സ്ഥലത്തെക്കുറിച്ചു അറിയിപ്പ് കിട്ടി. കണ്ണൂർ സോൺ! ആ നേരത്ത് ഈ അറിയിപ്പിനോട് എന്താ എങ്ങനെയാണ് പ്രത്യുത്തരിക്കേണ്ടതെന്ന് എനിക്ക് യാതൊരു ധാരണയും ഇല്ലായിരുന്നു. എന്തായാലും മനസ്സിൽ പറഞ്ഞു; അതിമനോഹരമായ ദൈവിക തീരുമാനം! അങ്ങനെ രണ്ടുവർഷത്തിനു ശേഷം മാതൃസോണിലേക്ക് ഫുൾടൈമറായി മടങ്ങിയെത്തിയത് സമ്മിശ്ര ചിന്തകളോടെ ആയിരുന്നു.

എന്റെ ഉത്കണ്ഠകളെയെല്ലാം പരിശുദ്ധാത്മാവ് കൃത്യമായി പരിഹരിച്ചു. എന്റെ ചിന്തകൾ മാറിത്തുടങ്ങി; നമ്മുടെ ചുറ്റുപാടിൽ എത്രയോ ആളുകളിലേക്ക് ഈശോയെ കൊടുക്കാനുള്ള സാധ്യതയുണ്ട്, ദൂരദേശത്തേക്ക് പോകുന്നതിന് സമയമായില്ലായിരിക്കും. അങ്ങനെയെങ്കിൽ ആദ്യം സ്വഭവനത്തെയും ദേശത്തെയും ഈശോയ്ക്കുവേണ്ടി നേടാൻ ശ്രമിക്കാം. ബാക്കി ഈശോ നയിച്ചോളും എന്ന ആശയത്തിൽ മനസ്സ് ശാന്തമായി. തിരിഞ്ഞു നോക്കുമ്പോൾ മിഷണറിയായി കണ്ണൂർ സോണിലേക്കുള്ള വരവ് കലക്കി! കിടുക്കി! തിമിർത്തു! ചെയ്ത കാര്യങ്ങളുടെ ഗാംഭീര്യം കൊണ്ടല്ല മറിച്ച്, ഇന്നുകാണുന്ന എന്നെ ഈശോ നേടിയത് അവിടെ നിന്നാണ്. അവിടന്നെന്നെ രൂപപ്പെടുത്തിയ നിലം അതാണ്. ഒരുവർഷത്തെ ശുശ്രൂഷയ്ക്കൊടുവിൽ ഞാൻ ഷിമോഗയിലേക്ക് മടങ്ങിയത് ജീസസ് യൂത്ത് ജീവിതശൈലിയെക്കുറിച്ചും മുന്നേറ്റത്തിന്റെ പ്രവർത്തന രീതിയെയെക്കുറിച്ചുമൊക്കെയുള്ള വ്യക്തമായ അറിവോടെയാണ്. അതാകട്ടെ, പിന്നീട് ജീവിതത്തെ ഗൗരവമായി കാണാനും ഈശോയ്ക്കുവേണ്ടി ഉത്തരവാദിത്വങ്ങളെടുക്കാനും എന്നെ പാകപ്പെടുത്തി. 'വിളവധികം വേലക്കാരോ ചുരുക്കം' എന്ന അവസ്ഥയിലായിരുന്ന എന്റെ സോണിനുവേണ്ടി ഏതുവേലയും ചെയ്യുന്ന പണിക്കാരനാക്കി.

**ഞാൻ കർണാടക കോ-ഓർഡിനേറ്ററായി ഫുൾടൈം ഓടിനടക്കുന്ന ആ സന്ദർഭത്തിൽ എനിക്ക് നല്ല വസ്ത്രങ്ങളോ ചെരുപ്പുപോലുമോ ഇല്ലെന്ന് മനസ്സിലാക്കിയ മൂന്നു കൂട്ടുകാർ..**

ഉത്തരവാദിത്വങ്ങൾ ഏറി വന്നത് എന്നെ പെട്ടന്ന് വളർത്തി. സോണൽ കോ-ഓർഡിനേറ്റർ, കർണാടക റീജിയണൽ കോ-ഓർഡിനേറ്റർ, NFT ഉത്തരവാദിത്വം, പോരാത്തതിന് ഷിമോഗയിൽ നിന്നും വീണ്ടും ബാംഗ്ലൂരിലേക്കുള്ള പറിച്ചുനടൽ, 25 വർഷങ്ങൾ പിന്നിലേക്ക് നോക്കുമ്പോൾ ദൈവം നടത്തിയ വഴികൾ എത്രയോ വ്യത്യസ്തവും അനുഗ്യഹീതവുമാണ്. കുടിയേറ്റവും ഉത്തരവാദിത്ത്വങ്ങളും മുറപോലെ പിന്തുടർന്നപ്പോഴും ദൈവരാജ്യത്തിനായി എന്നാലാവുന്നതു ചെയ്യുക എന്ന ദാഹം അന്നത്തെ പോലെ ഇന്നും ശക്തമായി തുടരുന്നുണ്ട്. എന്നെക്കുറിച്ചുള്ള ദൈവിക പദ്ധതിയുടെ ഭാഗമായിട്ടാണ് ഇക്കാര്യങ്ങളെല്ലാം സംഭവിക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.

അന്നത്തെ ഒരു പറ്റം മിഷണറി കൂട്ടുകാരിൽ പലരെയും പിന്നീട് കാണാൻ എനിക്ക് കഴിഞ്ഞിട്ടില്ല എങ്കിലും ഞങ്ങൾക്കിടയിലെ ആത്മീയ  സൗഹൃദം ഇന്നും നിലനിൽക്കുന്നുണ്ട്.



ബിനോജും കുടുംബവും

അതിനൊരു ഉദാഹരണം മനസ്സിൽ തെളിയുന്നത്, ഞാൻ കർണാടക കോ-ഓർഡിനേറ്റർ ആയി ഫുൾടൈം ഓടിനടക്കുന്ന സന്ദർഭത്തിൽ എനിക്ക് നല്ല വസ്ത്രങ്ങളോ ചെരുപ്പുപോലുമോ ഇല്ലെന്ന് മനസ്സിലാക്കിയ മൂന്നു കൂട്ടുകാർ - ചങ്കായ ഈശോയെ നെഞ്ചോടടുക്കിയ മൂന്ന് ചങ്കത്തികൾ എന്നുതന്നെ പറയണം, എന്നെ കാണാൻ വരുന്നത് നിറയെ വസ്ത്രങ്ങളും ചെരുപ്പും ഒക്കെ വാങ്ങിയാണ്. വാസ്തവത്തിൽ അവർ ബാംഗ്ളൂരിൽ ജോലിക്കായി വന്നതാണ്. ജോലിയിൽ പ്രവേശിച്ചയുടനെ തന്നെയാണ് അവർ ഇതു ചെയ്യുന്നതും. ജോലിചെയ്ത പൈസക്ക് അവർ അവർക്കായി എന്തെങ്കിലും വാങ്ങിയ ശേഷമാണോ എനിക്കുവേണ്ടി ഇതൊക്കെ ചെയ്തതെന്നുപോലും ഞാൻ കരുതുന്നില്ല. അങ്ങനെയുള്ള കൂട്ടുകാരിൽനിന്നുള്ള നിരവധി അനുഭവങ്ങൾ മനസ്സിൽ മായാതെ നിൽക്കുന്നു.

കർത്താവിന്റെ വഴികൾ വിസ്മയവാഹമാണെന്നുള്ളതിന്റെ ഏറ്റവും ഒടുവിലത്തെ അനുഭവം, ഞങ്ങളുടെ ജൂബിലി പ്രമാണിച്ചു ഞാൻ ഇപ്പോൾ കെയ്റോസിനുവേണ്ടി ഈ കുറിപ്പെഴുതുന്നത് ഫിൻലൻഡ് എന്ന രാജ്യത്തിരുന്നാണ് എന്നുള്ളതാണ്. ദൂരെദേശത്തു പോയി അവിടത്തേയ്ക്ക് സാക്ഷിയായി ജീവിക്കാൻ അവിടന്ന് നിശ്ചയിച്ച സമയമായി. കുടുംബത്തോടൊപ്പം ഇവിടേയ്ക്ക് വന്നിട്ട് കേവലം 4 മാസമാകുന്നതേയുള്ളു. ദൈവത്തോട് ജീവിതകാലം മുഴുവൻ നീളുന്ന പ്രതിബദ്ധതയുള്ള എനിക്ക് ഇവിടെയും എന്റേത് മാത്രമായ ദൗത്യം കർത്താവ് കരുതി വച്ചിരിക്കുന്നുണ്ടെന്നുറപ്പാണ്. അതനുസരിച്ചു മുന്നേറുകയാണ് ഇനി ലക്ഷ്യം. പ്രാർഥനയോടെ ഞാൻ ഒരുങ്ങുകയാണ്. എന്നെ ഇത്രയധികം രൂപപ്പെടുത്തുന്ന ഈശോയുടെ സ്നേഹത്തിന് നന്ദിയല്ലാതെ എന്തു പറയണം!

***ബിനോജ്: മുൻ നാഷണൽ ഫോർമേഷൻ കോ-ഓർഡിനേറ്റർ, ഇന്ത്യ. ഭാര്യ: സോഫിയ, മക്കൾ: ഇവ ആൻ, ജീവ റോസ്, ജോഷ്വാ. കുടുംബസമേതം ഫിൻലൻഡിലെ ഹെൽസിങ്കിയിൽ താമസിക്കുന്നു.***

# ഹൃദയം ജ്വലിക്കട്ടെ..

ഒരു വൈദിക വിദ്യാർഥിയുടെ പരിശീലന കാലഘട്ടത്തിൽ അജപാലന അനുഭവത്തിനുവേണ്ടിയുള്ള സമയമാണ് റീജൻസി. 2000ത്തിലാണ് ഞാൻ ആ ഫോർമേഷനിലൂടെ കടന്നുപോയത്. എന്റെ റീജൻസി ഡയറക്ടർ ആയിരുന്ന ഫാ. അലക്സ് വിരുതകുളങ്ങര CSsR, ഫുൾടൈമർഷിപ്പ് ട്രെയിനിങ്ങിനു പോകാൻ താത്പര്യമുണ്ടോ എന്നെന്നോട് ചോദിച്ചു. ഒരു വിമുഖതയുമില്ലാതെ യെസ് പറയാൻ എനിക്ക് സാധിച്ചു. അങ്ങനെയാണ് ഞാൻ ഒൻപതാം ബാച്ച് ഫുൾടൈമേഴ്സിന്റെ ഭാഗമാകുന്നത്. യേശുക്രിസ്തുവിനെ അഗാധമായി സ്നേഹിക്കുകയും ആ വിശ്വാസത്തിൽ വളരാൻ ഉത്സാഹമുള്ളവരുമായ 52 യുവ സഹോദരങ്ങളോടൊപ്പം 40 ദിവസം പരിശീലനത്തിന്റെ ഓർമകൾ എനിക്ക് വളരെ വിശേഷപ്പെട്ടതാണ്. നമ്മുടെ തീക്ഷ്ണത ഉജ്ജ്വലിപ്പിക്കുന്ന ആ അനുഭവങ്ങൾ ഒരു വൈദികനായി റെഡെംപ്റ്ററിസ്റ്റ് (Congregation of the Most Holy Redeemer/Redemptorists) സഭയിൽ എന്റെ ദൈവവിളിക്ക് പ്രത്യുത്തരമേകാൻ സഹായിച്ചു .

എന്റെ വൈദിക ജീവിതത്തിന്റെ ഭൂരിഭാഗവും വൈദികാർഥികളുടെ പരിശീലന ചുമതലയിലായിരുന്നു. മനോഹരമായി വൈദികവൃത്തിചെയ്യുന്ന എന്റെ കോൺഗ്രിഗേഷനിലെ അനേകം നല്ല പുരോഹിതൻമാർ എന്റെ കൈകളിലൂടെ വളർന്നുവെന്നത് എനിക്ക് വളരെ ചാരിതാർഥ്യമുള്ള നേട്ടമാണ്. എമ്മാവൂസിലെ നാൽപതു ദിവസത്തെ ജീവിതം വൈദികവിദ്യാർഥികളുടെ പരിശീലകനായി മാറുന്നതിൽ എന്നെ ഏറെ സഹായിച്ചുവെന്നതു വാസ്തവമാണ്. ലൂക്കാസുവിശേഷത്തിൽ എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാർക്ക് ഒരു ക്രിസ്തുശിഷ്യന്റെ ജീവിതലക്ഷ്യവും വ്യക്തതയും ഉണ്ടായ അനുഭവത്തെക്കുറിച്ചു പറയുന്നുണ്ടല്ലോ (ലൂക്ക 24, 13-34). യേശു തന്നെയായിരുന്നു അവരുടെകൂടെ സഞ്ചരിച്ച് വിശുദ്ധലിഖിതം വിശദീകരിച്ചു സംസാരിച്ചതും അവരുടെ ഹൃദയം ദൈവസ്നേഹത്താൽ ജ്വലിപ്പിച്ചതും. സമാനമായ ഒരു എമ്മാവൂസ് യാത്രയായിരുന്നു ആ 9th ബാച്ച് അനുഭവങ്ങൾ നൽകിയതെന്ന് എനിക്കുറപ്പാണ്.

ഇന്നലെകളിലേയ്ക്ക് തിരിഞ്ഞു നോക്കാനും ആദ്യാനുഭവങ്ങളിൽനിന്നു പ്രചോദനമുൾക്കൊണ്ട് നമ്മുടെ പ്രതിബദ്ധതയിൽ നവീകരിക്കപ്പെടാനും നവോന്മേഷമുള്ളവരാകാനുള്ള ആഹ്വാനമാണ് എല്ലാ ജൂബിലിയാഘോഷങ്ങളും. നമ്മുടെ ജീവിതത്തിലും ധാരാളം നവീകരണ സാധ്യതകൾ ഈ ജൂബിലി നമുക്ക് നൽകുമെന്നാണ് എന്റെ പ്രതീക്ഷ. എന്റെ എല്ലാ സുഹൃത്തുക്കൾക്കും ജൂബിലിയുടെ നന്മകളും അനുഗ്രഹങ്ങളും നേരുന്നു.



*ഫാ. പോളി കണ്ണമ്പുഴ CSsR, ലിഗോരി പ്രൊവിൻസ് ഇന്ത്യയുടെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സേവനം ചെയ്യുന്നു.*

# ദൈവം ഞങ്ങളെ ഉപകരണങ്ങളാക്കി

1993–1995 കാലഘട്ടത്തിൽ മാർ ഇവാനിയോസ് കോളേജിൽ പ്രീഡിഗ്രി പഠിക്കുമ്പോളാണ് ജീസസ് യൂത്തിനെക്കുറിച്ചും ഫുൾടൈമേഴ്സിനെക്കുറിച്ചും ഞാൻ കേട്ടുതുടങ്ങുന്നത്. ജീസസ് യൂത്ത് ചേട്ടന്മാരുടെയും ചേച്ചിമാരുടെയും സ്നേഹവും വാത്സല്യവും എന്നെ ഏറെ സ്വാധീനിച്ചിരുന്നു. പിന്നീട് പയ്യന്നൂരിൽ പോളിടെക്നിക്കിൽ പഠിക്കുമ്പോഴും ഹോസ്റ്റലിലും കോളേജിലുമൊക്കെ ദൈവ സ്നേഹത്തിന്റെ മാതൃകയായി തീരാൻ ഞാൻ ശ്രമിച്ചു. ഹോസ്റ്റലേഴ്സിന്റെ ഇടയിലും കൂട്ടുകാരുടെ ഇടയിലും തമ്പുരാന്റെ വചനം മുറുകെ പിടിക്കുന്ന ഒരു ജീവിതം നയിക്കാൻ ജീസസ് യൂത്ത് ബന്ധം എന്നെ സഹായിച്ചു. പ്രത്യേകിച്ച് എല്ലാദിവസവും വി. കുർബാനയിൽ പങ്കെടുക്കുക, വ്യക്തിപരമായി പ്രാർഥിക്കുക, വചനം പഠിക്കുക ഇവയൊക്കെ ശീലമാക്കാൻ അവർ എനിക്ക് കരുത്തേകി. എന്നാലപ്പോഴൊന്നും ഒരു ഫുൾടൈമർ ആകണമെന്ന് എനിക്ക് ആഗ്രഹമില്ലായിരുന്നു. പക്ഷേ, ആറാം ബാച്ചിൽ എന്റെ ചേച്ചി ഫുൾടൈമർ ആയി. BSC നഴ്സിംഗ് കഴിഞ്ഞു കമ്മിറ്റ്മെന്റ് എടുക്കാൻ ചേച്ചിയെടുത്ത വെല്ലുവിളിയും പിന്നീട് ചേച്ചിയുടെ ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടലുകളും അനുഗ്രഹങ്ങളും വളരെ ശ്രദ്ധേയമായ കാര്യമായിരുന്നു. ഞാൻ ജോലി തേടി ഡൽഹിക്ക് പോയി, രണ്ടു വർഷം അവിടെ ജോലിചെയ്തു. അക്കാലത്തുള്ള ജീസസ് യൂത്ത് പ്രവർത്തനങ്ങൾ എനിക്ക് മിഷണറി സ്വപ്നങ്ങൾ നൽകി, അതിനുശേഷമാണു ഫുൾടൈമർഷിപ്പിനെപ്പറ്റി ചിന്തിക്കുന്നതും ട്രെയ്നിങ്ങിനു പോകുന്നതും.




എനിക്ക് കമ്മിറ്റ്മെന്റ് കിട്ടിയത് ജമ്മുവിലായിരുന്നു. ആദ്യമായായിരുന്നു ഫുൾടൈമേഴ്സ് അവിടെ എത്തുന്നത്. അവിടെ ഞങ്ങൾക്ക് വലിയ സ്വീകാര്യത കിട്ടി. ഹിന്ദിയും ഇംഗ്ലീഷും തട്ടിമുട്ടിപ്പറയുന്ന ഞാൻ കുഞ്ഞു കുഞ്ഞു കാര്യങ്ങൾ അവിടെ ഈശോയ്ക്കുവേണ്ടി ചെയ്തു. ഒരു ചെറിയ സ്കൂളിൽ പഠിപ്പിക്കുക, ഗ്രാമങ്ങളിൽ പോയി അവിടത്തെ സാധാരണ ആളുകളോട് ദൈവത്തെപ്പറ്റി പറയുക, യുവജനങ്ങളെ ഒരുമിച്ചുകൂട്ടി അവരെ വളർത്തുക ഇതൊക്കെയായിരുന്നു സഭയോടുചേർന്നുള്ള അവിടത്തെ ഞങ്ങളുടെ പ്രവർത്തനങ്ങൾ. തമ്പുരാനോട് കൂടുതൽ അടുക്കാനും കൂദാശകളിൽ അടിയുറച്ചു ജീവിക്കാനും എനിക്ക് പരിശീലനം കിട്ടുന്നത് അവിടെ വച്ചാണ്. ജീസസ് യൂത്തും ഫുൾടൈമേഴ്സുമായി ചേർന്നുള്ള ബന്ധവും പിന്നീടുള്ള എന്റെ ജീവിതത്തിൽ ഒരനുഗ്രഹമായിരുന്നു. തുടർന്ന് ജോലിതേടി ഞാൻ ബാംഗളൂർ എത്തുമ്പോൾ എന്റെ ലോക്കൽ ഗാർഡിയൻ കണ്ണൂരുകാരൻ കൊട്ടാരം ബിജു ചേട്ടനായിരുന്നു. എന്നെ ഹോസ്റ്റലിൽ ചേർത്തത് കാസർകോട്ടുകാരൻ ജസ്റ്റിൻ ചേട്ടനായിരുന്നു. എന്റെ കുടുംബത്തിന്റെ കുറവറിയിക്കാതെ എന്നെ വഴിനടത്താൻ ദൈവം ആളുകളെ ഒരുക്കി നിറുത്തിയിരുന്നു.

ഞാൻ വിവാഹം കഴിച്ചത് 4th ബാച്ച് ഫുൾടൈമർ സുനിലിനെയാണ്. കുടുംബിനിയായാണ് എന്റെ സുവിശേഷജീവിതം മുന്നോട്ട് പോയത്. നല്ല അമ്മയായും സഹോദരിയായും മരുമകളായും മനോഹരമായി ജീവിക്കുന്നതിൽ ഞാൻ സന്തോഷം കണ്ടെത്തി. ജീസസ് യൂത്ത് പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ അക്കാലത്തു സാധിച്ചില്ല. ഞങ്ങൾക്ക് ദാനമായി കിട്ടിയ ഏഴുമക്കളും കണ്ണുകാണാത്ത 98 വയസുള്ള അമ്മച്ചിയെയും പരിപാലിക്കാനുള്ള കൃപ നൽകി, കുടുംബങ്ങൾക്കും സമൂഹത്തിനും ഒരു മാതൃകയായി ദൈവം ഞങ്ങളെ മാറ്റി. ചെറിയ രീതിയിലെ കൃഷിയും കാര്യങ്ങളുമൊക്കെയായി ഞങ്ങൾക്ക് ഒരു കുറവുമില്ലാതെ തൃപ്തിയോടെ ജീവിക്കാൻ സാധിക്കുന്നത് എനിക്ക് ലഭിച്ച ഫുൾടൈമർഷിപ് ഫോർമേഷനിലൂടെയാണ്. പാലക്കാട്ട് ഫാമിലി മിനിസ്ട്രിയോടുചേർന്ന് സജീവമായി പ്രവർത്തിക്കാൻ ദൈവം ഞങ്ങളെ ഉപകരണങ്ങളാക്കി.

***ജ്യോതി, ഭർത്താവ് സുനിലിനോടും മക്കളോടുമൊപ്പം പാലക്കാട് താമസിക്കുന്നു.***



കഥ: സെറീൻ ഏയ്ഞ്ചൽ

# സ്നാക്സ് ബോക്സ്





അമ്മുക്കുട്ടി എൽ.കെ.ജി.യിൽ പഠിക്കുന്നു. പ്രായം 5 വയസ്സ്. ക്ലാസ്സിൽ പോകാൻ എന്നും രാവിലെ വലിയ ഉത്സാഹമാണ്. യൂണിഫോമൊക്കെയിട്ട് മുടി രണ്ടുവശത്ത് പിന്നിക്കെട്ടി, ഷൂസൊക്കെയിട്ട് മുതുകത്ത് ബാഗും തൂക്കി കൈയിൽ ലഞ്ച് ബാഗും പിടിച്ച് പപ്പയുടെ കൂടെ എന്നും രാവിലെ സ്കൂളിലേക്ക് പോകും. സ്കൂളിൽ കൊണ്ടുചെന്ന് ആക്കിയതിനുശേഷം പിന്നീട് വൈകിട്ട് മൂന്നര മണിക്കാണ് ക്ലാസ്സ് വിടുന്നത്.

സ്കൂൾ വിട്ടുകഴിഞ്ഞാലും ഒരു അരമണിക്കൂറെങ്കിലും സ്കൂളിലെ കുട്ടികൾക്കായുള്ള പാർക്കിൽ കളിച്ചതിനുശേഷമാണ് തിരികെ പോരുന്നത്. അന്നേരം കളിക്കാൻ ധാരാളം കുട്ടികൾ ഉണ്ടാകും. കളികൾക്കിടയിൽ അമ്മുക്കുട്ടി അവളുടെ കൂട്ടുകാരെ ഓരോരുത്തരെയും ചൂണ്ടിക്കാണിച്ച് പപ്പയോട് പേരുകൾ പറയും. കളികൾക്കിടയിൽ ക്ഷീണിച്ച് പപ്പയ്ക്കരികിൽ എത്തിയപ്പോൾ, സ്നാക്സ് കഴിച്ചിട്ട് ഇനിയെന്തെങ്കിലും ബാക്കിയുണ്ടോയെന്ന് പപ്പ ചോദിച്ചു. സ്നാക്സ് ബോക്സ് തുറന്ന് കാണിച്ച് മുഴുവൻ തീർന്നുപോയെന്നും അമ്മുക്കുട്ടി ഒന്നും കഴിച്ചില്ല എന്നും അവൾ പറഞ്ഞു. കാര്യം തിരക്കിയപ്പോഴാണ് വിവരം പറയുന്നത്. ക്ലാസ്സിൽ സ്നാക്സിന്റെ സമയത്ത് കൂടെയുള്ള കൂട്ടുകാർ വന്ന് സ്നാക്സ് ചോദിക്കുമ്പോൾ അവൾ അത് ഓരോരുത്തർക്കായി എടുത്തു കൊടുക്കും. തീർന്നു കഴിയുമ്പോൾ അമ്മുക്കുട്ടിക്ക് കഴിക്കാൻ ഉണ്ടാവില്ല. ആരുടെയെങ്കിലും കൈയിൽനിന്ന് വാങ്ങിച്ച് കഴിക്കാനും അമ്മുക്കുട്ടിക്കു ശീലമില്ല. അതിനു മെനക്കെടാറുമില്ല. പപ്പ അവളോടുകാര്യം പറഞ്ഞ് മനസ്സിലാക്കി. എല്ലാ കുട്ടികളും സ്നാക്സ് കൊണ്ടുവരുന്നതല്ലേ, അമ്മു കഴിച്ചശേഷം കൊടുത്താൽ മതിയെന്ന്. അവൾ തലയാട്ടി സമ്മതിച്ചു.


പിന്നീട് മറ്റൊരു ദിവസം ഇതേപോലെ വീണ്ടും ചോദിച്ചപ്പോഴാണ് ഇടയ്ക്കിടെ കൂട്ടുകാർക്ക് സ്നാക്സ് നൽകുമെന്നും അവൾക്ക് കിട്ടാറില്ലായെന്നും അവൾ പറയുന്നത്. എന്തായാലും പപ്പയ്ക്കും വിവരങ്ങളറിഞ്ഞ അമ്മയ്ക്കും സങ്കടത്തേക്കാൾ ഉപരി സന്തോഷമാണുണ്ടായത്. മറ്റുള്ളവർക്ക് നൽകാനുള്ള മനസ്സും ആഗ്രഹവുമൊക്കെ കുഞ്ഞുനാൾ മുതലേ അമ്മുക്കുട്ടിക്ക് ലഭിച്ചതിനെയോർത്ത് അവർ ദൈവത്തിനു നന്ദി പറഞ്ഞു. എങ്കിലും കുഞ്ഞാണല്ലോ എന്ന് കരുതി സ്നാക്സ് കഴിച്ചതിനുശേഷം കൂട്ടുകാർക്ക് കൊടുത്താൽ മതിയെന്ന് അവർ അമ്മുവിനെ പറഞ്ഞു മനസ്സിലാക്കി.

നൽകുന്നതിൽ മാത്രമല്ല അമ്മുവിന് താത്പര്യം. ഹോം വർക്ക് എന്തെങ്കിലും എഴുതുവാൻ കൊടുത്തിട്ടുണ്ടെങ്കിൽ വീട്ടിൽ വന്നതിനുശേഷം അതെല്ലാം തന്നെയെഴുതണം എന്നാണ് അമ്മുവിന്റെ ആഗ്രഹം. എഴുതുകയും ചെയ്യും. ഇഷ്ടപ്പെട്ട ഹോബി, കളറിംഗ് ബുക്കിൽ കളർ ചെയ്യുന്നതാണ്. ഇടയ്ക്കിടെ പടം വരക്കാനുള്ള ബുക്കും ക്രയോൺസും വാങ്ങിച്ചു കൊടുക്കണം, ഇല്ലെങ്കിൽ പപ്പയെ അതിനായി ഇടയ്ക്കിടെ അമ്മു ഓർമിപ്പിച്ചുകൊണ്ടിരിക്കും.

സ്കൂളിലെ ആഘോഷങ്ങളുടെ ഭാഗമായി കുട്ടികൾ ഒരുമിച്ച് ഡാൻസ് ചെയ്തപ്പോൾ അമ്മുവിന്റെ ചടുലമായ നൃത്തച്ചുവടുകൾ കണ്ട് പപ്പയും അമ്മയും അന്തം വിട്ടു. വീട്ടിൽ എന്തെങ്കിലുമൊക്കെ കാണിക്കുമെങ്കിലും ഇത്രയും നന്നായി സ്കൂളിൽ ഡാൻസ് കളിച്ചത് അവരെ അത്ഭുതപ്പെടുത്തി. സ്കൂളിൽ ഡാൻസ് ടീച്ചർ അവരെ പഠിപ്പിക്കുന്നുണ്ടത്രേ.

പപ്പമാരും അമ്മമാരും കുട്ടികളെ വഴക്കു പറയരുതെന്നും കുട്ടികൾ പറയുന്ന കാര്യങ്ങളൊക്കെ വാങ്ങിച്ചു കൊടുക്കണമെന്നും കുട്ടികൾ പറയുന്നത് മാതാപിതാക്കൾ അനുസരിക്കണമെന്നും ഒക്കെയാണ് മാതാപിതാക്കൾക്കുള്ള അമ്മുവിന്റെ ഉപദേശം.





ഫ്രം ദി ഹാർട്ട് - ഡോ. എഡ്വേർഡ് എടേഴത്ത്

# പഴമയും പുതുമയും സമന്വയിപ്പിക്കുക, അതൊരു കലയാണ്





വർഷങ്ങൾക്കുമുമ്പ് എന്റെ മൂത്ത മകൻ വിവാഹത്തിന് ഒരുങ്ങിയപ്പോൾ അവന്റെ ആഗ്രഹം ഇതായിരുന്നു, ചടങ്ങുകളെല്ലാം പരമ്പരാഗത രീതിയിൽ വേണം. അവൻ നല്ലൊരു ലത്തീൻ ഗായകസംഘത്തെ കണ്ടെത്തി, ശാന്തമായ ഒരു പള്ളിയിൽ എല്ലാം ക്രമീകരിച്ചു. ചടങ്ങിന്റെ പാട്ടുപുസ്തകം എത്തിയപ്പോൾ ഞാൻ ഒന്ന് കണ്ണോടിച്ചു നോക്കി. എല്ലാം ലത്തീൻ ഗാനങ്ങൾ. പക്ഷേ, അതിൽ കുറേ തെറ്റുകൾ ഉണ്ടായിരുന്നു. ഞാൻ അവ തിരുത്താനും തുടങ്ങി. എനിക്ക് പഴയ ലത്തീൻ ആരാധനാ ക്രമം സുപരിചിതമാണ് എന്നത് അവനെ ആശ്ചര്യപ്പെടുത്തി. "ജീസസ് യൂത്തിന് ലത്തീൻ പാട്ടുകൾ അറിയാമോ?" അവന്റെ പ്രതികരണത്തിൽ എനിക്ക് അത്ഭുതമില്ലായിരുന്നു. കരിസ്മാറ്റിക് ആത്മീയതയിലുള്ള എന്റെ പശ്ചാത്തലം കണക്കിലെടുത്ത്, ഞാൻ ലത്തീൻ പാട്ടുകൾ പോലെയുള്ള പഴയ രീതികളെ വിലമതിക്കുമെന്ന് അവൻ പ്രതീക്ഷിച്ചില്ല.

യുവാക്കൾ പഴയതിനെയെല്ലാം തള്ളിപ്പറയുന്ന ഒരു യുഗത്തിലാണ് ഞാൻ വളർന്നുവന്നത്. മറ്റു പല മേഖലയിലും എന്നപോലെ ആധ്യാത്മിക കാര്യങ്ങളിലും സ്വാതന്ത്ര്യത്തിനും പുതുമയ്ക്കുമായിരുന്നു ഊന്നൽ. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ സമീപനത്തിന് ഏറെ പ്രോത്സാഹനം നൽകി. അതിനിടെ കടന്നുവന്ന കരിസ്മാറ്റിക് നവീകരണം ദൈവാത്മാവിന്റെ പ്രവർത്തനത്തിന് ഊന്നൽ നൽകിയതിനൊപ്പം അനുഭവവേദ്യമായ പ്രാർഥനാ രൂപങ്ങൾ യുവജനങ്ങളെ പരിചയപ്പെടുത്തി. അച്ചടിച്ച ജപങ്ങൾ തിരസ്കരിച്ചതിനൊപ്പം സ്വയംപ്രേരിത പ്രാർഥന, ജനപങ്കാളിത്തം വളർത്തുന്ന ബലിയർപ്പണം, സൗഹൃദ വേദികളായ പ്രാർഥനാ ഗ്രൂപ്പുകൾ, കളിയും ചിരിയും ഒക്കെ സംയോജിപ്പിച്ച വിശ്വാസ പരിശീലനം തുടങ്ങിയ പുതുവഴികൾ ആധ്യാത്മിക മേഖലയെ മാറ്റിമറിച്ചു. പരമ്പരാഗത രീതികളെയും ആചാരാനുഷ്ഠാനങ്ങളെയും തിരസ്കരിക്കാൻ ആഗ്രഹിച്ച ഇളം തലമുറയ്ക്ക് ഇതെല്ലാം സ്വാതന്ത്ര്യത്തിന്റെ കുളിർ കാറ്റായിരുന്നു. അതോടൊപ്പം ആരാധനാ ക്രമത്തിൽ അമിത സ്വാതന്ത്ര്യം എടുക്കുന്ന ആളുകളെ കുറിച്ചുള്ള റിപ്പോർട്ടുകൾ അനേകർക്ക് ഏറെ അസ്വസ്ഥതയും സൃഷ്ടിച്ചിരുന്നു.

> ജപമാല കഴുത്തിൽ അണിയുന്ന, മുട്ടുകുത്തി കുർബാന സ്വീകരിക്കുന്ന, കാനോന നമസ്കാരം ഇഷ്ടപ്പെട്ടു ചൊല്ലുന്ന അങ്ങനെ പാരമ്പര്യ രീതികളിലേക്ക് മടക്കം ആഗ്രഹിക്കുന്ന അനേക യുവജനങ്ങളെ ഇന്ന് കാണാം.

പെൻഡുലം ഒരറ്റത്ത് എത്തിയാൽ പിന്നെ മറുവശത്തേയ്ക്ക് പോകണമല്ലോ. ഒരു തലമുറ പാരമ്പര്യത്തെ നിരസിക്കുമ്പോൾ, അടുത്തത് അതിനെ താത്പര്യപൂർവം സ്വീകരിക്കും. ആത്മീയതയിലും സമാനമായ എന്തോ സംഭവിച്ചിട്ടുണ്ട്. പലയിടങ്ങളിലും പഴമയിലേക്കുള്ള ഒരു മടക്കം ഞാൻ കാണുന്നു. ജപമാല കഴുത്തിൽ അണിയുന്ന, മുട്ടുകുത്തി കുർബാന സ്വീകരിക്കുന്ന, കാനോന നമസ്കാരം ഇഷ്ടപ്പെട്ടു ചൊല്ലുന്ന അങ്ങനെ പാരമ്പര്യ രീതികളിലേക്ക് മടക്കം ആഗ്രഹിക്കുന്ന അനേക യുവജനങ്ങളെ ഇന്ന് കാണാം. കുർബാനയുടെ പരിപാവനത കുറക്കാതിരിക്കാൻ അതിനിടെ അടുത്തു നിൽക്കുന്നവർക്ക് സമാധാനം ആശംസിക്കാൻ പോലും ചിലർ മടിക്കുന്നു.

കഴിഞ്ഞയിടെ ഇപ്രകാരം ഒരു കുർബാനയ്ക്കിടെ മുതിർന്നവർ പുഞ്ചിരിയോടെ പരസ്പരം സമാധാനം ആശംസിക്കുമ്പോൾ പല ചെറുപ്പക്കാരും ഏറെ ഭക്തിയോടെ കൈകൂപ്പി മാത്രം നിൽക്കുന്നത് കണ്ടു. ദിവ്യബലിക്കുശേഷം, എന്റെ സുഹൃത്ത് ജോസഫ് ഏറെ സന്തോഷത്തോടെ പറഞ്ഞു, "ഇന്നത്തെ യുവാക്കളുടെ വിശ്വാസ തീക്ഷ്ണത എത്ര ആവേശകരമാണല്ലേ? ഒട്ടും മായം ചേർക്കാത്ത ഒരു ക്രിസ്തീയതയാണ് അവർ ആഗ്രഹിക്കുന്നത്." എന്നാൽ, ഇതിനോടുള്ള എന്റെ പ്രതികരണം മറിച്ചായിരുന്നു. "ഈ മനോഭാവം അത്ര ലളിതമാണോ എന്ന് ഞാൻ സംശയിക്കുന്നു." ഏതായാലും അതൊരു നീണ്ട ചർച്ചയുടെ തുടക്കമായിരുന്നു.

## മിഷണറി മനോഭാവം

ഞാൻ ജോസഫിനോട് പറഞ്ഞു, പുതുമയോ പഴമയോ ഏതാണ് മെച്ചം എന്ന് തർക്കിച്ചിട്ട് വലിയ കാര്യമില്ല. എന്റെ താത്പര്യം ജീസസ് യൂത്തിൽ നമുക്കുവേണ്ട മനോഭാവത്തെ കുറിച്ചാണ്. മുന്നേറ്റത്തിലെ നല്ല കത്തോലിക്കാ മിഷണറി ശിഷ്യർ ഇതിനെ എങ്ങനെ സമീപിക്കണം? തീർച്ചയായും ഒരു മധ്യമാർഗമാണ് നല്ലത്. അതായത് പഴമയുടെയും നവീകരണത്തിന്റെയും സന്തോഷകരമായ ഒരു സമന്വയം. ഇത് വെറും ഒരു താത്വിക വിഷയമല്ല, മറിച്ച് ജീവിതത്തിലും മറ്റ് ദൈനംദിന വേദികളിലും ജീസസ് യൂത്ത് അഭിമുഖീകരിക്കുന്ന ഒരു സുപ്രധാന വെല്ലുവിളിയാണ് ഈ സമന്വയം.

ഇതിന് ഒരു നല്ല ഉദാഹരണം ജീസസ് യൂത്ത് പ്രാർഥനയുടെ രൂപീകരണ വഴിയാണ്. സഭയുടെ പ്രധാന പ്രാർഥന രീതിയാണു കാനോന നമസ്കാരം. നൂറ്റാണ്ടുകൾ പഴക്കമുള്ള യഹൂദ, ക്രൈസ്തവ പാരമ്പര്യങ്ങളിൽ വേരൂന്നിയ പ്രാർഥനാ രീതിയാണ്. അത് വേണ്ടരീതിയിൽ പരിചയപ്പെടുത്തിയാൽ യുവാക്കൾക്കത് ഏറെ ആകർഷകമാണ്. ഇതിൽ നിന്നും വ്യത്യസ്തമായ മറ്റൊരു പ്രാർഥന ശൈലിയാണ് കരിസ്മാറ്റിക് നവീകരണം മുന്നോട്ടു വച്ചത്. സ്വയംപ്രേരിത രീതികളും കൂട്ടായ്മയും ഒക്കെ ഒത്തിണങ്ങുന്ന ഈ നവീന രീതി ഒരു മിഷണറി ഉണർവ് നൽകുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഇതെല്ലാം ഒത്തുവരുന്ന ജെ.വൈ പ്രാർഥന പഴമയും പുതുമയും ഒന്നിക്കുന്ന ഒരനുഭവം കൂടിയാണ്.

പഴമയുടെ രീതികൾ അടുത്തറിയുന്നവർ അതിൽ ആകൃഷ്ടരാകുന്നതിന് പ്രധാന കാരണം അവയുടെ ചിട്ടയും മനോഹാരിതയുമാണ്. കാലം മാറ്റുരച്ച ആ രീതികൾ അത് നുകരുന്നവർക്ക് ആഴവും പരപ്പും പ്രദാനം ചെയ്യും. യേശുവിന്റെ വാക്കുകൾ തന്നെ അതിന് സാക്ഷ്യം: "പഴയ വീഞ്ഞ് കുടിച്ചശേഷം ആരും പുതിയത് ആഗ്രഹിക്കുന്നില്ല" (ലൂക്കാ 5, 39).

എഡ്ഡീ, നമ്മുടെ കൊച്ചച്ചന് കുറേ ആവേശമുണ്ട്. പക്ഷേ, ഒരു കാര്യം ഞാൻ പറയാം. ഈ ചെറുപ്പക്കാരൊന്നും നന്നാകില്ല. എന്റെ നീണ്ട അനുഭവത്തിൽ നിന്ന് പറയുന്നതാണ്.

എന്നാൽ, പഴമയോടുള്ള താത്പര്യം നമ്മെ പഴഞ്ചൻ ആക്കരുതല്ലോ. എന്നും പുതുമയും ആനുകാലിക പ്രസക്തിയുമുള്ള സുവിശേഷം ഇക്കാലത്ത് ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുകയാണല്ലോ നമ്മുടെ വെല്ലുവിളി. ക്രിസ്തീയത പഴയ ഓർമകളും ഇന്നലെകളെ പറ്റിയുള്ള വീമ്പിളക്കലും അല്ല. മറിച്ച് ചുറ്റുപാടും കണ്ണോടിച്ച് ഈ കാലത്തിന്റെ സൂചനകൾ വ്യാഖ്യാനിക്കലാണ് (ലൂക്കാ 12, 56). വി. ജോൺ 23 പാപ്പ 'അജ്യോർണമെന്തോ' അല്ലെങ്കിൽ ഇന്നത്തെ മാറ്റങ്ങൾക്ക് ഒപ്പമെത്തുക എന്ന് പറഞ്ഞപ്പോൾ സൂചിപ്പിച്ചത് ഈ നവീകരണമാണ്. ക്രിസ്ത്യാനിക്ക് വേരുകൾ പ്രധാനമാണ് ഒപ്പം ഇന്നിന് അനുയോജ്യമായ ഫലം പുറപ്പെടുവിക്കുന്നതും.

## നമ്മുടെ ചായ്‌വ് സൂക്ഷിക്കണം

പുതുമയും ഇന്നിന്റെ ശൈലിയുമെല്ലാം പാടെ തള്ളിപ്പറയുന്ന അനേകരെ കണ്ടിട്ടുണ്ട്. വർഷങ്ങൾക്കുമുമ്പ് ഒരു കത്തീഡ്രൽ ഇടവകയിലെ കൊച്ചച്ചന്റെ താത്പര്യത്തിൽ എല്ലാ ആദ്യ ഞായറാഴ്ചയും അവിടത്തെ ചെറുപ്പക്കാരുമായി സംവദിക്കാൻ പോകുമായിരുന്നു. എനിക്കൊപ്പം കുറച്ച് ജെ.വൈ സുഹൃത്തുക്കളും ഉണ്ടാകും. പരിപാടികൾ രസകരമായിരുന്നു, അവിടെ സാവധാനം നല്ലൊരു യുവജന കൂട്ടായ്മയും രൂപപ്പെട്ടു. പക്ഷേ, അവിടത്തെ പ്രായമുള്ള വികാരിയച്ചൻ എന്നോട് സ്വകാര്യം പറയുമായിരുന്നു: "എഡ്ഡി, നമ്മുടെ കൊച്ചച്ചന് കുറേ ആവേശമുണ്ട്; പക്ഷേ ഒരു കാര്യം ഞാൻ പറയാം. ഈ ചെറുപ്പക്കാരൊന്നും നന്നാകില്ല. എന്റെ നീണ്ട അനുഭവത്തിൽ നിന്ന് പറയുന്നതാണ്."

ഒരു നല്ല മിഷണറി, പഴമയിൽ ശാശ്വതവും സുന്ദരവുമായത് ഇഷ്ടപ്പെടണം ഒപ്പം താൻ സേവിക്കുന്ന ആളുകളുടെ ഭാഷയും സംസ്കാരവും സ്വായത്തമാക്കണം. അതുകൊണ്ടുതന്നെ ഒരു നല്ല ജീസസ് യൂത്ത് കത്തോലിക്കാ പാരമ്പര്യത്തിന്റെ ആഴത്തിലേക്ക് അവരുടെ കണ്ണും കാതും ഹൃദയവും തുറക്കണം, ഒപ്പം കാലഹരണപ്പെട്ട രീതികളിൽ കുടുങ്ങി പോകരുത്. ഇന്നത്തെ യുവാക്കളുടെ ജീവിതം, ഭാഷ, ശൈലി തുടങ്ങിയവയോട് രമ്യപ്പെടണം. നമ്മുടെ വിളി ലോകത്തിലായിരിക്കുക എന്നതാണ്; പക്ഷേ, നാം ലൗകികരാകരുത്. ഈ ലോകം കടന്നുപോകുന്നു, എന്നാൽ, ഇവിടെ ഈ കാലയളവിൽ സമൃദ്ധിയിൽ ജീവിക്കാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്, അങ്ങനെ നമ്മിലൂടെ പരിശുദ്ധാത്മാവ് ഭൂമിയുടെ മുഖം നവീകരിക്കുന്നു. യേശുവിന്റെ വാക്കുകളിൽ: "സ്വർഗരാജ്യത്തിന്റെ ശിഷ്യനായിത്തീർന്ന ഓരോ നിയമജ്ഞനും തന്റെ നിക്ഷേപത്തിൽനിന്ന് പുതിയതും പഴയതും പുറത്തെടുക്കുന്ന ഒരു വീട്ടുടമസ്ഥനു തുല്യൻ" (മത്താ 13, 52).

പാരമ്പര്യ വാദത്തിന്റെ പോരായ്മ അനുസ്മരിപ്പിക്കുന്ന ഒരു ഉദ്ധരണി: 'പാരമ്പര്യം മരിച്ചവരുടെ ജീവനുള്ള വിശ്വാസമാണ്; എന്നാൽ, പാരമ്പര്യവാദം ജീവിച്ചിരിക്കുന്നവരുടെ മരിച്ച വിശ്വാസമാണ്. പാരമ്പര്യം ഭൂതകാലവുമായി സംവാദത്തിൽ ജീവിക്കുന്നു, എന്നാൽ, നാം എവിടെയാണ്, എപ്പോഴാണ് എന്ന് മറക്കാതെ, ഒപ്പം തീരുമാനമെടുക്കേണ്ടത് നമ്മളാണെന്നും ഓർത്തുകൊണ്ട്. പരിശുദ്ധാത്മാവ് ഓർമകൾ ഉണർത്തി പാരമ്പര്യം കെട്ടിപ്പടുക്കുന്നു, അതോടൊപ്പം പുതിയതും സുന്ദരവുമായ കാര്യങ്ങൾക്ക് ഇന്ന് തുടക്കം കുറിക്കാൻ പ്രചോദനം നൽകുകയും ചെയ്യുന്നു. ഇതുതന്നെയല്ലേ യഥാർഥ ജീസസ് യൂത്ത് ദൗത്യവും? അതായത് രണ്ട് ലോകങ്ങളിലെയും മികവുറ്റതെല്ലാം ഒരുമിച്ചുചേർത്തു വളർത്തുക, പഴയതും പുതിയതും പുറത്തെടുത്ത് ക്രിസ്തുവിൽ ക്രമീകരിച്ച് ഭൂമിയുടെ മുഖം പുതുതാക്കുക.

എന്റെ സ്നേഹിതനോട് ഞാൻ പറഞ്ഞുനിറുത്തിയത് ഇങ്ങനെയാണ്, "പഴമയെ സ്നേഹിക്കാൻ മാത്രം യുവാക്കളെ വെല്ലുവിളിച്ചാൽ പോരാ. അതിനുമപ്പുറം ഇന്നത്തെ കാലത്തിന് അനുയോജ്യരായി ജീവിക്കാനും ഈ യുഗത്തിന്റെ ഭാഷയിൽ യേശുവിന്റെ സുവിശേഷം പങ്കുവയ്ക്കാനുംകൂടെ നമ്മൾ അവരെ സജ്ജരാക്കണം."

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***



പാഥേയം - ബോണി ചെല്ലാനം

# ദൈവമേ, ഞങ്ങളെ ശല്യപ്പെടുത്തുക!



നിസ്സാരമായി കരുതി ഉപേക്ഷിച്ചുകളയേണ്ടതല്ല ജീവിതം. വിലയില്ലാത്ത ഒരു പാഴ്‌വസ്തുവുമല്ല ജീവിതം. ദൈവം പാഴ്‌വേല ചെയ്യാറില്ല. ഓരോ ജന്മവും വിലയേറിയതാണ്, അമൂല്യമാണ്. ഓരോരുത്തർക്കും ഈ ഭൂമിയിൽ അവർക്കുമാത്രം ചെയ്തുതീർക്കേണ്ട കാര്യങ്ങളുണ്ട്. ആ ദൗത്യം തീർക്കാൻ മറ്റാർക്കും കഴിയില്ല. "നാം ദൈവത്തിന്റെ കരവേലയാണ്, നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്" (എഫേ 2, 10).

ദൈവം ഓരോ മനുഷ്യനെയും സൃഷ്ടിച്ചു കഴിയുമ്പോൾ അവനെ സൃഷ്ടിക്കാൻ ഉണ്ടാക്കിയ മൂശ തകർത്തുകളയുന്നു എന്നൊരു ചിന്തയുണ്ട്. എന്റെ രൂപവും കഴിവുകളും ദൗത്യവുമായി ഞാൻ മാത്രം. ഓരോ ദിനവും ദൈവദാനമായ ജീവിതം മെച്ചപ്പെടുത്തണം. അപ്പോഴാണ് മനുഷ്യജീവിതം ദൈവമഹത്ത്വത്തിനു കാരണമാകുന്നത്. അതാണ് ദൈവം ആഗ്രഹിക്കുന്നത്.

മെക്സിക്കൻ കവിയായ അമാടോ നേർവോ എഴുതിയ പ്രാർഥന അർഥവത്താണ്:

ഞാൻ വെറും തീപ്പൊരി, നീയെന്നെ ഒരു സ്നേഹജ്വാലയാക്കുക

ഞാൻ വെറും തന്ത്രി, നീയെന്നെ ഒരു സ്നേഹവല്ലകിയാക്കുക

ഞാൻ വെറും ചിതൽപുറ്റ്, നീയെന്നെയൊരു സ്നേഹശൈലമാക്കുക

ഞാൻ വെറും തൂവൽ, നീ എന്നെ ഒരു സ്നേഹച്ചിറകാക്കുക

ഞാൻ വെറും മഴത്തുള്ളി, നീയെന്നെ ഒരു സ്നേഹക്കടലാക്കുക

ആയിരിക്കുന്ന അവസ്ഥയിൽ സുഖമായിരിക്കുക എന്നതാണ് മനുഷ്യന്റെ സ്വാഭാവിക പ്രവണത. ജീവിതത്തെ പിടിച്ചു കുലുക്കുന്ന അനുഭവങ്ങൾ നാം പ്രതീക്ഷിക്കുന്നതല്ല. അപ്രതീക്ഷിതമായി സംഭവിക്കുമ്പോൾ നമ്മൾ പരിഭ്രമിക്കുകയുംചെയ്യും. അങ്ങനെയൊന്നും സംഭവിക്കാതിരിക്കട്ടെ എന്നാണ് നമ്മുടെ ആഗ്രഹം. അതിനായി നാം പ്രാർഥിക്കുകയും ചെയ്യുന്നു. എന്നാൽ, ജീവിതത്തിൽ ആത്മീയ മുന്നേറ്റത്തിലേക്കും ധൈര്യപൂർവമായ പിടിച്ചുനിൽപിലേക്കും നമ്മെ നയിക്കുന്ന പ്രസിദ്ധമായ പ്രാർഥന ദൈവത്തോട് അപേക്ഷിക്കുന്നത് മറ്റൊരു തരത്തിലാണ്.

ഞങ്ങളെ ശല്യപ്പെടുത്തുക ദൈവമേ, ശല്യപ്പെടുത്തുക. ഞങ്ങളുടെ കപ്പൽ സുരക്ഷിതമായി എത്തിച്ചേരുന്നു. കാരണം തീരത്ത് കൂടെയാണ് ഞങ്ങൾ സഞ്ചരിക്കുന്നത്. ഞങ്ങളുടെ സ്വപ്നങ്ങൾ നിറവേറ്റപ്പെടുന്നു കാരണം, തീരെ കുറച്ചു മാത്രമേ ഞങ്ങൾ സ്വപ്നം കാണുന്നുള്ളൂ. ദൈവമേ ഞങ്ങളെ ശല്യപ്പെടുത്തുക.





**കവർസ്റ്റോറി - എൽസീന ജോസഫ്**




# ന്യൂജെൻ ആണോ ന്യൂജീവൻ ആണോ?

## ജെൻ-സി യും ന്യൂജെനുമൊക്ക സഭയ്ക്കാരാണ്? ഇത്രയേ പറയാനുള്ളൂ, അവർ സഭയുടെ കരുത്തും ലോകത്തിന്റെ പ്രതീക്ഷയുമത്രേ !

കാലം മാറുന്നു, തലമുറ മാറുന്നു, ചിന്തകളും ജീവിതശൈലിയും മാറുന്നു. ഇന്നത്തെ 'ന്യൂജെൻ' കുട്ടികളെ നോക്കി, അതുവരെ മുതിർന്നവർ പറഞ്ഞത് – 'ഒരു നശിച്ച തലമുറയിവിടെ വളർന്നു വരുന്നുണ്ട്", 'ഇവരെ പിടിച്ചുകെട്ടാനാവില്ല' എന്നൊക്കെയായിരുന്നു. കേട്ട കുത്തുവാക്കുകൾ അത്രയും ശരിയെന്ന് സമ്മതിച്ചും, മറുപടി അർഹിക്കുന്നേയില്ല എന്നമട്ടിൽ പ്രതികരിക്കാതെയും അവർ നിന്നു. 2018 ആഗസ്റ്റ് വരെ ! ഒരുമഹാദുരന്തത്തെ ഇങ്ങനെയൊക്കെ ആസ്വദിക്കാമോ എന്നുചോദിച്ചാൽ ഈ ന്യുജെൻ പറയും 'കേട്ട ദുരന്ത വർത്തമാനങ്ങളെ വച്ചുനോക്കുമ്പോൾ ഇതൊരു നല്ല അവസരമായിരുന്നു. ഞങ്ങൾ ഇല്ലെങ്കിൽ കാണാമായിരുന്നു;..' അവിടെയും ഇവിടെയുമായി കുടുങ്ങിക്കിടന്നവരെ കിട്ടിയത് മൈക്ക് വച്ചുള്ള അറിയിപ്പുകൊണ്ടോ ടെലിഫോൺ സന്ദേശം കൊണ്ടോ ഒന്നും അല്ലായിരുന്നു, ഗൂഗിൾ മാപ്പും സോഷ്യൽ മീഡിയ വഴിയുള്ള ലൊക്കേഷൻ ഷെയറിങ്ങും കൊണ്ടുതന്നെയാണ്... ദുരിതവും ദാരിദ്ര്യവും ഒന്നുപോലെ വേട്ടയാടിയപ്പോൾ സംസ്ഥാനമൊട്ടാകെ ഒന്നുചേർന്ന് നടത്തിയ അവശ്യസാധനകളുടെ ശേഖരണവും വിതരണവും സാധിച്ചത് ന്യൂജനറേഷൻ കുട്ടികളുടെ അവസരോചിതമായ ഇടപെടൽ കൊണ്ടായിരുന്നു.. അതാണ് 'ടൈമിംഗ്" എന്ന് പറഞ്ഞാൽ.. അപാരം തന്നെ! ഫലമോ കേരളം വീണ്ടെടുത്തു.. ബോബി ജോസ് അച്ചന്റെ വാക്കുകൾ കടമെടുത്താൽ പൊട്ടിയ പൂപാത്രം കണക്കെ ചിതറിപ്പോയ ചുറ്റുവട്ടത്തിനു വീണ്ടെടുപ്പ് സാധ്യമായി – ന്യൂ ജനറേഷൻ മുത്താണ്.. ഒടുവിൽ സമ്മതിക്കേണ്ടി വന്നു.

### സമൂഹമാധ്യമങ്ങൾ വെറുമൊരു വിനോദമല്ല

പിന്നീട് കണ്ടത് ഇവരുടെ വസന്തകാലമാണ്. പ്രളയം ഒഴിഞ്ഞപ്പോൾ മഹാവ്യാധി കോവിഡ് വന്നു. റീൽസും യൂട്യൂബും നോക്കി കുമ്പിട്ടിരുന്ന് വെറും കുമ്പിടികളായി മാറാതെ അവർ വീണ്ടും സജീവമായി. പട്ടിണിയിൽ പൂട്ടിപ്പോയ എത്രയോ വീടുകൾ യൂട്യൂബിലെ വരുമാനംകൊണ്ട് കരതൊട്ടു. വിദ്യാഭ്യാസം, ജോലി, സാമൂഹിക പ്രവർത്തനങ്ങൾ തുടങ്ങി അനവധി നല്ല ഇടപെടലുകൾ തന്നെ സമൂഹമാധ്യമങ്ങൾ വഴി നടത്തി. സുഹൃത്തിന്റെ രോഗചികിത്സയ്ക്കായി ഓൺലൈനിലൂടെ ധനശേഖരണം നടത്താനും, നാലുചുവരുകൾക്കുള്ളിൽ ഒറ്റപ്പെട്ടിരുന്നപ്പോഴും വിവരങ്ങളും ആശയങ്ങളും ഒക്കെ കൈമാറാനും വൈറൽ ആക്കാനുമൊക്കെ, ഇവരുടെ സമൂഹമാധ്യമ ഇടപെടലിലൂടെ സാധിതമായി.



### അനീതിക്കെതിരെ ശബ്ദമുയർത്തൽ

സൈബർ ബുള്ളിയിങ്, അധിക്ഷേപം, അഴിമതി – എല്ലാത്തിനോടും അവർ പ്രതികരിക്കുന്നുണ്ട്. സോഷ്യൽ മീഡിയ വഴി ക്യാമ്പയിനുകൾ നടത്തുന്നു. വിനോദ മാധ്യമ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ തുറന്നടിച്ച 'മി ടൂ' ക്യാമ്പയിന് ലഭിച്ച പ്രതികരണം ന്യൂജനറേഷന്റെ പ്രതികരണവും പ്രതിഷേ



ധവും സ്വാർഥമല്ല എന്നുതന്നെയാണ് അടിവരയിടുന്നത്; അത് സത്യത്തിനുവേണ്ടിയുള്ള നിലപാടാണ്. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8, 32) എന്ന വചനത്തിന് അഗ്നിപകരാൻ കെല്പുള്ളവരാണ് അവർ.

## സഭയുടെ സമ്പത്താണിവർ

"യുവത്വം സഭയുടെ ഇന്നും നാളെയും ആണ്" വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ പറഞ്ഞ വാക്കുകൾ ഇന്നത്തെ ന്യൂജെൻ തലമുറയെ നോക്കുമ്പോൾ അന്വർഥമായി തോന്നുന്നു. പുറമേ നിന്ന് നോക്കുമ്പോൾ അവർ വ്യത്യസ്തർ എന്നാണ് തോന്നുക. പക്ഷേ, അടുത്തു ചെന്നുനോക്കുമ്പോൾ, സഭയ്ക്കും സമൂഹത്തിനും വലിയൊരു അനുഗ്രഹമായി തീർന്നേക്കാവുന്ന പല നല്ല ഗുണങ്ങളും ഇവരുടെ ഇടയിൽ വിരിയുന്നുണ്ട്. പോയ അഞ്ചു വർഷത്തിനിടയിൽ ഓൺലൈൻ പ്രയർ മീറ്റിംഗുകളും, ബൈബിൾ ഷെയറിങ്ങുകളും – ജീസസ് യൂത്തിനെ സംബന്ധിച്ചിടത്തോളം ഫോർമേഷൻ പ്രോഗ്രാമുകൾ അടക്കമുള്ളവ – തുടങ്ങിയ എത്രയെത്ര ആത്മീയ ഇടപെടലുകൾ ഇവിടെ നടന്നു. ഒരിക്കൽ പള്ളി പരിസരത്ത് മാത്രം നടന്നിരുന്ന 'യുവജന സംഗമം' ഇന്ന് Instagram Live വഴിയും നടക്കുന്നു.

സുവിശേഷ വിതരണത്തിന് യുവാക്കൾ സാമൂഹ്യ മാധ്യമങ്ങളെ പുതിയ വേദിയാക്കുന്ന വിപ്ലവമാണ് നമ്മൾ കണ്ടത്. കൃത്യനേരത്താണ് അവർക്കൊരു സ്വർഗീയ വെളിച്ചം/മാതൃക പിറന്നതും – കാർലോ അക്വിറ്റസ് എന്ന കൗമാരക്കാരൻ. ഇന്നദ്ദേഹം വിശുദ്ധ കാർലോ അക്വിറ്റസ് ആണ്. ന്യുജനറേഷനും ജെൻ സീ ക്കുമൊപ്പം പിൻതലമുറയും സ്വർഗത്തിലേക്ക് നോക്കി ഹൈ–ഫൈ അടിക്കാനും ലൈവായി 'ഹേ ഡ്യൂഡ്! അപ്പനോട് ഇക്കാര്യം കൂടി പറഞ്ഞേക്കണേ' തുടങ്ങി തികച്ചും ലളിതമായ ഇന്റർസെഷൻ റിക്വസ്റ്റ് വരെ എത്തി കാര്യങ്ങൾ.. 'ഓക്കേ ബ്രോ' എന്ന മറുപടി കേട്ട് അവർ ഉള്ളാലെ ചിരിച്ചിരിക്കണം.

ചാർളി കിർക്കിനെ ലോകമേറ്റെടുത്തതും അദ്ദേഹത്തിന്റെ ദൈവരാജ്യ – സാമൂഹ്യ പ്രവർത്തനങ്ങളെ ലോകമെമ്പാടും എത്തിച്ചതും സോഷ്യൽ മീഡിയ എന്ന സാധ്യതയാണ്. താനറിഞ്ഞ ക്രിസ്തുവിനെ യുവാക്കൾക്ക് പരിചയപ്പെടുത്തിയത് ഈ സാധ്യത വഴിയാണ്. കുറച്ചുകൂടി മനോഹരമായി പറഞ്ഞാൽ ന്യൂജനറേഷന് അമേരിക്കവരെ


**പുറമേ നിന്ന് നോക്കുമ്പോൾ അവർ വ്യത്യസ്തർ എന്നാണ് തോന്നുക. പക്ഷേ, അടുത്തു ചെന്നുനോക്കുമ്പോൾ, സഭയ്ക്കും സമൂഹത്തിനും വലിയൊരു അനുഗ്രഹമായി തീർന്നേക്കാവുന്ന പല നല്ല ഗുണങ്ങളും ഇവരുടെ ഇടയിൽ വിരിയുന്നുണ്ട്.**

പോയി ചാർളിയെ കാണാനോ മനസാന്തരപ്പെടാനോ അസാധ്യമായിരുന്നിടത്താണ് ക്രിസ്തുവിന്റെ സൗന്ദര്യവും സുവിശേഷത്തിന്റെ സാക്ഷ്യവും സമൂഹമാധ്യമങ്ങളിൽ നിന്നും അവർ അറിഞ്ഞത്. ജീവനറ്റ അദ്ദേഹത്തിന്റെ പക്കലേക്ക് ഒഴുകിയെത്തിയ ഓൺലൈൻ തീർഥാടകരുടെ കൂട്ടത്തിൽ മുന്നിൽ ഉണ്ടാവുക കുത്തിയും തോണ്ടിയും നേരം കളയുന്നതിനെ നിശിതമായി വിമർശിച്ച ഡീസന്റ് തലമുറക്കാരായിരിക്കണം.

നയന്റീസ് തന്തവൈബ് തൊട്ട് മുകളിലേക്കുള്ളവരോട് ഒരുകാര്യം സൂചിപ്പിക്കാം: അടുത്തിടെ കണ്ട നേപ്പാൾ വെറും സൂചനമാത്രമാണ്, ചാർളി കിർക്ക് മഹത്തായ മാതൃകയും കാർലോ ബ്രോ അടിപൊളി മധ്യസ്ഥനുമാണ്. ഈ പിള്ളേര് പൊളിക്കും. ഇപ്പോ കൂടെ കൂടിയില്ലേൽ ഉറപ്പായും നിങ്ങൾ സീനിൽ നിന്നും എന്നേക്കുമായി ഔട്ടാകും. മറക്കണ്ട പിള്ളേര് പൊളിയാണ്.

***എൽസീന ജോസഫ്: ഗവേഷക വിദ്യാർഥിനി, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.***

# ഓ ജെൻസി, GEN Z!



**പുതുപുത്തൻ തലമുറയെ കുറിച്ചാണ് ഇപ്പോൾ സംസാരം. എന്തിനും പോന്ന തലമുറ. വേണമെങ്കിൽ ലോകത്തെ കിഴ്മേൽ മറിക്കാനും തയ്യാറാണവർ, പ്രതിബന്ധങ്ങളുണ്ടെങ്കിലും. അവരെയറിയാം.**



**കവർസ്റ്റോറി - ഡോ. ചാക്കോച്ചൻ ഞാവള്ളിൽ**

യങ് ആൻഡ് ഫൂളിഷ് (young and foolish) എന്നൊക്കെ വിളിച്ച് പരിഹസിച്ചിരുന്ന കാലത്തുനിന്ന് ചെറുപ്പക്കാരും കുട്ടികളുംപോലും പ്രതിഭയുടെ അടിസ്ഥാനത്തിൽ ഏറെ ആദരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്ന ജെൻസി (Generation Z) കാലഘട്ടമാണിത്. അനുഭവസമ്പത്തും പക്വതയും പ്രായവുമൊക്കെയുള്ള നിങ്ങൾ മാറി നിൽക്ക്, ഈ കാലഘട്ടത്തിനുവേണ്ട സിദ്ധികളൊക്കെ ആവോളം കൈവശമുള്ളവർ ഞങ്ങളല്ലേ എന്നതാണവരുടെ അവകാശവാദം.

എന്തായാലും 'ജെൻസി'യാണിപ്പോഴത്തെ താരം. എഴുത്തുകാരൊക്കെ ജെൻസി മാഹാത്മ്യവും അവരുടെ പ്രത്യേകതകളുമൊക്കെ വർണിക്കുന്ന തിരക്കിലാണ്. ഇക്കാലത്തെങ്ങാനുമൊക്കെ ജനിച്ചു ജീവിച്ചാൽ മതിയായിരുന്നെന്ന് ബാക്കിയെല്ലാവർക്കും തോന്നിപ്പോകുന്ന ഒരു കാലഘട്ടം. കുട്ടികൾ അടങ്ങിയൊതുങ്ങിയിരുന്ന് മുതിർന്നവർ പറയുന്നതുകേട്ട് നടന്നോണം എന്നു കേട്ടുവളർന്നു വലുതായ തലമുറയിപ്പോൾ 'ജെൻസി'യോടൊത്ത് സമാധാനപരമായെങ്ങനെ ജീവിക്കാം എന്ന അന്വേഷണത്തിലാണ്. ഇപ്പോഴത്തെ അപ്പനമ്മമാരുടെ കാര്യം ശരിക്കും കഷ്ടം തന്നെ. അവരുടെ കുട്ടിക്കാലത്ത് വീട്ടിലെ പ്രമാണികൾ മാതാപിതാക്കളായിരുന്നു. അവർ മാതാപിതാക്കളായപ്പോൾ എല്ലാം തിരിഞ്ഞു. ഇപ്പോൾ എല്ലായിടത്തും പ്രാധാന്യം ലഭിക്കുന്നത് കുട്ടികൾക്കും യുവാക്കൾക്കുമാണ്. ഒരു ധ്യാന പ്രസംഗകൻ സരസമായി പറഞ്ഞതുപോലെ അന്ന് വീട്ടിൽ വറക്കുന്ന മീനിന്റെ നല്ല കഷണം അപ്പനുള്ളതായിരുന്നു. ഇപ്പോഴിതാ തിരിച്ചും. ഇപ്പോഴത്തെ മാതാപിതാക്കൾക്ക് അന്നും ഇന്നും നല്ല പീസില്ല.

കറുത്തവർ, ഉണ്ടപ്പക്രൂ എന്നുള്ള വാക്കുകളൊന്നും ജെൻസി യുടെ ഡിക്ഷ്ണറിയിലില്ല. അങ്ങനെയെങ്ങാനും പറഞ്ഞു കേട്ടാൽ നിങ്ങളെന്തേ ബോഡി ഷയിമിങ് നടത്തുന്നതെന്ന് അവർ കോപിക്കും. വഴക്കിനും വക്കാണത്തിനുമവർ വരാനിടയില്ല, പക്ഷേ, മനസ്സിലവർ നിങ്ങൾക്ക് മാർക്കിടുകയും എഴുതിതള്ളുകയും ചെയ്തിട്ടുണ്ടാവും. റബർ കൃഷിയുടെ നാടായ കാഞ്ഞിരപ്പള്ളിയിലെ ജെൻസികൾ പോലും ആവർത്തന കൃഷിക്ക് വേണ്ടി റബർമരം വെട്ടിമാറ്റുന്നതിനെ ആഗോള താപനമെന്ന ഗ്ലോബൽ വാമിങ്ങിന് കാരണമാകുന്ന കിരാത പ്രവൃത്തിയായാണ് കാണുന്നത്.

കലോറി കണക്കുകൂട്ടലൊക്കെ നടത്തി ആരോഗ്യ കാര്യത്തിലൊക്കെ ശ്രദ്ധയുള്ളവരാണ് ജെൻസി. അക്കൂട്ടത്തിലൊരണ്ണം നിതാന്ത സഹചാരിയായ ഫോൺ കൈയിലെടുക്കാതെയാണ് ഒരു ദിവസം തൊഴിൽ സ്ഥാപനത്തിലെത്തിയത്. വൈകിട്ട് തിരിച്ചെത്തി ഫോൺ പരിശോധിച്ചപ്പോൾ ചില വെളിപാടുകളുണ്ടായി. അന്ന് ആകെയുള്ള മിസ്ഡ് കോൾ ഒന്ന്. അത് സുഹൃത്തിനെക്കൊണ്ട് ഫോൺ എവിടെയെന്നറിയാൻ താൻ തന്നെ വിളിപ്പിച്ചത്. പിന്നെയൊരാളുടെ ഗുഡ് മോണിങ് മെസേജ് മാത്രം. മറ്റുള്ളവർക്ക് നമ്മളെ നിരന്തരം ബന്ധപ്പെടാൻ ഫോൺ അത്യാവശ്യമാണെന്ന അന്ധവിശ്വാസം പൊളിഞ്ഞ് പാളീസായി. എത്ര ദൂരം നടന്നു എന്ന് രേഖപ്പെടുത്തുന്ന ആപ്പ് നോക്കിയപ്പോൾ ഞെട്ടൽ. ദിവസം മുഴുവനും പലവിധ കാര്യങ്ങളുമായി ഓടിപ്പാഞ്ഞ് നടന്നിട്ടും ഏതാനും മീറ്ററുകൾ മാത്രം. ഫോൺ കൈയിൽ കൊണ്ടുനടന്നാലല്ലേ, നടക്കൽ അളക്കുന്ന ആപ്പിനത് രേഖപ്പെടുത്താനാവൂ എന്ന ബോധം ജെൻസിക്കുണ്ടാകാൻ മറ്റൊരാളുടെ സഹായം വേണ്ടി വന്നു.

ജെൻസിക്കാരോട് കണക്റ്റ് ചെയ്യാനുള്ള കത്തോലിക്കാ സഭയുടെ ശ്രമങ്ങളുടെ ഭാഗമാണ് കമ്പ്യൂട്ടറിൽ കളിച്ചു കൊണ്ടിരുന്ന കാർലോ അക്യുട്ടിസ് എന്ന പയ്യനെയും, മലകയറ്റവും ട്രെക്കിങ്ങുമൊക്കെ ഹരമായി കൊണ്ടു നടന്നിരുന്ന പിയർ ജോർജിയോ ഫ്രസാത്തിയെയുമൊക്കെ വിശുദ്ധരാക്കിയതിലൂടെ ചെയ്യുന്നതെന്ന് ഏതോ ഒരു ഓൺലൈൻ കുശുമ്പുകാരൻ പറയുന്നതു കേട്ടു. ചില രാഷ്ട്രീയ പാർട്ടികൾക്ക് ഓരോ ദിവസവും ഓരോ നയം എന്നു പറയുന്നതു പോലെ, അന്നന്നത്തെ ട്രെൻഡ് നോക്കി ടപ്പേയെന്ന് ആരെയും വിശുദ്ധരാക്കുന്ന പരിപാടിയൊന്നും കത്തോലിക്കാ സഭയ്ക്കില്ലെന്ന് മറുപടി കൊടുക്കേണ്ടതുണ്ട്. മരിയ ഗൊരേത്തി, ഡോമിനിക് സാവിയോ, സർക്കസും മാജിക്കുമൊക്കെ കാണിച്ച് കൂട്ടുകാരെ അമ്പരപ്പിച്ചിരുന്ന ഡോൺ ബോസ്‌ക്കോയുമൊക്കെ 'ജെൻസി' വിശുദ്ധർ തന്നെയായിരുന്നല്ലോ. അതിനുമപ്പുറത്ത് ഗോലിയാത്തിനെ മലർത്തിയടിച്ച ദാവീദും, ചേട്ടന്മാർ കാശു വാങ്ങിച്ച് വിറ്റ ജോസഫും, സിംഹത്തിന്റെ കൂടെയൊക്കെ താമസമാക്കിയ ദാനിയേലും, പുരുഷന്മാരെയെല്ലാം അമ്പരപ്പിച്ചു കൊണ്ട് ഇസ്രായേലിനെ രക്ഷപ്പെടുത്തിയ എസ്തേറും, യൂദിത്തുമൊക്കെ 'ജെൻസി' വൈബുകാർ തന്നെയല്ലേ !?

പന്ത്രണ്ട് വയസ്സിനപ്പുറമുള്ള പ്രാഭവം പ്രകടിപ്പിച്ചൊരു സംഭവം നടന്നത് ജറുസലം ദേവാലയത്തിലാണ്. അറിവും വിവരവുമുള്ള നേതാക്കന്മാരോടും അധികാരികളോടും ചാറ്റ് ജിപിറ്റിയും ജെമിനിയുമില്ലാതെ കാമ്പുള്ള ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ പറയുകയും ചെയ്തവൻ. ഞാനെന്റെ അപ്പൻ ഏല്പിച്ച ജോലിയൊക്കെ ചെയ്യണ്ടേ എന്നുള്ള ചോദ്യമാണ്, കരച്ചിലും സെന്റിമെന്റ്സുമൊക്കെ ഉണ്ടാകേണ്ട പുനസമാഗമ വേദിയിലുണ്ടായത്. എന്നിട്ട് ഒന്നുമറിയാത്തതുപോലെ കൂടെപ്പോയി. ഒരു കിടുക്കാച്ചി 'ജെൻസി' തന്നെ !!


1980കളുടെ തുടക്കത്തിൽ കേരളത്തിൽ ആരംഭം കുറിക്കപ്പെട്ട ജീസസ് യൂത്ത് എന്ന മുന്നേറ്റമിന്ന് നാല്പതിലധികം രാജ്യങ്ങളിൽ സാന്നിധ്യമറിയിച്ചിട്ടുണ്ടെന്നാണ് പറഞ്ഞു കേൾക്കുന്നത്. അന്നത്തെയും ഇന്നത്തെയും 'ജെൻസി'കളോട് ഫലപ്രദമായി സംവദിക്കാൻ കഴിയുന്നതുകൊണ്ടാകണം അതിങ്ങനെ വളർന്ന് പടരുന്നത്. 2023 ഒക്ടോബറിൽ പതിനേഴായിരമെണ്ണം ബാംഗ്ലൂരിലെത്തിയിരുന്നു. 2025 ഡിസംബറിൽ ഒരു പതിനായിരം ജെൻസികളെങ്കിലും വീണ്ടും അവിടെയെത്തുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. യേശുവിലുള്ള തന്റെ വിശ്വാസ ബോധ്യങ്ങൾ മറയില്ലാതെ വിളിച്ചു പറഞ്ഞ ചാർളി കിർക്കി അക്രമിയുടെ തോക്കിനിരയായെങ്കിലും അത് തടഞ്ഞു നിറുത്താനാകാത്ത ഒരു ജെൻസി വിശ്വാസ കൊടുങ്കാറ്റിന് വഴിയായിട്ടുണ്ടെങ്കിൽ അതിൽ ദൈവിക പദ്ധതികൾ തന്നെ കാണണം. ഉണരട്ടെ, ഉയരട്ടെ, വളരട്ടെ 'ജെൻസി'ക്കാല നന്മകൾ.

***ലേഖകൻ: പ്രിൻസിപ്പാൾ, സഹ്യജ്യോതി ആർട്ട്സ് ആൻഡ് സയൻസ് കോളേജ് കുമളി. ഡയറക്ടർ, കെയ്റോസ് മീഡിയ. എഡിറ്റർ, കെയ്റോസ് ഗ്ലോബൽ മാഗസിൻ.***





നിരവധി ഉന്നതപദവികൾ
അലങ്കരിച്ചിരുന്ന, കണിശമായ
ദൗത്യബോധവും ലാളിത്യമാർന്ന
ജീവിതശൈലിയും സ്വന്തമായി
രുന്ന വലിയ ഇടയനും ആത്മീ
യാചാര്യനുമായിരുന്ന
മാർ ജേക്കബ് തൂങ്കുഴി മെത്രാ
പ്പോലീത്താ അനുസ്മരണം.



# തീരാവേദനയിലും പറയാതിരിക്കാൻ വയ്യ

പ്രിയപ്പെട്ട തൂങ്കുഴി പിതാവേ, അങ്ങയുടെ മുഖം ഓർക്കുമ്പോൾ, വാത്സല്യവും സ്നേഹവും കവിഞ്ഞൊഴുകുന്ന ആ പുഞ്ചിരിയും ലളിതസുന്ദര പ്രസംഗങ്ങളും ഓർക്കുമ്പോൾ ഞങ്ങൾ ഓരോ ജീസസ് യൂത്തും അനുഭവിക്കുന്ന തീരാനഷ്ടം പറഞ്ഞറിയിക്കാൻ വയ്യ.

ജീസസ് യൂത്ത് മുന്നേറ്റത്തിനും എല്ലാ യുവജനങ്ങൾക്കും ഒരിക്കലും മറക്കാനാകാത്ത ഒരു രൂപതാധ്യക്ഷനായിരുന്നു ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത. അകമഴിഞ്ഞ പ്രോത്സാഹനത്താലും സ്നേഹനിർഭരമായ സാമീപ്യത്താലും പിതാവ് ജീസസ് യൂത്തിനെയും കരിസ്മാറ്റിക് നവീകരണത്തെയും പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്തു.

## ജീവനുള്ള ഓർമകൾ

ജീസസ് യൂത്തുമായും കരിസ്മാറ്റിക് നവീകരണവുമായി ബന്ധപ്പെട്ടും പിതാവുമായി അടുത്തിടപഴകിയ ഏതാനും ഓർമകൾ പങ്കുവയ്ക്കട്ടെ; ഒരിക്കൽ ബഹുമാനപ്പെട്ട സെബി ചിറ്റിലപ്പിള്ളി അച്ചനോടൊപ്പമാണ് ഞാൻ ആദ്യമായി പിതാവിനെ നേരിട്ട് സന്ദർശിക്കുന്നത്. തൃശ്ശൂരിലെ ജീസസ് യൂത്ത് കോ-ഓർഡിനേറ്റർ ആണെന്ന് സെബിയച്ചൻ എന്നെ പരിചയപ്പെടുത്തി. "ഓ നമ്മുടെ ജീസസ് യൂത്ത് കോ-ഓർഡിനേറ്റർ ആണല്ലേ" എന്നു പറഞ്ഞുകൊണ്ട് മുന്നിലെ കസേരയിൽ എന്നെ വിളിച്ചിരുത്തി. വലിയ താത്പര്യത്തോടെ, എങ്ങനെയുണ്ട് ജീസസ് യൂത്ത് പ്രവർത്തനങ്ങൾ? തൃശ്ശൂരിൽ ജീസസ് യൂത്ത് നന്നായി പ്രവർത്തിക്കുന്നുണ്ടോ? എന്നൊക്കെ ചോദിച്ചു. തൃശ്ശൂരിലെ ജീസസ് യൂത്ത് നന്നായി പോകുന്നുണ്ടെന്നും ഇടവക തലത്തിൽ നമുക്ക് ധാരാളം പ്രാർഥനാ കൂട്ടായ്മകൾ ഉണ്ടെന്നും അഭിമാനത്തോടെ ഞാൻ പിതാവിനോട് പറഞ്ഞു. അകമഴിഞ്ഞ പ്രോത്സാഹന വാക്കുകൾക്കൊപ്പം തലയിൽ കൈവച്ച് അനുഗ്രഹിക്കുകയും ചെയ്തു.

മറ്റൊരിക്കൽ ഒരു കത്തോലിക്കാ മാസികയ്ക്കുവേണ്ടി പിതാവിനെ ഇൻറർവ്യൂ ചെയ്യാൻ എനിക്ക് ഭാഗ്യം ലഭിച്ചു. പിതാവിനെ നേരിട്ടു കണ്ട് ഈ ആഗ്രഹം അറിയിച്ചപ്പോൾ അതിനുള്ള സമയം അനുവദിച്ചു തരുകയും ഇന്റർവ്യൂവിന് വേണ്ട ചോദ്യങ്ങൾ തയ്യാറാക്കി ഓഫീസിൽ ഏൽപിക്കാൻ പറയുകയും ചെയ്തു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ എനിക്കൊരു ഫോൺ വരുന്നു. രൂപതാകേന്ദ്രത്തിൽ നിന്നുള്ള ഫോൺ നമ്പർ എനിക്ക് പരിചിതമായിരുന്നെങ്കിലും ലൈനിന്റെ അങ്ങേയറ്റത്ത് തൃശ്ശൂരിലെ വലിയ മെത്രാപ്പോലീത്ത തന്നെയായിരിക്കുമെന്ന് ഞാൻ ഒട്ടും പ്രതീക്ഷിച്ചില്ല. അഭിമുഖത്തിനുള്ള ചോദ്യങ്ങൾ എനിക്ക് ഇതുവരെയും കിട്ടിയില്ലല്ലോയെന്ന് പിതാവ് പറഞ്ഞു. ക്ഷമിക്കണം പിതാവേ, പിതാവിനെ നേരിൽകണ്ട അന്നുതന്നെ വൈകിട്ട് ഞാൻ സെക്രട്ടറിയെ അത് ഏൽപിച്ചിട്ടുണ്ടെന്നും പിതാവിനത് കിട്ടിയില്ലെങ്കിൽ മറ്റൊരു കോപ്പി എത്രയും പെട്ടെന്ന് എത്തിച്ചു തരാമെന്നും ഞാൻ മറുപടി പറഞ്ഞു. അതിന്റെ ആവശ്യമില്ല, ഞാൻ ഓഫീസിൽ നിന്ന് അത് ചോദിച്ചു മേടിച്ചുകൊള്ളാമെന്നു പിതാവ് പറഞ്ഞപ്പോൾ എന്റെ ഹൃദയം നുറുങ്ങി. ഇത്രയും ലാളിത്യത്തോടെ എന്നോട് ഇടപെടാൻ ഈ പിതാവിന് എങ്ങനെ സാധിക്കുന്നു? വീണ്ടും രണ്ടു ദിവസം കഴിഞ്ഞു രാവിലെ ഇതേ സ്നേഹശബ്ദം എന്നെ വീണ്ടും വിളിച്ചു, "ലിയോ ഇന്ന് വൈകിട്ട് ആറുമണിക്ക് അല്ലേ നാം കാണാമെന്ന് പറഞ്ഞിരുന്നത്. എനിക്ക് അത്യാവശ്യമായി മറ്റൊരിടം വരെ പോകാനുണ്ട്. ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ഇവിടെവരെ വരാമോ?" ഞാനാകെ ധർമസങ്കടത്തിലായി. പിതാവിനെ ഇന്റർവ്യൂ ചെയ്യുകയെന്നത് എന്റെ ആവശ്യമായിരുന്നു. എന്നാൽ, ഇവിടെ അതിനായി എല്ലാം മുൻകൈയെടുത്ത് ചെയ്യുന്നത് ഏറെ ഉത്തരവാദിത്വങ്ങളുള്ള മെത്രാപ്പോലിത്ത. അതും തികഞ്ഞ ശാന്തതയോട, അതീവ ലാളിത്യത്തോടെ. ഞാൻ ജോലി ചെയ്തിരുന്ന ഓഫീസിൽ എനിക്ക് അങ്ങനെ പെട്ടെന്ന് ലീവ് എഴുതിക്കൊടുത്തു പോകാൻ പറ്റുന്ന സാഹചര്യമായിരുന്നില്ല. ഞാൻ പിതാവിനോട് ചോദിച്ചു, പിതാവ് തിരിച്ചുവരുമ്പോൾ ഒത്തിരി വൈകുമായിരിക്കും അല്ലേ? പിതാവ് പറഞ്ഞു: ഏകദേശം ഒൻപത് മണിയാകും. അത് ലിയോക്ക് ബുദ്ധിമുട്ട് ആകുമല്ലോ? ഞാൻ ചോദിച്ചു. "പിതാവേ, പിതാവിന് ബുദ്ധിമുട്ടില്ലെങ്കിൽ 9 മണിക്ക് ഞാൻ വരട്ടെ?" "ഒൻപത് കഴിഞ്ഞാൽ ഞാൻ ഫ്രീ ആണ്. എത്ര സമയം വേണമെങ്കിലും ഞാൻ തരാം" എന്ന് പിതാവ് മറുപടി പറഞ്ഞു.

## ഒരു ദൈവവിളി കൂടി

സത്യത്തിൽ ഞാൻ ആദ്യമായിട്ടായിരുന്നു ഒരഭിമുഖം നടത്തുന്നത്. ചോദ്യങ്ങൾ തയ്യാറാക്കി കൊടുത്തിരുന്നെങ്കിലും പിതാവിനോട് അതെങ്ങനെ ചോദിക്കുമെന്നും അതിനുള്ള മറുപടികൾ എങ്ങനെയായിരിക്കുമെന്നും ഞാൻ ആശങ്കപ്പെട്ടിരുന്നു. അന്നത്തെ ജീസസ് യൂത്ത് സർവീസ് ടീം അംഗമായിരുന്ന ചൂണ്ടൽ ഇടവകയിലെ ബിറ്റോയെ ഞാൻ കൂടെ കൂട്ടി. ഞാനും

ബിറ്റോയും പിതാവ് പറഞ്ഞ കാര്യങ്ങൾ കുറിച്ചെടുത്തു. ഞങ്ങളുടെ രണ്ടുപേരുടെയും തലയിൽ കൈവച്ച് അനുഗ്രഹിച്ച പിതാവ് ഞങ്ങളെ യാത്രയാക്കി. അവിസ്മരണീയമായ ഒരു രാത്രിയായിരുന്നു അത്. അത്ഭുതമെന്നല്ലാതെ മറ്റെന്ത് പറയാൻ, അടുത്ത വർഷങ്ങൾക്കുള്ളിൽ ബിറ്റോ തന്റെ ദൈവവിളി തിരിച്ചറിയുകയും ഒരു കപ്പൂച്ചിൻ വൈദികനായി മാറുകയും ചെയ്തു. അതുവരെയും ഫാദർ ബിറ്റോ തന്റെ ദൈവവിളിയെ കുറിച്ച് അടുത്തറിയാവുന്ന സുഹൃത്തുക്കളോട് പോലും പറഞ്ഞു കേട്ടതായി എനിക്കറിയില്ല.

## സ്നേഹത്തിൽ ചാലിച്ച തിരുത്തലുകൾ

പിതാവിന്റെ മറ്റുള്ളവരോടുള്ള കരുതലും കുറ്റം വിധിക്കാത്ത തിരുത്തലും അനുഭവിക്കാനുംകൂടി എനിക്ക് ഈ അഭിമുഖം ഇടയാക്കിയിട്ടുണ്ട്. അഭിമുഖം പ്രസിദ്ധീകരിച്ച മാസികയിൽ പ്രിന്റിങ്ങുമായി ബന്ധപ്പെട്ട ചില സാങ്കേതിക പിഴവുകൾ സംഭവിച്ചു. ആ മാസം പുറത്തിറങ്ങിയ മാസികയിൽ നിറയെ അക്ഷര തെറ്റുകൾ ആയിരുന്നു. ആ മാസിക പോസ്റ്റലിൽ ലഭിച്ച പിതാവ് ഏറെ ദുഃഖിതനായി. രണ്ടു പ്രാവശ്യം എന്നെ നേരിട്ട് ഫോണിൽ വിളിച്ച് ഇന്റർവ്യൂവിന് അവസരമൊരുക്കിയ പിതാവ് ഈ മാസിക കൈയിൽ കിട്ടിയതിനുശേഷം എന്നെ വിളിച്ചില്ല. പകരം എനിക്ക് സ്വന്തം കൈപ്പടയിൽ ഒരു കത്ത് എഴുതുകയാണ് ചെയ്തത്. ഒട്ടും കുറ്റപ്പെടുത്താതെ ഇനി മേലിൽ ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ കുറച്ചു കൂടി ശ്രദ്ധിക്കണം എന്ന് സ്നേഹപൂർവമുള്ള തിരുത്തലാണ് എനിക്ക് നൽകിയത്. മറുപടിയായി ഞാൻ പിതാവിനെ കാണുകയും നിർവ്യാജം ക്ഷമചോദിച്ചുകൊണ്ട് മറ്റൊരു കത്ത് പിതാവിന് നൽകുകയും ചെയ്തു. സ്നേഹപൂർവമായ പിതൃവാത്സല്യമനുഭവിക്കുന്ന ഒരു ആത്മബന്ധത്തിലേക്ക് അതെന്നെ നയിച്ചു.

> പിതാവിനെ ഇന്റർവ്യൂ ചെയ്യുകയെന്നത് എന്റെ ആവശ്യമായിരുന്നു. എന്നാൽ, ഇവിടെ അതിനായി എല്ലാം മുൻകൈയെടുത്ത് ചെയ്യുന്നത് ഏറെ ഉത്തരവാദിത്ത്വങ്ങളുള്ള മെത്രാപോലിത്ത. അതും തികഞ്ഞ ശാന്തതയോട, അതീവ ലാളിത്യത്തോടെ.

## മറ്റുള്ളവരെ വിശ്വസിക്കുകയും ചേർത്തു നിറുത്തലും

തൃശ്ശൂരിലെ ജീസസ് യൂത്ത് 2000-മാണ്ടിൽ ജൂബിലി ടൈംസ് എന്ന പേരിൽ ഒരു പത്രിക പുറത്തിറക്കിയിരുന്നു. അത് 'JY മിറർ' എന്ന പേരിൽ പിന്നീട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പത്രികയുടെ ആദ്യ പതിപ്പിൽ പിതാവിന്റെ ആശംസയും അനുഗ്രഹവും ഉൾപ്പെടുത്തണമെന്ന ആവശ്യവുമായി ഞാൻ പിതാവിനെ കണ്ടു. പിതാവ് ഒരു യാത്രയ്ക്ക് പോകാനായി പുറത്തേക്കിറങ്ങാൻ നിൽക്കുന്ന നിമിഷമാണ് എന്നും തുറന്നിട്ടിരുന്ന ആ വാതിൽക്കൽ ഞാൻ വീണ്ടും എത്തിച്ചേർന്നത്. 'ലിയോ, ഞാൻ നല്ല തിരക്കിലാണല്ലോ. ഒരാഴ്ച കഴിഞ്ഞ് തിരിച്ചു വരും.' ഞാനാകട്ടെ, ഈ ആഴ്ചയിൽ തന്നെ ജീസസ് യൂത്തിന്റെ ജൂബിലി ടൈംസ് പത്രിക പ്രസിദ്ധീകരിക്കാനുള്ള ആവേശത്തിലും. എന്റെ ആവശ്യം ഉണർത്തിച്ചപ്പോൾ പിതാവ് പറഞ്ഞു, "അങ്ങനെ ഒരു ആശംസ എഴുതാനുള്ള സമയം എനിക്കിപ്പോളില്ല. ഒരു കാര്യം ചെയ്യൂ, ലിയോതന്നെ എനിക്കുവേണ്ടി ഒരെണ്ണം എഴുതിത്തരുമോ." ഞാൻ എന്ത് ചെയ്യണം എന്നറിയാതെ സ്തബ്ധനായി. തൃശ്ശൂരിലെ വലിയ മെത്രാപ്പോലീത്തയ്ക്ക്, സി.ബി.സി.ഐ.യുടെ വൈസ് പ്രസിഡന്റിന്, പൊന്തഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയ, ന്യൂയോർക്കിലെ ഫോർദാം യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റേഴ്സ് നേടിയ ബഹുമുഖ വ്യക്തിത്വത്തിന് ഒരു രചന എഴുതി കൊടുക്കാൻ മാത്രം ഞാനാരാണ്. നിർനിമേഷനായി നിൽക്കുന്ന എന്റെ നേരെ ഏതാനും വെള്ളക്കടലാസുകൾ പിതാവ് നീട്ടിത്തന്നു. പിതാവിന്റെ മുറിയുടെ തൊട്ടപ്പുറത്തുള്ള കസേരയിലിരുന്ന് പിതാവിന്റെ പ്രസംഗങ്ങളും ഇടയ ലേഖനങ്ങളും കേട്ട ഓർമയിൽ ഞാൻ ഒരു ലേഖനം തയ്യാറാക്കി പിതാവിന്റെ കൈയിൽ കൊടുത്തു. എന്റെ അത്യന്തം മോശമായ കൈയക്ഷരത്തെ ഓർത്ത് ഞാൻ ഏറെ സങ്കോചത്തോടെ പിതാവിന്റെ കണ്ണുകളിലേക്ക് നോക്കി. മറുപടി അതിശയിപ്പിക്കുന്നതായിരുന്നു: "വളരെ നന്നായി എഴുതിയിട്ടുണ്ട്. വളരെ നന്നായിരിക്കുന്നു." മേശപ്പുറത്തുനിന്ന് പേനയെടുത്ത് അതിനടിയിൽ മിശിഹായിൽ സ്നേഹപൂർവം, മാർ ജേക്കബ് തൂങ്കുഴി എന്നുകൂടെ എഴുതിച്ചേർത്ത് കൈയൊപ്പും വച്ച് എന്റെ നേരെ തിരിച്ചു തന്നു. പിതാവിന്റെ ലെറ്റർ ഹെഡിൽ തന്നെ ഈ മാറ്റർ പ്രസിദ്ധീകരിക്കണം എന്നാണ് എന്റെ ആഗ്രഹമെന്ന് പറഞ്ഞപ്പോൾ ഒരു ബ്ലാങ്ക് ലെറ്റർ ഹെഡ് എടുത്ത് ഇത് ഉപയോഗിച്ചുകൊള്ളൂ എന്നുകൂടെ പറഞ്ഞത് എന്നെ അത്ഭുതപ്പെടുത്തി. വ്യക്തികളെ ഇത്രമാത്രം വിശ്വസിക്കാനും പരിഗണിക്കാനും എങ്ങനെയാണ് ഒരു മെത്രാപ്പോലീത്തക്ക് കഴിയുന്നത്.

മറ്റൊരു സന്ദർഭം ഓർക്കുന്നത്, ജീസസ് യൂത്ത് കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമുമായി ബന്ധപ്പെട്ടതാണ്. ഇന്ത്യയിലെ വിവിധ രൂപതകളിൽ നിന്നും കൂടുതലും ഹിന്ദി സംസാരിക്കുന്ന മേഖലകളിൽ നിന്ന് 250-ഓളം ചെറുപ്പക്കാർ ഒരു ക്രിസ്മസ് കാലഘട്ടത്തിൽ കേരളത്തിൽ എത്തിച്ചേരുന്നതാണല്ലോ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം. 2002-ൽ ആണെന്ന് തോന്നുന്നു കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഫൈനൽ ഗാഥറിങിന് തൃശ്ശൂരിൽ ആതിഥ്യം വഹിക്കുന്നു. രൂപതാകേന്ദ്രത്തിൽ അവർക്കുവേണ്ടി ഒരുക്കിയ വിരുന്നും അതോടൊപ്പമുള്ള ദിവ്യബലി അർപ്പണവും അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ നേതൃത്വത്തിലായിരുന്നു. വിവിധ ഭാഷക്കാരായ ആ യുവജനങ്ങളോട് സംവദിക്കുവാൻ തൃശ്ശൂർ അതിരൂപതാ കേന്ദ്രത്തിൽ ഇംഗ്ലീഷ് ഭാഷയിൽ മിഷൻ മേഖലയിലെ വൈദികരോട് ചേർന്ന് ലത്തീൻ റീത്തിലെ ദിവ്യബലിയർപ്പിക്കാൻ പിതാവ് തയ്യാറായി. ഇത്രയും വിശാലമായി ചിന്തിക്കാനും യുവജനങ്ങളെ സഭയോട് ചേർത്തുനിറുത്താനും പിതാവ് അത്ഭുതകരമായ വൈദഗ്ധ്യം പ്രകടിപ്പിച്ചു.

## സാമൂഹികവും സഭാപരവുമായ ഇടപെടലുകൾ

വ്യക്തിപരമായ ഒരു ഓർമക്കുറിപ്പായിട്ടാണ് ഇത് എഴുതി തുടങ്ങിയതെങ്കിലും പിതാവിന്റെ സാമൂഹികവും സഭാപരവുമായ ഇടപെടലുകളെക്കുറിച്ച് രണ്ടു വാക്ക് പറയാതെ ഈ കുറിപ്പ് അപൂർണമായിരിക്കും. തൃശ്ശൂർ പട്ടണത്തിനും അതിരൂപതയ്ക്കും വെറും 10 വർഷങ്ങൾ മാത്രം നീണ്ട തന്റെ അജപാലന

നേതൃത്വത്തിനിടയിൽ എണ്ണം പറഞ്ഞ സംഭാവനകൾ ജേക്കബ് തൂങ്കുഴി പിതാവ് നൽകിയിട്ടുണ്ട്. സ്വതവേ തൃശ്ശൂർ രൂപതാ അധ്യക്ഷന്മാർ തൃശ്ശൂരിലെ രാഷ്ട്രീയ മേഖലയിൽ ഇടപെടുകയും സ്വാധീനം ചെലുത്തുകയും ചെയ്യാറുണ്ട്. എന്നാൽ, അഭിവന്ദ്യ തൂങ്കുഴി പിതാവ് എല്ലാ രാഷ്ട്രീയ കക്ഷികളുമായും സൗഹൃദം കാത്തുസൂക്ഷിച്ചുവെങ്കിലും കൃത്യമായ അകലം പാലിച്ചു കൊണ്ട് താൻ ഒരു ആത്മീയ ഇടയൻ ആണെന്നും സഭാത്മക മായ ദൗത്യങ്ങൾ നിർവഹിക്കുന്നതിൽ നിഷ്കർഷ ഉള്ളവനാ ണെന്നും  തെളിയിച്ചുകൊണ്ടിരുന്നു. തൃശ്ശൂരിലന്ന് നിലവിലുണ്ടാ യിരുന്ന ധാരാളം ധനകാര്യ ചിട്ടി സ്ഥാപനങ്ങളുടെ രക്ഷാധികാരി എന്ന പദവി തൃശ്ശൂർ മെത്രാന്മാർ ഏറ്റെടുത്തിരുന്നു. എന്നാൽ, ഇവിടെയും തന്റെ ദൗത്യത്തെപ്പറ്റി തിരിച്ചറിവുള്ള ഒരു ഇടയനെ പോലെ ധനകാര്യ സ്ഥാപനങ്ങളുടെ രക്ഷാധികാരസ്ഥാനത്തിൽ നിന്ന് പരമാവധി അകലം പാലിച്ചു. എന്നാൽ, വൈദികരുമായി വ്യക്തി ബന്ധം സ്ഥാപിക്കുന്നതിനും അവരുടെ ജന്മദിനം ഉൾപ്പെ ടെയുള്ള വിശേഷ ദിവസങ്ങളിൽ ആശംസകൾ നേരുന്നതിനും മറ്റും കൂടുതൽ സമയം ചെലവഴിച്ചു. പിതാവിന്റെ ഫോൺ നമ്പറിലേക്ക് ആരെങ്കിലും വിളിക്കുകയാണെങ്കിൽ അതിന് ഒരു മറുപടി കൊടുക്കാൻ ഇലക്ട്രോണിക് സംവിധാനം 25 വർഷ ങ്ങൾക്കു മുമ്പുതന്നെ ഏർപ്പെടുത്തുകയും പിതാവ് തിരിച്ചു വരുമ്പോൾ കൃത്യമായി അവരെ തിരിച്ചു വിളിക്കുകയും ചെയ്യുന്നത് ആ വ്യക്തിത്വത്തിന്റെ ശോഭ തെളിയിച്ചിരുന്നു.

തൃശ്ശൂരിലെ മേരിമാതാ മേജർ സെമിനാരി, ജൂബിലി മിഷൻ മെഡി ക്കൽ കോളേജ്, ജ്യോതി എഞ്ചിനീയറിങ് കോളേജ്, മഹാജൂ ബിലി ബി.എഡ് കോളേജ്. ജീവൻ ടിവി തുടങ്ങി സഭാമക്കൾക്കും സമൂഹത്തിനും ഉന്നമനത്തിന് ഉപകരിക്കുന്ന സ്ഥാപനങ്ങൾക്ക് തുടക്കം കുറിക്കാനും ഈ മഹത്വ്യക്തിത്വം നേതൃത്വം നൽകി.

പാലയൂർ മഹാ തീർഥാടനം ആരംഭിച്ചുകൊണ്ട് രൂപതയ്ക്കൊ ന്നാകെ ഉണർവേകാനും പാലയൂർ വി. തോമാശ്ലീഹായുടെ തീർഥകേന്ദ്രത്തെ പിന്നീട് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർഥകേന്ദ്രം ആക്കാൻ അടിത്തറ പാകുകയും ചെയ്തു. സ്വന്തം ഹൃദയ ശസ്ത്ര ക്രിയക്കു ശേഷവും ഈ വന്ദ്യ വൈദിക ശ്രേഷ്ഠൻ 30 കിലോ മീറ്റർ ദൂരം നടന്ന് പാലയൂർ മഹാ തീർഥാടനത്തിന്റെ ഭാഗമായി. നോമ്പുകാലത്തു പല രാത്രികളിലും മെത്രാസന മന്ദിരത്തിൽ നിന്നും ഏതാനും വൈദിക വിദ്യാർഥികളെയും യുവജനങ്ങളെയും കൂട്ടി പാലയൂർ തീർഥാടന കേന്ദ്ര ത്തിലേക്ക് നടത്തിയിരുന്ന രാത്രി ജാഗരണങ്ങളെ ഇന്നും അതീവ ബഹുമാനത്തോടെ ഓർക്കുന്നു. അതുപോലെതന്നെ പള്ളിപ്പെരുന്നാളുകളോടനു ബന്ധിച്ച് നടന്നിരുന്ന വെടിക്കെട്ട് മത്സരം എന്ന കരിമരുന്ന് പ്രയോഗം, സിനിമാഗാനങ്ങളുടെ അകമ്പടിയോടെയുള്ള അമ്പ് പ്രദക്ഷിണങ്ങൾ തുടങ്ങി കത്തോലിക്കാ സഭയുടെ ആധ്യാത്മികതയ്ക്ക് ഒട്ടും ചേർന്നു പോകാത്ത പ്രവണതകളെ ശക്തമായി തിരുത്തുകയും ഇടയലേഖനങ്ങളി ലൂടെ ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്തു.

കത്തോലിക്കാ സഭയുടെ ആധ്യാത്മികതയ്ക്ക് ഒട്ടും ചേർന്നുപോകാത്ത പ്രവണതകളെ ശക്തമായി തിരുത്തുകയും ഇടയലേഖനങ്ങളിലൂടെ ജനങ്ങളെ ബോധവത്ക്കരിക്കുകയും ചെയ്തു പിതാവ്.


## സിനഡാലിറ്റിയുടെ പ്രായോജകൻ

വ്യക്തികളെ സ്നേഹപൂർവം ശ്രവിക്കുന്നതിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ തൂങ്കുഴി പിതാവിന് ഉണ്ടായിരുന്ന വൈഭവം പരിഗണിക്കുമ്പോൾ അത് പരിശുദ്ധ ഫ്രാൻസിസ് പാപ്പ സഭയ്ക്ക് നൽകിയ സിനഡാലിറ്റിയുടെയും പങ്കാളിത്ത ഉത്തരവാദിത്വ ത്തിന്റെയും ശൈലിയിൽ തൂങ്കുഴി പിതാവ് മുൻപേ നടന്നതായി നമുക്ക് കാണാം. ഒരിക്കൽ ഒരു ഇടവകയിലെ അത്മായൻ, സഭാ ശുശ്രൂഷ മേഖലയിൽ നല്ല രീതിയിൽ സേവനം ചെയ്തി രുന്ന അദ്ദേഹം, തന്റെ ഇടവക വികാരിയുമായി അഭിപ്രായ വ്യത്യാസത്തിൽ എത്തുകയും ഇടവ വികാരിക്കെതിരെ ശക്തമായ പരാതി കൊടുക്കുകയും ചെയ്തു. ഈ പരാതി ഫൊറോന വികാരിവഴി രൂപതാകേന്ദ്രത്തിൽ എത്തുകയും വലിയ ചർച്ചയാ വുകയും ചെയ്തു. പ്രശ്നപരിഹാരത്തിനായി അതിരൂപതാ അധ്യക്ഷനായ തൂങ്കുഴി പിതാവ് ഈ അത്മായ നേതാവുമായി നേരിട്ട് സംസാരിക്കുകയും സൗഹൃദപരമായും സ്നേഹപൂർവ മായും ശ്രവിക്കാൻ തയ്യാറായതിനാലും പതിനഞ്ച് മിനിറ്റുകൊണ്ട് തന്നെ ഈ പ്രശ്നം രമ്യമായി പരിഹരിക്കുകയും ചെയ്തു.

അവസാനമായി ഞാൻ പിതാവിനെ കാണുന്നത് കഴിഞ്ഞ വർഷം കെയ്റോസ് മീഡിയ പ്രസിദ്ധീകരിച്ച 'പാർട്ടിസിപ്പേറ്ററി ചർച്ച്" എന്ന എന്റെ ആദ്യ പുസ്തകത്തിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് പുസ്തകത്തിൽ പിതാവിന്റെ ആശംസാ വചനങ്ങൾ ഉൾപ്പെടുത്താൻ വേണ്ടിയാണ്. പിതാവ് താമസിച്ചിരുന്ന മൈനർ സെമിനാരിയിൽ ചെന്ന് ഞാൻ പുസ്തകത്തിന്റെ മാനുസ്ക്രിപ്റ്റ് പിതാവിന്റെ കൈകളിൽ കൊടുത്തു. അപ്പോൾതന്നെ പിതാവിന് ഏറ്റവും താത്പര്യം തോന്നിയ ഒരധ്യായം മുഴുവൻ വായിച്ചു നോക്കുകയും കൂടുതൽ വായിക്കാനായി ഒരാഴ്ച സമയം എടുക്കുമെന്നും പറഞ്ഞു. ഒരാഴ്ച കഴിഞ്ഞപ്പോൾ ആശംസ തയ്യാറാക്കി വയ്ക്കുകയും പിതാവിന്റെ രണ്ടു പുസ്തകങ്ങൾ എനിക്ക് സമ്മാനമായി തരുകയും ചെയ്തു.

എല്ലാം ചേർത്ത് വായിക്കുമ്പോൾ ആടുകളുടെ മണമുള്ള ഒരിട യനാകാൻ അവരോടൊപ്പം നടക്കുന്ന അജപാലകനാകാൻ തൂങ്കുഴി പിതാവിന് എല്ലാവിധത്തിലും സാധിച്ചിട്ടുണ്ട്. പ്രിയപ്പെട്ട പിതാവേ, സഭയ്ക്കും ജീസസ് മുന്നേറ്റത്തിനും മറ്റെല്ലാ യുവജന ങ്ങൾക്കും ചെയ്ത എല്ലാ സേവനങ്ങൾക്കും നന്ദി. അങ്ങയുടെ സ്നേഹനിർഭരമായ വാത്സല്യത്തിന് മുന്നിൽ കണ്ണീർ പ്രണാമം.

***ലേഖകൻ ജീസസ് യൂത്തിലെ സീനിയർ നേതാവും പ്രഭാഷക നുമാണ്. ഭാര്യ ഡോ. ഡോണയോടും മൂന്ന് മക്കളോടുമൊപ്പം തൃശൂരിൽ താമസിക്കുന്നു.***





യുവ// യൂത്ത്ക്ലാസ് – ജിതിൻ ജോസഫ്

# പാതിരി

*എന്തെന്നാൽ, നീ മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനാകുന്നു (ഹെബ്രാ 7, 17).*

അഴകില്ല, പറയത്തക്ക വിധത്തിൽ ആലങ്കാര ഭംഗികൾ ഒന്നുമില്ല, ഉന്നത പദവികൾ ഒന്നും അലങ്കരിച്ചിട്ടില്ല, എങ്കിലും അവൻ നീതിമാനായിരുന്നു, വിശുദ്ധനായിരുന്നു, കർത്താവിന്റെ കാര്യങ്ങളിൽ തത്പരനായിരുന്നു. കുറവുകളെ നിറവുകൾ ആക്കുന്നവൻ അവന്റെ കുറവുകൾ പരിഗണിച്ചപ്പോൾ പരാതികളോ പരിഭവങ്ങളോ ഇല്ലാതെ അവൻ ആത്മാക്കളെ തേടി. ആത്മാക്കൾ അവനെയും. ആർസിൽ ആദ്യമായെത്തിയ ദിവസം വഴികാണിച്ചുകൊടുത്ത അവിടത്തെ തൊഴിലാളി ബാലനോട്, "ആർസിലേക്കു നീ എനിക്കു വഴികാട്ടിത്തന്നു; സ്വർഗത്തിലേയ്ക്ക് നിനക്കു ഞാൻ വഴികാട്ടിത്തരാം" എന്ന് അദ്ദേഹം പറഞ്ഞതായുള്ള കഥ പ്രസിദ്ധമാണ്. അങ്ങനെ അനേകർക്ക് അവൻ വഴികാട്ടിയായി അവൻ വഴി നയിച്ചവരെല്ലാം അവനിലൂടെ അവനെ അയച്ചവനെ അറിഞ്ഞു. കുമ്പസാരത്തിനു കൊടുത്ത പ്രാധാന്യത്തിന്റെ പേരിൽ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു. ശീതകാലത്ത് 11–12 മണിക്കൂർ വീതവും വേനൽകാലത്ത് 16 മണിക്കൂർ വരെയും അദ്ദേഹം കുമ്പസാരക്കൂട്ടിൽ ചെലവഴിച്ചു. തികഞ്ഞ തപോനിഷ്ഠയോടുകൂടിയ ജീവിതമാണ് അദ്ദേഹം നയിച്ചത്. "സ്വയം ദൈവത്തിനു സമർപ്പിക്കാൻ പൂർണസമർപ്പണത്തിന്റെ ഏകവഴിയേയുള്ളു" എന്നും "നമുക്കായി നാം പിടിച്ചു വയ്ക്കുന്ന ഇത്തിരി, നമുക്ക് കുഴപ്പങ്ങളും ദുഃഖങ്ങളും മാത്രമേ നൽകൂ" എന്നും അദ്ദേഹം പറഞ്ഞിരുന്നു. ഒന്നിനെക്കുറിച്ചും വിയാനി പരാതിപ്പെട്ടില്ല. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയെയും, തപോനിഷ്ഠയെയും, ത്യാഗസന്നദ്ധതയെയും, ശിശുസഹജമായ നിഷ്കളങ്കതയെയും, ദൈവപരിപാലനയിലുള്ള വിശ്വാസത്തെയും, അവനെ വൈദികരുടെ മധ്യസ്ഥൻ ആക്കിത്തീർത്തു.

**ഓരോ പടിയിറക്കവും ഓരോ തുടക്കമാണ്. ജീവിതത്തിന്റെ ഏറ്റവും മനോഹരമായ ബാല്യത്തിൽതന്നെ സന്യാസത്തിലേക്കും ദൈവവേലയിലേക്കും പറിച്ചു മാറ്റപ്പെടുന്ന അവന്റെ പ്രിയപ്പെട്ട അജഗണത്തെ നമുക്ക് ഓർക്കാം.**

ജയരാജ് സംവിധാനം നിർവഹിച്ച് 1997ൽ പുറത്തിറങ്ങിയ മലയാളചലച്ചിത്രമാണ് ദേശാടനം. പാച്ചു എന്ന പരമേശ്വരനാണ് ഇതിലെ പ്രധാന കഥാപാത്രം. വേദപഠനത്തിൽ അസാമാന്യ ജ്ഞാനം ഉണ്ടായിരുന്നു. സ്വാമിയാർ മഠത്തിലെ നിലവിലുള്ള സന്ന്യാസിയുടെ കാലം കഴിയാറായതിനാൽ ഭാവിയിൽ മഠാധിപതിയാകാൻ ഒരു കുട്ടിയെ ദത്തെടുക്കണം. അതിന് മഠത്തിലെ പ്രമുഖർ കണ്ടെത്തിയത് പാച്ചു എന്ന പരമേശ്വരനെയാണ്. ചെറുമകന് ലഭിച്ച അപൂർവ സൗഭാഗ്യത്തിൽ സന്തോഷിച്ച മുത്തച്ഛന് അതിന് സമ്മതവും അതിൽ അഭിമാനവുമായിരുന്നു. അച്ഛനും അമ്മയ്ക്കും മകനെ നഷ്ടപ്പെടുന്നത് ചിന്തിക്കാനേ കഴിയുമായിരുന്നില്ല. ചെറുമകൻ തന്നിൽനിന്ന് നഷ്ടപ്പെടുകയാണെന്ന യാഥാർഥ്യം മനസ്സിലാക്കിയ മുത്തച്ഛനും പിന്നീട് ഏറെ വേദനിച്ചു. സന്ന്യാസിമഠത്തിലെ വേദപുരാണങ്ങൾ അഭ്യസിക്കുന്നതിന് പാച്ചു ആനയിക്കപ്പെട്ടു. മതപരമായ ആചാരാനുഷ്ഠാനങ്ങൾ അഭ്യസിക്കുമ്പോഴുള്ള കർക്കശമായ നടപടിക്രമങ്ങൾ പാച്ചുവിന് താങ്ങാനായില്ല. അന്നുവരെ ഉണ്ടായിരുന്ന ജീവിതത്തിലെ എല്ലാ വർണങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായ മറ്റൊരു സാഹചര്യത്തിലേക്കുള്ള ഒറ്റപ്പെടലിനോട് 'കുഞ്ഞു മഠാധിപതി'ക്ക് ഒട്ടും പൊരുത്തപ്പെടാനായില്ല. പാച്ചു സ്വാഭാവികമായും തിരിച്ചു വീട്ടിലെത്തുന്നു. പക്ഷേ, അവനെ കുടുംബത്തിലെ ആർക്കും കുരുന്നു പൊന്നോമനയായി കാണാൻ മനസ്സുവന്നില്ല. അവൻ അവരുടെയുള്ളിൽ ബഹുമാന്യനായ മഠാധിപതിയാണ്. പാച്ചു ഉത്ക്കടമായ ദുഃഖം ഉള്ളിലൊതുക്കി തിരികെ മഠത്തിലേക്കായി സ്വന്തം വീടിന്റെ പടിയിറങ്ങി. ഒരു നെടുവീർപ്പോടെ അല്ലാതെ ഈ ചിത്രം കണ്ട് തീർക്കാൻ ആകുന്നില്ല.

ഓരോ പടിയിറക്കവും ഓരോ തുടക്കമാണ്. ജീവിതത്തിന്റെ ഏറ്റവും മനോഹരമായ ബാല്യത്തിൽതന്നെ സന്യാസത്തിലേക്കും ദൈവവേലയിലേക്കും പറിച്ചുമാറ്റപ്പെടുന്ന അവന്റെ പ്രിയപ്പെട്ട അജഗണത്തെ നമുക്ക് ഓർക്കാം. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ നിസ്വാർഥമായ സേവനം അനുഷ്ഠിക്കുന്ന അവന്റെ മായാത്ത മുദ്ര പേറുന്ന, എന്നേയ്ക്കും പൂശപ്പെട്ട കരങ്ങളുള്ളവരെ ഓർക്കാം, അവർക്കുവേണ്ടി പ്രാർഥിക്കാം. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിത്തീരട്ടെ. നാഥാ, അവരുടെ പദചലനങ്ങൾ പ്രദക്ഷിണമാകണേ, ദേഹം ശ്രീകോവിലാകേണമേ, ദുഃഖങ്ങൾ പൂജാപുഷ്പങ്ങളാകണേ, വചനം മന്ത്രങ്ങളാകണേ, നിദ്രകളാത്മധ്യാനമാകേണമേ, അന്നം നൈവേദ്യമാകേണമേ, നിത്യ കർമങ്ങൾ സാധനയാകണേ, ജന്മം സമ്പൂർണമാകേണമേ.


***ജിതിൻ ജോസഫ്: സമന്വയ തിയോളജി കോളേജ്, ഭോപ്പാൽ.***

# വഴുതന മാത്തൻ



കാർട്ടൂൺ - സിനിൽ കെ.ജെ.







# Subscribe!
to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds



ഫമിലിയ/ഫാമിലി കഫേ - സുജമോൾ ജോസ്

# സഹനത്തിന്റെ തീച്ചൂളയിലൂടെ കൈവരുന്ന സ്വീകാര്യത

സഹനങ്ങളെ സ്നേഹിക്കാനാവുമോ? അവ നമ്മെ സഹായിക്കുന്നുണ്ടോ? സഹനങ്ങളെങ്ങനെയാണ് ക്രിസ്തീയമാകുന്നത്? പ്രാവർത്തികമാക്കാനാവുന്ന ഉൾക്കാഴ്ചകൾ പ്രാർഥനാപൂർവം...




മനുഷ്യജീവിതം ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള സഹനത്തിന്റെ ജീവിതമാണ്. സങ്കടങ്ങളിലൂടെയും പ്രയാസങ്ങളിലൂടെയും കടന്നുപോകുന്നവരാണ് നമ്മളിൽ ഭൂരിഭാഗവും. പലപ്പോഴും ഈ പ്രശ്നങ്ങളും പ്രതിസന്ധികളും നമ്മെ തളർത്തുകതന്നെ ചെയ്യും. നിരാശയും സങ്കടവും നമ്മെ കാർന്നുതിന്നും. ചിലരെല്ലാം സ്വയം വെറുക്കുകയും ജീവനൊടുക്കുകയും ചെയ്യും. ഇതാണ് സാധാരണ ഗതിയിൽ സഹനത്തിന്റെ അനന്തരഫലം. എന്നാൽ, ക്രിസ്തീയ സഹനം ഇതിൽ നിന്നും തികച്ചും വിഭിന്നമാണ്. സഹനത്തെ പുഞ്ചിരിയോടെ നേരിട്ട അനേക സാക്ഷികൾ നമുക്കുമുന്നിലുണ്ട്. സഹനത്തിന്റെ തീച്ചൂളയിൽ ദൈവത്തെ സ്തുതിച്ച ദാനിയേലിനെപ്പോലെ പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കും നടുവിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ജീവിക്കുന്ന അനേകർ നമുക്ക് ചുറ്റുമുണ്ട്. നമുക്ക് ചുറ്റുമുള്ള ഈ സാക്ഷികളുടെ സമൂഹമാണ് ക്രിസ്തീയ സഹനം എന്തെന്ന് നമുക്ക് കാണിച്ചു തന്നത്. വിശുദ്ധ അൽഫോൻസാമ്മ സഹന ജീവിതത്തിലൂടെ പുണ്യത്തിന്റെ പാത സ്വന്തമാക്കിയതാണ്. അൽഫോൻസാമ്മയെക്കാൾ സഹനങ്ങളിലൂടെ കടന്നു പോകുന്നവർ നമ്മുടെ കൂടെയുണ്ടാകും. എന്നാൽ, അൽഫോൻസാമ്മയ്ക്ക് തന്റെ സഹനങ്ങളെ കൃപകളാക്കി മാറ്റാൻ കഴിഞ്ഞു എന്നതാണ് അമ്മയെ വിശുദ്ധയാക്കി മാറ്റിയത്. സഹനങ്ങളിൽ സ്വയം പഴിച്ചും മറ്റുള്ളവരെ പഴിച്ചും ജീവിതം കൂടുതൽ ദുസ്സഹം ആക്കുന്നതുകൊണ്ടാണ് നമ്മിൽ പലർക്കും വിശുദ്ധിയുടെ പാതയിലേക്ക് എത്താനാകാതെ പോകുന്നത്.

ഏതാനും നാളുകൾക്കുമുമ്പ് തന്റെ സ്വർഗീയ പിതാവിന്റെ ഗേഹത്തിലേക്ക് പുഞ്ചിരിയോടെ കടന്നുപോയ ജീസസ് യൂത്തിലെ ജോയ്സിയുടെ ജീവിതം സഹനത്തെ കൃപകളാക്കി മാറ്റാൻ നമുക്കും സാധിക്കും എന്നതിന് വലിയ അടയാളമായിരുന്നു. ആ നാളുകളിൽ ജോയ്സിയുമായി സംസാരിക്കാൻ ദൈവം അവസരം നൽകിയിട്ടുണ്ട്. ഒരു ദിവസം ജോയ്സി പതിവിലും കൂടുതലായി സംസാരിച്ചു. എന്നിട്ട് പറഞ്ഞു നമുക്ക് പരസ്പരം പ്രാർഥിക്കാം. സഹനങ്ങളിൽ ദൈവം നമുക്കു രണ്ടുപേർക്കും തുണയാകട്ടെ. സഹനങ്ങളിലൂടെയും വേദനകളിലൂടെയും കടന്നുപോകുന്ന ഒരു വ്യക്തിക്ക് മറ്റൊരാളുടെ സഹനത്തിന്റെ ആഴം എളുപ്പത്തിൽ തിരിച്ചറിയാൻ ആകുമെന്ന് ജോയ്സിയുടെ വാക്കുകളിലൂടെ മനസ്സിലാക്കുകയായിരുന്നു. ഒരു വ്യക്തി സഹനത്തിന്റെ തീച്ചൂളയിൽ ആയിരിക്കുമ്പോൾ മറ്റുള്ളവർ വെറും കാഴ്ചക്കാർ മാത്ര

മാണ്. അവർക്ക് മാറിനിന്ന് എന്തഭിപ്രായവും പറയാം. എന്നാൽ, സമാനമായ സഹനത്തിലൂടെ കടന്നു പോകുമ്പോൾ മാത്രമാണ് അപരന്റെ വേദന നമുക്ക് മനസ്സിലാക്കാൻ കഴിയുക. ആ വേദനയിൽ പങ്കുചേരാനും ആശ്വാസമാകാനും കഴിയുമ്പോഴാണ് ക്രിസ്തീയ ജീവിതം ധന്യമാകുന്നത്. രോഗപീഡകളിലൂടെയും കഠിനവേദനയിലൂടെയും ജോയ്സി കടന്നുപോയപ്പോൾ ആ വേദനകളെല്ലാം ആത്മാക്കൾക്കായി കാഴ്ചവയ്ക്കാനും അനേകരെ ഈശോയ്ക്കായി നേടാനും ജോയ്സിക്ക് കഴിഞ്ഞു.

ഏതൊരാളെയും പോലെ സങ്കടപ്പെട്ടും നിരാശപ്പെട്ടും കരഞ്ഞും തീർക്കാമായിരുന്ന ജീവിതം സാക്ഷ്യത്തിന്റെ ജീവിതമാക്കിമാറ്റാൻ ജോയ്സിക്ക് കഴിഞ്ഞത് തന്റെ സഹനത്തെ ക്രിസ്തുവിനോട് ചേർത്തുവച്ചപ്പോഴാണ്. ആരോഗ്യവതിയായി ഇരുന്നപ്പോൾ എന്നതിനേക്കാൾ അധികം ആത്മാക്കളെ ഒരുപക്ഷേ ജോയ്സി നേടിയിട്ടുണ്ടാവുക രോഗിയായതിനുശേഷമായിരിക്കും എന്നെനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. യൂട്യൂബ് ചാനലിലൂടെയും എഴുത്തുകളിലൂടെയും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയുമെല്ലാം ജോയ്സി സദാ പ്രവർത്തനനിരതയായിരുന്നു ദൈവ രാജ്യത്തിനുവേണ്ടി. ദൈവവചനത്തെ ഇത്രയേറെ മുറുകെപ്പിടിച്ച ജോയ്സിയുടെ ജീവിതം മരണശേഷവും അനേകർക്ക് പ്രത്യാശ പകരുന്നു.

മറ്റൊരു ജീസസ്‌യൂത്ത് ആയിരുന്ന അജ്നയുടെ ജീവിതവും ഏറെ പ്രത്യാശ പകരുന്നതായിരുന്നു. ക്യാൻസർ രോഗം അതിന്റെ മൂർത്തീഭാവത്തിൽ ആ കൊച്ചു പെൺകുട്ടിയെ പ്രഹരിച്ചപ്പോഴും ദിവ്യകാരുണ്യ ഈശോയോട് ചേർന്നുനിന്നുകൊണ്ട് അനേക യുവജനങ്ങൾക്ക് സാക്ഷ്യമായി അജ്ന മാറി. പരിശുദ്ധ കുർബാനയെയും ദിവ്യകാരുണ്യ ഈശോയെയും പ്രണയിച്ച അജ്നയുടെ ജീവിതം സഹനത്തിന് നടുവിലും ക്രിസ്തു സാക്ഷിയായി മാറാം എന്നുള്ളതിന് തെളിവായിരുന്നു. അനേക യുവജനങ്ങൾ ഇന്നും അജ്നയുടെ കല്ലറയിലേക്ക് ഓടിയെത്തുന്നുണ്ടെങ്കിൽ ആത്മാക്കൾക്കായി അജ്ന തന്റെ സഹനം ഏറ്റെടുത്തതിന്റെ അടയാളമാണത്.

ഈ കൃപ അജ്നയ്ക്കും ജോയ്സിക്കും മാത്രമല്ല ലഭിച്ചിട്ടുള്ളത്. ക്രിസ്തുവിനെപ്രതി സഹിക്കാനുള്ള വരം ഓരോ ക്രിസ്ത്യാനിക്കും നൽകപ്പെട്ടിട്ടുണ്ട്. 'വളരെയധികം സഹിക്കാതെ വലിയതൊന്നും നേടാനാവില്ല' എന്ന സിയന്നയിലെ വിശുദ്ധ കാതറിന്റെ വാക്കുകൾ ഓർക്കാം. ജീവിതത്തിലെ സഹനങ്ങൾ അതെത്രതന്നെ ചെറുതോ വലുതോ ആയിക്കോട്ടെ,



അജ്ന

സ്വർഗത്തിലേക്കുള്ള നമ്മുടെ യാത്രയ്ക്കുള്ള പാഥേയമായി അതിനെ നമുക്ക് കാണാൻ കഴിയണം. ക്രിസ്തീയ സഹനം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പ്രതീകമാണ്. ക്രിസ്തു പീഡകൾ ഏറ്റതും സഹിച്ചതുമെല്ലാം ലോകത്തെ രക്ഷിക്കാനായിരുന്നു. സഹനംവഴി മറ്റുള്ളവരുടെ രക്ഷ ഉറപ്പാക്കാൻ നമുക്കും കഴിയേണ്ടതുണ്ട്. അതുപോലെ സഹനം നമ്മുടെ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നതാണ്. സഹനത്തിലൂടെ നാം ക്രിസ്തുവുമായി കൂടുതൽ അടുക്കുന്നു. സഹനം നമ്മുടെ ആത്മീയ വളർച്ചയ്ക്കുള്ള മരുന്നാണ്.

സഹനത്തിന്റെ പൂമെത്ത വിരിച്ച പാതകളിലൂടെയുള്ള യാത്രയല്ല ക്രിസ്ത്യാനിയുടെ ജീവിതം. മറിച്ച് കല്ലും മുള്ളും നിറഞ്ഞ സഹനത്തിന്റെ വഴികളെ കണ്ടു യാത്ര ചെയ്യുമ്പോഴാണ് നമ്മുടെ ജീവിതം കൃപകളുടെ ജീവിതമായി മാറുക. സഹനം ശരീരത്തിന്റെ മാത്രമല്ല; രോഗങ്ങൾ സമ്മാനിക്കുന്ന വേദനകൾ മാത്രമല്ല; നമ്മളെ സ്നേഹിക്കുന്നവർ മനസ്സിനെ ആഴമായി മുറിപ്പെടുത്തുമ്പോൾ, കൂടെ നിൽക്കുമെന്ന് കരുതിയവർ ഒറ്റപ്പെടുത്തുമ്പോൾ, ചിലരുടെയെങ്കിലും സ്വാർഥതയുടെ ഫലം അനുഭവിക്കുമ്പോൾ, ഒക്കെ നാം സഹനത്തിലൂടെയാണ് കടന്നു പോകുന്നത്. ക്രിസ്തുവിന്റെ രക്ഷ സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന നമ്മൾ ക്രിസ്തു നടന്നവഴിയിലൂടെ തന്നെ സഞ്ചരിക്കേണ്ടതുണ്ട്. അവിടന്ന് നമ്മെക്കാൾ അധികമായി അപമാനിക്കപ്പെട്ടിട്ടുണ്ട്, ഒറ്റപ്പെട്ടിട്ടുണ്ട്, കുറ്റപ്പെടുത്തലുകൾ കേട്ടിട്ടുണ്ട്, ഒറ്റുകൊടുക്കപ്പെട്ടിട്ടുണ്ട്, ശരീരത്തിൽ സഹിച്ചിട്ടുണ്ട്. അതെല്ലാം നമുക്കുവേണ്ടി ആണെന്നോർക്കുമ്പോൾ സഹിക്കുവാനുള്ള ശക്തിയും താനെ ലഭിക്കും. വേദനയുടെയും വിഷമത്തിന്റെയും നടുവിലും പിതാവേ അവിടത്തെ ഇഷ്ടം നിറവേറട്ടെ എന്നാണ് ഈശോ പ്രാർഥിച്ചത്. ദൈവഹിതത്തിന് നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ നമുക്കും ഈ കൃപ സ്വന്തമാക്കാനാകും.

കുരിശിലെ വിശുദ്ധ യോഹന്നാൻ പറയുന്നുണ്ട്: "ദുരിതവേളയിൽ ഒരിക്കൽ മാത്രം പറയുന്ന 'ദൈവമേ സ്തുതി' ഐശ്വര്യസമൃദ്ധിയിൽ അർപ്പിക്കുന്ന ആയിരം കൃതജ്ഞതയെക്കാൾ വിലയുള്ളതാണ്." സഹനത്തിന്റെ തീച്ചൂളയിലും ദൈവമേ നിനക്ക് സ്തുതി എന്നു പറയാൻ നമുക്ക് സാധിക്കട്ടെ. "എന്തെന്നാൽ, പീഡിതന്റെ കഷ്ടതകൾ അവിടന്ന് അവഗണിക്കുകയോ പുച്ഛിക്കുകയോ ചെയ്തില്ല; തന്റെ മുഖം അവനിൽ നിന്നു മറച്ചുമില്ല; അവൻ വിളിച്ചപേക്ഷിച്ചപ്പോൾ അവിടന്നു കേട്ടു" (സങ്കീ 22, 24). എങ്ങോ മറഞ്ഞിരുന്ന് മനുഷ്യന്റെ ദുഃഖങ്ങളിലും വേദനങ്ങളിലും സന്തോഷിക്കുന്ന ഒരു ദൈവമല്ല നമ്മുടേത്. വേദനകളിലും സഹനങ്ങളിലും നമ്മോടുകൂടെ നടക്കുന്ന ഒരു ദൈവം. ആ ദൈവത്തിന്റെ മക്കളാവുക എന്നതിൽ പരം എന്താണ് വേണ്ടത്? "എന്തെന്നാൽ, കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു" (റോമാ 5, 4).

***കൗൺസിലിങ് സൈക്കോളജിസ്റ്റും മോട്ടിവേഷണൽ ട്രെയിനറുമായ സുജമോൾ ജോസ് ജീസസ് യൂത്ത് എറണാകുളം സോണൽ ടീൻസ് മിനിസ്ട്രി എൽഡറാണ്. ഭർത്താവ് സിജു, മൂന്ന് മക്കൾ.***



യുവ/മൈസ്റ്റോറി - സോണിയ ടി. സണ്ണി

# എന്നെ വളർത്തിയ കൂട്ടായ്മ

**ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ പരിശീലന പരിപാടിയിൽ (ഫോർമേഷൻ പ്രോഗ്രാം) ക്ലാസ്സെടുക്കാൻ പരിശീലിക്കുന്നതിന്റെ ഭാഗമായി നടക്കുന്ന സ്റ്റഡി ഗ്രൂപ്പിലെ തന്റെ അനുഭവം പങ്കുവയ്ക്കുകയാണ് സോണിയ**

"എന്തെന്നാൽ മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാത്തിന്റെയും അടിസ്ഥാനം" (റോമ 9, 16).

2017-2020 കാലഘട്ടത്തിൽ സ്ഥിരമായി ജീസസ് യൂത്തിന്റെ സ്റ്റഡിഗ്രൂപ്പിൽ പോകാൻ കഴിഞ്ഞിരുന്നത് എന്റെ എന്തൊക്കെയോ പ്രവർത്തനങ്ങളുടെയും ഇഷ്ടത്തിന്റെയും സമയ ക്രമീകരണങ്ങളുടെയുമൊക്കെ ഫലമായിട്ടാണെന്നാണ് ഞാൻ കരുതിയിരുന്നത്. എന്നാൽ, ഇക്കഴിഞ്ഞ ദിവസം പരിശുദ്ധാത്മാവ് എന്നോടിങ്ങനെ പറയുന്നതുപോലെ എനിക്ക് തോന്നി. നീ പങ്കെടുക്കുന്ന ഒരു സ്റ്റഡി ഗ്രൂപ്പുപോലും നിന്റെ മേന്മയോ കഴിവോ കൊണ്ടല്ല, മറിച്ച് ദൈവം തിരുമനസ്സായതുകൊണ്ടും അവിടത്തെ കരുണയിൽ സ്വർഗം എല്ലാ സാഹചര്യങ്ങളും ഒരുക്കിയതുകൊണ്ടുമാണെന്ന്. ഈ ചിന്തയും വചനവും മനസ്സിലിട്ട് തിരിഞ്ഞു നോക്കുമ്പോൾ കഴിഞ്ഞ കാലഘട്ടങ്ങളിൽ എന്റെ ആത്മീയവും ഭൗതികവുമായ വ്യക്തിത്വത്തെ ഒത്തിരി സ്വാധീനിച്ച സ്റ്റഡി ഗ്രൂപ്പ് പങ്കാളിത്തത്തെ നന്ദിയോടെയോർത്ത് ഞാൻ തമ്പുരാനെ സ്തുതിച്ചു.

ഏകദേശം മൂന്നു വർഷക്കാലമാണ് ഞാൻ ഇത്തരമൊരു ഗ്രൂപ്പിന്റെ ഭാഗമാകാൻ തമ്പുരാൻ അനുഗ്രഹിച്ചത്. നേരത്തെ പറഞ്ഞതുപോലെ എന്റെ വ്യക്തിപരമായ ജീവിതവും പ്രാർഥനാ ജീവിതവും സാമൂഹിക ജീവിതവുമൊക്കെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ജീസസ് യൂത്തിന്റെ പരിശീലന പരിപാടിയുടെ ഭാഗമായ ഇത്തരം സ്റ്റഡി ഗ്രൂപ്പുകൾ ചെലുത്തിയ സ്വാധീനം ചെറുതല്ല.

"നാം ദൈവത്തിന്റെ കരവേലയാണ് നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവർത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്" (എഫേ 2, 10).

പ്രാർഥനാ കൂട്ടായ്മയുടെയും കുടുംബ കൂട്ടായ്മയുടെയും തുല്യമായ ഒരു അന്തരീക്ഷമായിരുന്നു ഓരോ ആഴ്ചയിലും നടക്കുന്ന സ്റ്റഡി ഗ്രൂപ്പുകൾ ഞങ്ങൾക്കു നൽകിയിരുന്നത്. അതുകൊണ്ടുതന്നെ പങ്കെടുക്കാനെത്തുന്ന ഓരോ അംഗങ്ങളും ഒത്തിരി സ്നേഹത്തോടെയും സന്തോഷത്തോടെയും ആത്മാർഥതയോടെയുമാണ് വന്നു ചേർന്നിരുന്നത്. വലിയൊരു ചൈതന്യവും ആഴമായ ഇടപെടലുകളും അനുഭവിക്കു



**എന്നെ വ്യക്തിപരമായി രൂപപ്പെടുത്തിയെടുക്കുന്നതിൽ ജീസസ് യൂത്തിന്റെ പരിശീലന പരിപാടിയുടെ ഭാഗമായ ഇത്തരം സ്റ്റഡി ഗ്രൂപ്പുകൾ ചെലുത്തിയ സ്വാധീനം ചെറുതല്ല**

വാനും ദൈവസ്നേഹം ആസ്വദിക്കാനും വ്യക്തിപരമായി എനിക്ക് സാധിച്ചിരുന്നു.

സ്റ്റഡിഗ്രൂപ്പിലെ ഓരോ അവതരണങ്ങളും ആഴമായി ശ്രദ്ധിക്കാനും അതിനെ എങ്ങനെ കൂടുതൽ മനോഹരമാക്കാമെന്നും ഈശോയ്ക്കുവേണ്ടി അവർക്ക് പറഞ്ഞുകൊടുക്കാൻ പഠിച്ചതും, കിട്ടുന്ന തിരുത്തലുകൾ സ്നേഹത്തോടെ സ്വീകരിച്ച് അത്തരത്തിൽ മാറ്റം വരുത്തി പരിശീലന പരിപാടി നടക്കുമ്പോൾ പങ്കെടുക്കുന്നവർക്ക് ഒരനുഭവമാക്കാൻ സാധിച്ചതും ഇന്നും ശുശ്രൂഷ ജീവിതത്തിൽ ഒരു മുതൽക്കൂട്ടാണ്.



സ്റ്റഡി ഗ്രൂപ്പുകളിലുള്ള പങ്കാളിത്തത്തിലൂടെ ദൈവമൊരുക്കിയ വലിയൊരു സമ്മാനം ആയിരുന്നു ഫോർമേഷൻ റിസോഴ്സ് എന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന രൂപവത്ക്കരണ പദ്ധതി. ഏഴു വർഷങ്ങൾക്കു മുമ്പായിരുന്നെങ്കിലും ഇന്നലെ എന്നപോലെ നിലനിൽക്കുന്ന ഓർമകളും പഠനങ്ങളും തുടരുന്ന ബന്ധങ്ങളും അനുഭവങ്ങളും സമ്മാനിച്ച ഒരു വർഷമായിരുന്നു. എല്ലാം ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുതലും മാത്രം

തണുത്തിരുന്ന ജീവിതങ്ങൾ സ്റ്റഡി ഗ്രൂപ്പ് എന്ന നെരിപ്പോടിൽ കിടന്ന് ജ്വലിക്കുന്ന തീക്കട്ടകളായി മാറിയതും ആ തീക്കട്ടകൾ പിന്നീട് അനേകം ദൈവമക്കൾക്ക് ദൈവസ്നേഹാഗ്നിയിൽ തീക്ഷ്ണത പകരുന്നതും ഈശോ കാത്തുവച്ച ഫലങ്ങളിൽ ഏതാനും ചിലതുമാത്രം. ഒളിഞ്ഞുകിടന്ന ഒത്തിരി മുത്തുകൾ തെളിഞ്ഞ് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ഇതിനോടകം മാറിയിരിക്കുന്നത് നമ്മിൽ പലരും കണ്ടിട്ടുണ്ടാവും.


ഇതു വായിക്കുന്ന നിങ്ങൾക്ക് ഒരു സ്റ്റഡി ഗ്രൂപ്പിന്റെ ഭാഗമാകാനുള്ള ക്ഷണം ഈശോ കാത്തുവയ്ക്കുന്നുണ്ടാകണം. ആ ക്ഷണം എപ്പോഴെങ്കിലും നിരാകരിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും തമ്പുരാനോട് സോറി പറഞ്ഞ് വീണ്ടും വിളി സ്വീകരിക്കണം.

"ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേക്ക് വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും" (വെളി 3, 19–20). ഇനി ഒരുപക്ഷേ ഒത്തിരി ആഗ്രഹമുണ്ടെങ്കിലും പങ്കെടുക്കാനുള്ള സാഹചര്യം ഇല്ലേ? അപ്പസ്തോലന്മാരെ ഒരുമിച്ചുകൂട്ടി പന്തക്കുസ്തായ്ക്ക് ഒരുക്കിയ നമ്മുടെ അമ്മയോട് നമുക്ക് പ്രാർഥിക്കാം; അമ്മ വഴിതുറക്കും പരിശുദ്ധാത്മാവ് വരും എല്ലാം ശരിയാകും.

***ലേഖിക, ഭർത്താവ് നിതിനോടും രണ്ടുമക്കളോടുമൊപ്പം യുകെയിലെ വാറ്റ് ഫോർഡിൽ താമസിക്കുന്നു. സ്റ്റാഫ് നഴ്സായി ജോലിചെയ്യുന്നു.***




**സ്പോർട്സും വിശ്വാസവും – ജോബി ബേബി, കുവൈറ്റ്**




ചടുല നീക്കങ്ങളിലൂടെ എതിരാളികളെ വെട്ടിയൊഴിഞ്ഞ് ബാസ്ക്കറ്റിൽ പന്ത് ഉയർത്തിനിക്ഷേപിച്ച ശേഷം സഹകളിക്കാർക്കിടയിലേയ്ക്ക് ചിരിച്ചും ഉല്ലസിച്ചും ഓടിയെത്തി സന്തോഷം പ്രകടിപ്പിച്ചൊരാൾ. കളിക്കളത്തിൽ കറുപ്പിന്റെ കളിയഴകിൽ മിന്നൽ നീക്കങ്ങളും, ആസ്വാദ്യമായ പദചലനങ്ങളുമായി ഗ്യാലറിയെ എല്ലായ്പ്പോഴും ത്രസിപ്പിച്ച ഒരാൾ കോബി ബീൻ ബ്രയന്റ്. 1978 ഓഗസ്റ്റ് 23ന് ഫിലാഡൽഫിയയിലാണ് കോബി ബ്രയന്റ് ജനിച്ചത്. ഒരു കത്തോലിക്കാ കുടുംബത്തിലാണ് അദ്ദേഹം വളർന്നത്, ബാല്യത്തിന്റെ നല്ലൊരു പങ്കും (6 മുതൽ 13 വയസ്സ് വരെ) ഇറ്റലിയിലാണ് ചെലവഴിച്ചത്. മുൻ NBA കളിക്കാരനായ ജോ ജെല്ലി–ബീൻ ബ്രയന്റ് ആണ് അദ്ദേഹത്തിന്റെ പിതാവ്. 2001ൽ തെക്കൻ കാലിഫോർണിയയിലെ ഒരു കത്തോലിക്കാ ഇടവകയിൽ വച്ചാണ് അദ്ദേഹം വനേസയെ വിവാഹം കഴിച്ചത്. കോബി–വനേസ ദമ്പതികൾക്ക് 4 കുട്ടികൾ നതാലിയ, ജിയാന, ബിയങ്ക, കാപ്രി എന്നിവർ. ഭാര്യയോടുള്ള സ്നേഹ സൂചകമായി കോബി ബീൻ തന്റെ വലതു കൈത്തണ്ടയിൽ അവളുടെ പേര്, ഒരു കിരീടം, മാലാഖയുടെ ചിറകുകൾ എന്നിവ പച്ചകുത്തിയിരുന്നു. കൂടാതെ സങ്കീർത്തനം 27 ഉൾക്കൊള്ളുന്ന ഒരു ബൈബിൾ വാക്യവും പച്ചകുത്തിയിരുന്നു. സങ്കീർത്തനം ഇങ്ങനെയാണ് ആരംഭിക്കുന്നത്. “കർത്താവ് എന്റെ വെളിച്ചവും എന്റെ രക്ഷയുമാണ്. ഞാൻ ആരെ ഭയപ്പെടണം? കർത്താവാണ് എന്റെ ജീവിതത്തിന്റെ ശക്തികേന്ദ്രം. ഞാൻ ആരെ ഭയപ്പെടണം?”

## കോബി ബീൻ ബ്രയാന്റ് – ദ് സ്റ്റാർ

അമേരിക്കയിലെ പ്രൊഫഷണൽ ബാസ്ക്കറ്റ്ബോൾ ലീഗായ എൻ.ബി.എയിലെ ടീം ലോസ് ഏഞ്ചൽസ് ലേക്കേഴ്സിൽ നിന്ന് കോബി ബീൻ ബ്രയന്റിന്റെ ജീവിതം വേർതിരിച്ചെടുക്കാനാകില്ല. 41 വയസ് നീണ്ട ജീവിതത്തിൽ 20 വർഷവും ലേക്കേഴ്സിനൊപ്പമായിരുന്നു



*കോബി ബീൻ ബ്രയന്റിന്റെ ഒരു കുടുംബ ചിത്രവും, അപകടത്തിൽ കോബിയോടൊപ്പം നിര്യാതയായ മകൾ ജിയാനയോടൊപ്പമുള്ള ചിത്രവും.*

കോബി ബീൻ ബ്രയന്റ്. അഞ്ചു തവണ ലോകചാമ്പ്യൻ, 18 തവണ ഓൾ ടൈം സ്റ്റാർ, മോസ്റ്റ് വാല്യുബ്ൾ പ്ലയർ. ബാസ്ക്കറ്റ്ബോൾ കോർട്ടിൽ നിന്ന് കോബി ബീൻ ബ്രയന്റ് വലയിലാക്കാത്ത നേട്ടങ്ങളില്ല. ഒപ്പം ഒളിമ്പിക്സിൽ അമേരിക്കൻ ടീമിനൊപ്പം തുടർച്ചയായി രണ്ടു തവണ സ്വർണ മെഡൽ, 2008ൽ ബെയ്ജിങ് ഒളിമ്പിക്സിലും 2012ൽ ലണ്ടൻ ഒളിമ്പിക്സിലും. 2018ൽ ഓസ്കാർ പുരസ്കാരവും കോബിയെ തേടിയെത്തി. ബാസ്ക്കറ്റ് ബോളുമായി ബന്ധപ്പെട്ട 'ഡിയർ ബാസ്ക്കറ്റ് ബോൾ' എന്ന അനിമേഷൻ ചിത്രത്തിനായിരുന്നു ഈ പുരസ്കാരം. കോബി എഴുതിയ കവിതയുടെ ചലച്ചിത്രാവിഷ്കാരമായിരുന്നു ഈ അനിമേഷൻ ചിത്രം.

## മാനസാന്തരത്തിന്റെ നിമിഷങ്ങൾ

2003ലാണ് കോബി ബീൻ ബ്രയന്റിന്റെ വ്യക്തിജീവിതത്തിൽ ഒരു പ്രധാന സംഭവമുണ്ടായത്. കൊളറാഡോയിലെ ഒരു മൗണ്ടൻ റിസോർട്ട് ഹോട്ടലിൽ താമസിക്കുമ്പോൾ ഒരു യുവതിയെ ബലാത്സംഗം ചെയ്തതായി ആരോപിക്കപ്പെട്ടതിനെ തുടർന്ന് അറസ്റ്റ് ചെയ്തു. അവളെ താൻ ബലാത്സംഗം ചെയ്തിട്ടില്ലെന്ന് ആദ്യം അദ്ദേഹം നിഷേധിച്ചു. പക്ഷേ, ഇരുവരും ഉഭയസമ്മതത്തോടെയുള്ള ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടിരുന്നുവെന്ന് പിന്നീട് സമ്മതിച്ചു. 2004ൽ കുറ്റാരോപിത അദ്ദേഹത്തിനെതിരെ ഒരു സിവിൽ കേസ് ഫയൽ ചെയ്തു. 2005ൽ കോബി വെളിപ്പെടുത്താത്ത ഒരു തുകയ്ക്ക് കോടതിക്ക് പുറത്ത് അവളുമായി ഒത്തുതീർപ്പിലെത്തി കേസ് അവസാനിപ്പിച്ചു. 2015ൽ ജിക്യു എന്ന മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ 2003ൽ നടന്ന ആ സംഭവത്തെപ്പറ്റി ഇപ്രകാരം പറയുന്നു: "വീണുപോകുമെന്ന നിമിഷങ്ങളിൽ തന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കത്തോലിക്കാ വിശ്വാസം ഏറെ സഹായിച്ചു." അതിന് വഴിത്തിരിവായത് ഒരു കത്തോലിക്കാ പുരോഹിതനുമായി സംസാരിച്ചതാണ്. വൈദികന്റെ മുൻപിൽ ഞാൻ ചെയ്ത തെറ്റിനെപ്പറ്റി ഏറ്റുപറയുകയും ദൈവത്തോടു മാപ്പ് അപേക്ഷിക്കുകയും ചെയ്തു.

"അത് വിടൂ, ദൈവത്തിൽ അടിയുറച്ചു മുന്നോട്ടുപോകൂ. ദൈവം പാപ മോചനം നൽകട്ടെ; നിങ്ങൾക്ക് കൈകാര്യം ചെയ്യാൻ കഴിയാത്തതൊന്നും ദൈവം അനുവദിക്കില്ല, ഇപ്പോൾ അത് എല്ലാം അവന്റെ കൈകളിലാണ്." അന്ന് ആ വൈദികൻ നൽകിയ ധൈര്യപ്പെടുത്തുന്ന വാക്കുകൾ എന്നെ ഏറെ വിശ്വാസത്തിൽ ഉറപ്പിച്ചു.

## കുർബാനയോടുള്ള ഇഷ്ടം

കാലിഫോർണിയയിലെ കലബസാസ് മേഖലയിലെ കുന്നിൻ ചെരുവിൽ കോബി ബീൻ ബ്രയന്റെ ഹെലികോപ്റ്റർ തകർന്നുവീണ് അദ്ദേഹവും മകളും മരണമടയുമ്പോൾ അദ്ദേഹത്തിന് 41 വയസ്സ് മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ 13 വയസുകാരി മകൾ ജിയാന ഉൾപ്പെടെ ഹെലികോപ്റ്ററിലുണ്ടായിരുന്ന ഒമ്പത് പേരും മരിച്ചു. റിപ്പോർട്ടുകൾ അനുസരിച്ച് മരിക്കുന്നതിന് തൊട്ടുമുൻപ് അദ്ദേഹവും മകളും പള്ളിയിൽ പോയിരുന്നതായും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ദിവ്യബലി സ്വീകരിച്ചതായും ഇടവ വികാരി സാക്ഷ്യപ്പെടുത്തുന്നു. മരണത്തിലും കത്തോലിക്കാ വിശ്വാസത്തെ മുറുകെ പിടിക്കുന്ന വ്യക്തിയായി കോബി.

**അദ്ദേഹത്തെപ്പറ്റിയുള്ള പ്രശസ്തരുടെ വാക്കുകൾ:**

*"പതിവായി കുർബാനയിൽ പങ്കെടുക്കുകയും ക്രിസ്തുവിന്റെ ഇഷ്ടങ്ങൾക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ പ്രധാനിയും, സ്വന്തം കുടുംബത്തെയും വിശ്വാസത്തെയും സ്നേഹിച്ച പ്രതിബദ്ധതയുള്ള കത്തോലിക്കൻ" –* ***ബിഷപ്പ് തിമോത്തി ഫ്രെയർ.***

*"കത്തോലിക്കാ വിശ്വാസത്തെ മുറുകെപ്പിടിച്ചു ആഴത്തിൽ ജീവിക്കാൻ ശ്രമിച്ച വ്യക്തി"* ***– ഫാ. സ്റ്റീവ് സലോട്ട്*** *(കാലിഫോർണിയയിലെ ന്യൂപോർട്ട് ബീച്ചിലുള്ള ഔർ ലേഡി ക്വീൻ ഓഫ് ഏഞ്ചൽസ് കാത്തലിക് പള്ളി വികാരി).*

*"അദ്ദേഹത്തിന്റെ ആത്മാവിനും, മരിച്ചുപോയ മകളുടെ ആത്മാവിനും നിത്യശാന്തിക്കായി പ്രാർഥിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന് ഇതു വളരെ വെല്ലുവിളി നിറഞ്ഞ സമയമായിരിക്കണം. അതിനാൽ, നമുക്ക് അദ്ദേഹത്തിനു വേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടിയും പ്രാർഥിക്കാം"* ***– ആർച്ച് ബിഷപ്പ് ഗോമസ്.***

*"കോർട്ടിലെ ഇന്ദ്രജാലക്കാരന് വിട, സ്പോർട്സിന്റെ നഷ്ടം" –* ***വിരാട് കോലി.***

*"അവിശ്വസനീയം" –* ***ഉസൈൻ ബോൾട്ട്.***




**രണ്ടു ഹൃദയങ്ങൾക്കിടയിലെ അകലം, ഒരു പുഞ്ചിരിയിലും ആശ്ലേഷത്തിലും കുറയുന്നു**

ഹൃദയത്തെ തൊടുന്ന മനുഷ്യബന്ധങ്ങളുടെ കഥയാണ് 'സർക്കീട്ട്" എന്ന കൊച്ചുചിത്രം, ഒറ്റവാക്കിൽ അങ്ങനെവേണം പറയാൻ. 1001നുണകൾ എന്ന തന്റെ ചിത്രത്തിനുശേഷം താമർ സംവിധാനം ചെയ്ത രണ്ടാമത്തെ ചിത്രമാണ് സർക്കീട്ട്. 2025 മേയിൽ റിലീസായ ഈ ചിത്രത്തിന്റെ രചനയും താമർ നിർവഹിച്ചിരിക്കുന്നു. ഗോവിന്ദ് വസന്തയുടെ സംഗീതവും സംഗീത് പ്രതാപിന്റെ എഡിറ്റിങ്ങും ചിത്രത്തെ ആസ്വാദനത്തിന്റെ തലത്തിൽ നിലനിറുത്തുന്നതിന് സഹായിച്ചുവെന്നത് എടുത്തു പറയേണ്ട കാര്യമാണ്. രണ്ടു ചിത്രങ്ങളുടെയും കഥാപരിസരം മിഡിൽ ഈസ്റ്റ് രാജ്യങ്ങളാണ്.

പ്രവാസി ജീവിതത്തിന്റെ സംഘർഷങ്ങളിലൂടെയാണ് സിനിമ പുരോഗമിക്കുന്നത്. ഭാര്യാഭർത്താക്കന്മാരുടെ പരസ്പര സ്നേഹം എങ്ങനെ ഉടലെടുക്കും, ഒരു കുട്ടിയെ നന്നായി എങ്ങനെ വളർത്തണം, കുടുംബത്തിലെയും ജോലിയുടെയും സ്ട്രെസ് നിറഞ്ഞ ജീവിതം, ഇതിനിടയിൽ പുഞ്ചിരിക്കാനും ചേർത്തുപിടിക്കാനും മറന്നുപോകുന്ന



**സിനി ടോക്സ് - സാജൻ സി എ**

മനസ്സുകൾ, ബന്ധങ്ങൾക്കിടയിൽ കണ്ണ് നനയ്ക്കുന്ന ചില നിമിഷങ്ങൾ എന്നിവയെല്ലാം ചേർന്ന ഒരു ഫീൽഗുഡ് ചിത്രമാണ് സർക്കീട്ട്.

ബാലുവിന്റെയും (ദീപക് പറമ്പോൾ) സ്റ്റെഫിയുടെയും (ദിവ്യപ്രഭ) സമ്മർദം നിറഞ്ഞ ജോലിക്കിടയിൽ ADHD (Attention deficit hyperactivity disorder) ഉള്ള ജെഫ്രോൺ (ഒർഹാൻ ഹൈദർ) എന്ന അവരുടെ മകൻ, ജീവിതത്തിന്റെ വലിയ ആശങ്കകളിലേക്കാണ് അവരെ നയിക്കുന്നത്. അനുസരണക്കേടുള്ള ഏഴ് വയസ്സുകാരൻ ജെപ്പു എന്ന ജെഫ്രോൺ മാതാപിതാക്കൾക്ക് തീരാ തല വേദനയായി മാറുന്നു. അവരുടെ ദാമ്പത്യ ജീവിതം അതിന്റെ സുഗന്ധപൂർണമായ ഒരു മേഖലയിലേക്കും കടക്കുന്നില്ല എന്നുമാത്രമല്ല സംഘർഷഭരിത മായി മുന്നോട്ടു നീങ്ങുകയുമാണ്. ചിത്രത്തിന്റെ മൂഡ് നിലനിറുത്താൻ അത് ഒരവശ്യ ഘടകമായി നമുക്ക് പിന്നീട് മനസ്സിലാവുന്നുമുണ്ട്.

അമീറിന്റെ പൂർവകാല ജീവിതാനുഭവങ്ങളുടെ ചില ചെറുദൃശ്യങ്ങൾപോലും നമ്മെയും ഇടയ്ക്കിടെ കണ്ണ് നിറയിക്കും.

പ്രവാസ ലോകത്തെ ഇവരുടെ ജോലിയും ജീവിതവു മൊക്കെ വരച്ചുകാട്ടുന്ന സന്ദർഭങ്ങളെല്ലാംതന്നെ പ്രേക്ഷ കരായ നമ്മെയും വല്ലാതെ അലോസരപ്പെടുത്തുന്നു. തികച്ചും ഗ്രേ ഷെയ്ഡുള്ള ഫീലിംഗുകളുമായി കഥ തുട രുമ്പോൾ, അനുസരണക്കേടിന്റെ അങ്ങേയറ്റത്തെത്തുന്ന ജെപ്പുവിന്റെയും ഒട്ടും സുഖകരമല്ലാത്ത അവന്റെ മാതാ പിതാക്കളുടെ ജീവിതത്തിലേക്കും ക്ഷണിക്കപ്പെടാതെ, അനാദരവോടെയെത്തുന്ന അമീർ എന്ന (ആസിഫ് അലി) കഥാപാത്രത്തിലൂടെ സിനിമ തുടർന്നുള്ള ഫ്രെയിമുക ളിലേക്ക് നിറങ്ങൾ ചാലിച്ച് ആസ്വാദനത്തിന്റെ ചേരുവക കൾ പടർത്തുകയാണ്.

ജെപ്പുവുമായി അമീർ യഥാർഥത്തിൽ കുടുക്കിലകപ്പെടു കയാണെങ്കിലും ഊഷ്മളമായ സ്നേഹത്തോടെയും അതീവ ക്ഷമയോടെയും അമീർ കുട്ടിയെ കൈകാര്യം ചെയ്യുകയാണ്. അമീറിന്റെ കഴിഞ്ഞകാല ജീവിതത്തിന്റെ നോവനുഭവങ്ങൾ അമീറിനെ അതിനായി പര്യാപ്തനാക്കു ന്നുവെന്ന് നമുക്കും അനുഭവവേദ്യമാകുന്നു. അമീറിന്റെ പൂർവകാല ജീവിതാനുഭവങ്ങളുടെ ചില ചെറുദൃശ്യങ്ങൾ പോലും നമ്മെയും ഇടയ്ക്കിടെ കണ്ണ് നിറയിക്കും. ആസിഫിന്റെ അഭിനയ മികവിലൂടെ നമ്മുടെ ഉള്ളിലെ ത്തുന്ന അത്തരം ചില നീറ്റലും തുടർന്ന് മനസ്സിനെ തൊട്ടു തലോടി സൗഖ്യത്തിന്റെ തീരങ്ങളിലേക്ക് കൊണ്ടുപോകു ന്നതും ആണ് ചിത്രത്തിന്റെ ഹൈലൈറ്റ്.

പ്രവാസ ലോകത്ത് തൊഴിൽ അന്വേഷിച്ച് നടക്കുന്ന അമീറിന്റെ അലച്ചിലുകളും ഇടയ്ക്കെപ്പോഴോ അമീറിന് സൗജന്യമായി ഭക്ഷണം വിളമ്പുന്ന ഹോട്ടൽ ഉടമയും ധനമോഹത്താൽ ആത്മാർഥതയുടെ മേലങ്കിയണിഞ്ഞ ചില കപട ജോലിദാതാക്കളും തുടങ്ങി മനുഷ്യമനസ്സുക ളുടെ വ്യത്യസ്ത സ്വഭാവങ്ങൾ പ്രതിഫലിപ്പിക്കുന്ന കൊച്ചു കൊച്ചു കഥാപാത്രങ്ങളും ഈ ചിത്രത്തിലൂടെ നമുക്ക് മുന്നിൽ എത്തുന്നുണ്ട്. ഇതൊന്നും നമുക്ക് മുമ്പ് കണ്ടിട്ടി ല്ലാത്ത പുത്തൻ അനുഭവമൊന്നുമല്ല. എന്നിരുന്നാലും നാം എങ്ങനെയാകണം എങ്ങനെയാകരുത് എന്നൊ ക്കെയുള്ള ചില തിരിച്ചറിവുകളുടെ ശക്തമായ ഓർമപ്പെ ടുത്തലുകൾ ചിത്രം നമുക്ക് നൽകുന്നു.

നന്നായി പൊലിപ്പിച്ച് വൈകാരികാനുഭൂതി നൽകാൻ ചിത്രത്തിൽ കഥാസന്ദർഭങ്ങൾ ഉണ്ടായിട്ടും താമർ എന്ന സംവിധായകൻ അതിലേക്ക് ഒന്നും വഴിതിരിയാതെ ആത്മാർഥതയോടെ തന്റെ ഈ ചിത്രം ആവശ്യപ്പെടുന്ന ടോട്ടാലിറ്റിയെ കൃത്യമായി ഫോക്കസ് ചെയ്ത്, അത് പ്രേക്ഷകർക്ക് നൽകുന്നതിൽ വിജയിച്ചിരിക്കുന്നു.

ജെപ്പുവിന്റെ കുസൃതിയും അനുസരണക്കേടും ഒരിക്കലും തീരാത്ത പൊല്ലാപ്പുകളും, നല്ല പാരന്റിംഗിനെ കുറിച്ച് അജ്ഞരായ അവന്റെ മാതാപിതാക്കളുടെ രീതികളും, അമീറിന്റെ രംഗപ്രവേശവുമെല്ലാം നേരിൽ കണ്ടാസ്വദിക്കുവാൻ നിങ്ങളെ ക്ഷണിക്കുന്നു. ഒരുപക്ഷേ നമുക്കും നമുക്ക് പരിചയമുള്ള മറ്റാർക്കെങ്കിലുമോ നമ്മുടെ ഈ കാഴ്ചയനുഭവം ഉപകാരപ്പെടുമെന്നതിൽ സംശയമില്ല. ഒരുവട്ടമെങ്കിലും ഈ ചിത്രം കണ്ടാൽ അമൂല്യമായ ചിലതൊക്കെ നമ്മുടെ ഉള്ളിൽ കയറിപ്പറ്റും.

നമ്മിൽ പലരും ജീവിതത്തിൽ പലനേരത്തും ധർമസങ്കട ങ്ങളിലകപ്പെടുന്ന അപ്പന്മാരാണെന്നും, പുറമെ അമർ ഷവും സഹനവുമാണെങ്കിലും മാതൃവാത്സല്യം നെഞ്ചി ലേറ്റുന്ന അമ്മമാരാണെന്നും ചിത്രം നമ്മോട് പറയുമ്പോൾ അക്ഷരാർഥത്തിൽ ഹൃദയത്തെ തൊടുന്ന ചിത്രമായി സർക്കീട്ട് മാറുകയാണ്.

***കെയ്റോസ് മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററാണ് ലേഖകൻ. ഭാര്യയോടും നാല് മക്കളോടുമൊപ്പം എറണാ കുളത്ത് താമസം.***



**വാർത്താവിചാരം - സണ്ണി കോക്കാപ്പിള്ളിൽ**






# കർദിനാൾ മുള്ളറിന്റെ മുന്നറിയിപ്പുകൾ

ജർമൻ കത്തോലിക്കാ സഭയിലെ കർദിനാൾ ഗെർഹാർഡ് മുള്ളറിന്റെ മുന്നറിയിപ്പുകൾ ലോകത്തിന് വലിയൊരു താക്കീതായി മാറുകയാണ്. മതസ്വാതന്ത്ര്യമുള്ള ജർമനി വൻതോതിൽ മാനുഷിക ദയ പ്രകടിപ്പിക്കുന്ന രാജ്യമാണ്. യുദ്ധത്തിന്റെ പേരുപറഞ്ഞ് അഭയാർഥികളായി വന്ന ലക്ഷങ്ങൾക്കാണ് ജർമനി അഭയം കൊടുത്തത്. ഇങ്ങനെ വന്നവർക്ക് ഭക്ഷണവും ജോലിയും താമസസൗകര്യവും നൽകി ഉദാത്തമായ മാതൃക നൽകിയെങ്കിലും ഇപ്പോളത് നന്മയ്ക്കായിരുന്നോ എന്ന് സംശയം ഉടലെടുത്തിരിക്കുന്നു. പെറ്റു പെരുകിയും കൂടുതലായി കടന്നുവന്നും രാജ്യത്തെ നിർണായക ശക്തിയായി അഭയാർഥികൾ മാറി. തെരുവീഥികൾ മിക്കവാറും അവർ കൈയടക്കി കഴിഞ്ഞു. അവരുടെ മതാഘോഷങ്ങൾ തെരുവുകളിൽ സജീവമാക്കുകയും പുതിയ സംസ്കാരം ഉടലെടുക്കുകയും ചെയ്യുന്നു. ഈ സംസ്കാരം സഹിഷ്ണുതയുടേതല്ലതാനും. അതു കീഴ്പ്പെടുത്തുന്നത് മാത്രമല്ല, അക്രമണം അഴിച്ചുവിടുന്നതിനും മുൻപന്തിയിലാണ്.

ഇന്ന് ഓരോ ദിനവും പതിനഞ്ചോളം കത്തിയാക്രമണങ്ങൾ ജർമനിയിൽ അരങ്ങേറുന്നു. ഇതിനെ പ്രതിരോധിക്കാൻ അധികം പേർ മുന്നോട്ടു വരുന്നില്ല. പലരും കണ്ണടയ്ക്കുന്നു. അല്ലെങ്കിൽ കണ്ടില്ലെന്ന് നടിച്ച് അപലപിക്കാൻ ശ്രമിക്കാതെ അവനവന്റെ കാര്യം നോക്കുന്നു. അഭയാർഥികളുടെ ഈ ആക്രമണ ആധിപത്യത്തിനെതിരെ രാഷ്ട്രീയക്കാരും മൗനം പാലിക്കുകയാണ്. മുള്ളർ പറയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം, ആത്മീയ പ്രകടനങ്ങളിൽ നിന്നുമുള്ള ജർമൻകാരുടെ പിന്മാറ്റമാണ്. അഭയാർഥികൾ തങ്ങളുടെ ആഘോഷങ്ങൾ തെരുവിലാക്കുമ്പോൾ ക്രൈസ്തവ പ്രഘോഷണത്തിൽ നിന്നും ജർമൻകാർ മാറിനിൽക്കുന്നു. പ്രത്യേകിച്ച് ദിവ്യകാരുണ്യപ്രദക്ഷിണങ്ങൾ നടക്കുമ്പോൾ പലരും തിരിഞ്ഞുപോലും നോക്കുന്നില്ല.

ഇങ്ങനെ പോയാൽ കുറച്ചു വർഷങ്ങൾ കഴിയുമ്പോൾ ഉത്തര ആഫ്രിക്കയ്ക്ക് സമാനമായി ജർമനി മാറും. വ്യക്തിസ്വാതന്ത്ര്യം അതിരു കടക്കുമ്പോൾ എവിടെയും ഇങ്ങനെയാണ് സംഭവിക്കുക. ഇത്തരം സ്വാതന്ത്ര്യവാദികൾ എല്ലാ മതങ്ങളിലുമില്ല. ഇംഗ്ലണ്ട് ഇപ്പോൾ അനുഭവിക്കാൻ തുടങ്ങിയ ദുരവസ്ഥയിലേക്ക് ജർമനിയും താമസിയാതെ എത്തിച്ചേരും. ഫ്രാൻസും ഇറ്റലിയുമൊക്കെ ഇതിന്റെ പിന്നാലെയുണ്ട്. അഭയാർഥിസ്നേഹമൊക്കെ നല്ലതാണ്; പക്ഷേ, ഗൂഢമായ ലക്ഷ്യത്തോടെ അഭയാർഥികളുടെ പേരുപറഞ്ഞ് എത്തുന്നവരെ തിരിച്ചറിയാനും അവരുടെ വിധ്വംസക പ്രവർത്തനങ്ങളെ തടയാനും ശ്രമിച്ചില്ലെങ്കിൽ ഭാവിയിൽ സിറിയ പോലെ ആഭ്യന്തര സംഘർഷങ്ങളിലേക്ക് ജർമനിയും എത്തിച്ചേരും. ക്രിസ്തീയ മൂല്യങ്ങൾ നഷ്ടപ്പെടുത്തി യഥേഷ്ടം ജീവിക്കുമ്പോൾ താങ്ങാനാവാത്ത തിരിച്ചടിയായിരിക്കും വരാൻ പോകുന്നത്.

"അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടുപോകുമ്പോൾ അത് ആശ്വാസം തേടി വരണ്ട സ്ഥലങ്ങളിലൂടെ അലഞ്ഞു നടക്കുന്നു. എന്നാൽ, കണ്ടെത്തുന്നില്ല. അപ്പോൾ അതു പറയുന്നു: ഞാൻ ഇറങ്ങിപ്പോന്ന എന്റെ ഭവനത്തിലേക്ക് തിരിച്ചു ചെല്ലും. അത് മടങ്ങി വരുമ്പോൾ ആ സ്ഥലം ആളൊഴിഞ്ഞും അടിച്ചുവാരി സജ്ജീകരിക്കപ്പെട്ടും കാണുന്നു. അപ്പോൾ അത് പുറപ്പെട്ടുചെന്ന് തന്നെക്കാൾ ദുഷ്ടരായ ഏഴ് ആത്മാക്കളെ കൂടി തന്നോടൊത്തു കൊണ്ടുവരികയും അവിടെ പ്രവേശിച്ച് വാസമുറപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ആ മനുഷ്യന്റെ അവസാനത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ ശോചനീയമായിത്തീരുന്നു. ഈ ദുഷിച്ച തലമുറയ്ക്കും ഇതുതന്നെയായിരിക്കും അനുഭവം" (മത്താ 12:43-45).



# ആംഗ്ലിക്കൻ സഭയുടെ പ്രവർത്തനം പുരോഗമനമല്ല, തെറ്റായ കീഴ്‌വഴക്കം

ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയുടെ അധ്യക്ഷയായി ബിഷപ്പ് സാറ മുള്ളേലി തെരഞ്ഞെടുക്കപ്പെട്ടത് പുരോഗമനത്തിന്റെയും വനിതാ സ്വാതന്ത്ര്യത്തിന്റെയും അടയാളമായി പലരും വാഴ്ത്തുന്നു. കത്തോലിക്കാ സഭയിലുള്ള ചില യൂട്യൂബർമാരും സഭയിൽ മാറ്റം കൊണ്ടുവരാൻ അക്ഷീണം യത്നിക്കുന്നവരുമൊക്കെ ഇതിനെ പുരോഗമനത്തിന്റെ കാഹളമായി കാണുന്നു. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പയും ബെനഡിക്ട് പതിനാറാമൻ മാർപാപ്പയും ഇതൊരിക്കലും സഭയിൽ സംഭവിക്കില്ലെന്ന് അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. ഈശോയുടെ മരണശേഷം കല്ലറയിൽ ആദ്യം എത്തിയ മഗ്ദലേന മറിയത്തിന് യാതൊരു യോഗ്യതക്കുറവുമില്ലായിരുന്നു. മനുഷ്യബുദ്ധിയിൽ ചിന്തിക്കുമ്പോൾ ഏറെ സാഹചര്യങ്ങൾ ഉണ്ടായിട്ടും യേശു നടപ്പിൽ വരുത്താത്ത ഒരുകാര്യം നടപ്പിലാക്കാൻ മനുഷ്യന് അവകാശമില്ല. സ്വാതന്ത്ര്യത്തിന്റെയോ തുല്യതയുടെയോ പ്രശ്നമല്ല ഈ വിഷയം. അത് ദൈവത്തിന്റെ തീരുമാനമാണ്. ഒരു അനുസരണക്കേടിനാൽ ഉണ്ടായ സഭയാണ് ആംഗ്ലിക്കൻ സഭ. ഇപ്പോൾ ഈ സഭയുടെ അവസ്ഥ, കത്തോലിക്കാ സഭയുമായി താരതമ്യം ചെയ്താൽ പലതും മനസ്സിലാക്കാം. വനിതാ പൗരോഹിത്യത്തിനുശേഷം ധാരാളം വിശ്വാസികൾ ഇപ്പോൾ കത്തോലിക്കാ സഭയിലേക്ക് കടന്നുവന്നു. ഈ തീരുമാനം വന്നതിനു ശേഷം നൈജീരിയായിലെ ആംഗ്ലിക്കൻ സഭ ഇംഗ്ലണ്ടിലെ സഭയുമായുള്ള ബന്ധം വേർപെടുത്തിയതായി അറിയുന്നു.

---

# നൈജീരിയയ്ക്കായി ലോകമെങ്ങും തെരുവിൽ ഇറങ്ങുക



ജിഹാദി, ഇടതു, ലിബറൽ കൂട്ടങ്ങൾ ഗാസയ്ക്കുവേണ്ടി സർവസന്നാഹങ്ങളും ഒരുക്കി ക്യാമ്പയിനുകൾ സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ, ഇതിലും ദുരന്തപൂർണമായ സംഭവങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്ന നൈജീരിയൻ ക്രൈസ്തവരുടെ ദയനീയ സ്ഥിതിയെ മിക്ക മാധ്യമങ്ങളും കണ്ണടയ്ക്കുകയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഒന്നേകാൽ കോടി ജനങ്ങൾ നാടുവിട്ടോടുകയും ഒന്നേകാൽ ലക്ഷം പേർ കൊല്ലപ്പെടുകയും ചെയ്ത സംഭവം വേണ്ടപോലെ ചർച്ച ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്നു. ഏതെങ്കിലും മതത്തിന്റെ ഒരു ദേവാലയം പൊളിക്കുമ്പോൾ വലിയ വാർത്തയാകുന്ന ലോകത്ത്, ഏതാണ്ട് ഇരുപത്തിനാലായിരത്തിനടുത്ത് ക്രൈസ്തവ ദേവാലയങ്ങൾ തകർക്കപ്പെട്ടിട്ടും അതിനു നേരെ കണ്ണടയ്ക്കുന്നു. ഈയിടെ വത്തിക്കാൻ പ്രതിനിധി ഇക്കാര്യം യുഎന്നിൽ അവതരിപ്പിക്കുകയുണ്ടായി.

നൈജീരിയായിൽ മാത്രമല്ല കോംഗോയിലും മൊസാമ്പിക്കിലുമൊക്കെ ഇസ്ലാം ഭീകരർ ഇത്തരം ക്രൂരതകൾ നടപ്പിൽ വരുത്തുന്നു. ഇതിനെതിരെ ആഗോളവ്യാപകമായ ഒരു പ്രചരണം നടക്കണം. ആധുനിക ലോകത്ത് നീറുന്ന ഓർമയായി നൈജീരിയായെ ക്യാമ്പസുകളും തെരുവുകളും ദേവാലയങ്ങളും ചിത്രീകരിക്കണം. വേണ്ടവിധം സ്വരം ഉയർത്താത്ത ഒന്നായി ഈ വിഷയം മാറി. ഇതിനൊക്കെയാണ് മാധ്യമങ്ങളെ ഉപയോഗപ്പെടുത്തേണ്ടത്. സമൂഹമാധ്യമങ്ങൾക്ക് ഇതിൽ വലിയ പങ്കുവഹിക്കാൻ കഴിയും. ആവശ്യത്തിനും അല്ലാത്തതിനും പലസ്തീനു വേണ്ടി കരയാൻ അനേകരുള്ളപ്പോൾ നൈജീരിയയ്ക്കു വേണ്ടി കരയാനും ഉയർത്തിക്കാട്ടാനും അനേകർ മുന്നോട്ട് വന്നേ പറ്റൂ. കാരണം ലോകമെമ്പാടും 38 കോടി ക്രൈസ്തവരാണ് പീഡിപ്പിക്കപ്പെടുന്നത്.

**എഡിറ്റേഴ്സ് റൂം -**
**അഡ്വ. കെ.ജെ. ജോൺസൺ**
jjadvocatesjy@gmail.com



# പരിഹാരം അരികിൽത്തന്നെ

അരീന സബലേങ്ക, വനിതാ ടെന്നീസിൽ ഈ വർഷത്തെ യുഎസ് ഓപ്പണിൽ ഗ്രാൻഡ്സ്ലാം കിരീടം നേടിയവൾ. പക്ഷേ അവരുടെ മത്സരചരിത്രം മഹത്തരമായിരുന്നില്ല. മത്സരിച്ച 12 ഫൈനലുകളിൽ 3 എണ്ണം നേടാൻ മാത്രമേ അവർക്കായുള്ളൂ. സെമിഫൈനലിൽ തോറ്റശേഷം നിരാശയായി ഗ്രീസിലേക്ക് യാത്രപോയ അവളുടെ ജീവിതത്തെ സ്പർശിച്ചത് ഒരു പുസ്തകമായിരുന്നു. ജെയിംസ് ആർ. ഡോട്ട് എന്ന ന്യൂറോസർജൻ എഴുതിയ 'ഇൻ ടു ദി മാജിക് ഷോപ്പ്" എന്ന പുസ്തകം, സമ്മർദങ്ങളെ നേരിടാനും വികാരത്തിനുമേൽ വിവേകത്തിനു ആധിപത്യം നൽകാനും സഹായിച്ചു. സെർവുകൾ നഷ്ടപ്പെടുമ്പോൾ അലറിവിളിക്കുന്ന, സെറ്റു നഷ്ടപ്പെടുമ്പോൾ റാക്കറ്റ്" എറിഞ്ഞുടക്കുന്ന സബലേങ്കയെയല്ല യുഎസ് ഓപ്പണിൽ കാണികൾ കണ്ടത്. കൈയിലുണ്ടായിരുന്ന ആ പുസ്തകം അവളുടെ ജീവിതഗതി മാറ്റി.

ജീവിതമത്സരത്തിലെ ചില അനുഭവങ്ങൾ നിരാശയിലേക്ക് നയിക്കുന്നുണ്ടാകാം. പ്രതീക്ഷകൾ നശിപ്പിക്കപ്പെട്ടിരിക്കാം. ചുറ്റും നോക്കുമ്പോൾ കരംഗ്രഹിക്കാൻ ആരെയും കണ്ടെന്നുംവരില്ല. ഒറ്റപ്പെടുന്ന, കുറ്റപ്പെടുത്തുന്ന, സാഹചര്യങ്ങളും കൂടുതലാകും. പക്ഷേ ശക്തിപ്പെടുത്തുന്ന, പ്രതീക്ഷ നൽകുന്ന, പ്രതിസന്ധികളെ അതിജീവിക്കാൻ കരുത്ത് നൽകുന്ന ഒന്ന് ഓരോ മനുഷ്യനിലും ദൈവം ഒരുക്കി വച്ചിട്ടുണ്ട്. അത് കണ്ടെത്തുകയാണ് വേണ്ടത്.

ഈജിപ്തിൽ നിന്നുള്ള ഇസ്രായേൽക്കാരുടെ യാത്രയിൽ അവർ ഷോർ മരുഭൂമിയിൽ എത്തിപ്പെട്ടു. മരുഭൂമിയിലൂടെയുള്ള മൂന്നുദിന യാത്രയ്ക്കുശേഷം അവർ ദാഹാർത്തരായി മാറാ എന്ന സ്ഥലത്തെത്തി. അവിടത്തെ വെള്ളം കയ്പുമൂലം അവർക്ക് കുടിക്കാൻ കഴിഞ്ഞില്ല. ദാഹിച്ചുവലഞ്ഞ അവർ മോശയ്ക്കെതിരെ പിറുപിറുത്തു. മോശ കർത്താവിനോട് പ്രാർഥിച്ചു. അവിടന്ന് ഒരു തടിക്കഷണം കാണിച്ചുകൊടുത്തു, അത് വെള്ളത്തിലിട്ടപ്പോൾ വെള്ളം മധുരിച്ചു.

പുറപ്പാടിന്റെ പുസ്തകത്തിൽ വിവരിക്കുന്ന ഈ സംഭവം മനുഷ്യനെ ശക്തിപ്പെടുത്തുന്നതാണ്. ജീവിതത്തിന്റെ സങ്കടങ്ങളുടെയും ദുഃഖങ്ങളുടെയും നിരാശയുടെയും കയ്പുനീർ കുടിക്കുവാൻ നിർബന്ധിക്കപ്പെടുമ്പോൾ അതിനെ മധുരതരമാക്കുന്ന ഒന്ന് അരികത്തുതന്നെയുണ്ട് എന്ന് ഈ സംഭവം നമ്മെ ഓർമപ്പെടുത്തുന്നു. മോശ കർത്താവിനെ വിളിച്ചപേക്ഷിച്ചപ്പോഴാണ് അരികത്ത് കിടക്കുന്ന അത്ഭുതം കാണാൻ കഴിഞ്ഞത്. വഴിയറിയാതെ ഉഴലുമ്പോൾ കണ്ണുകളും മനസ്സും ഉയർത്തിയാൽ ഉത്തരം നൽകാൻ ദൈവമുണ്ട് എന്നതാണ് കർത്താവ് പഠിപ്പിക്കുന്നത്.


ഓരോ സങ്കട കാരണങ്ങളും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ്. ചില സങ്കടങ്ങൾ നമ്മെ ശക്തമാക്കുന്നതിന് സഹായിക്കും. ആവിയിൽ പാകം ചെയ്യുമ്പോൾ ചില ഭക്ഷണങ്ങൾ മൃദുലമാകുന്നു. എന്നാൽ, മുട്ട മൃദുലമാണെങ്കിലും ആവിയിൽ പാകപ്പെടുമ്പോൾ അതിനു ഉറപ്പുവരുന്നു. കഠിനമായ പരീക്ഷകൾ നമ്മെ മൃദുവാക്കുകയും എളിമയും കാരുണ്യവുമുള്ളവരാക്കുകയും ചിലപ്പോൾ ശക്തമായ തീരുമാനമെടുക്കാൻ ബലപ്പെടുത്തുകയും ചെയ്യുന്നു.

"അവിടന്ന് അവരെ പരീക്ഷിച്ചു. അവിടന്ന് അരുൾ ചെയ്തു: നീ എന്റെ ദൈവമായ കർത്താവിന്റെ സ്വരം ശ്രദ്ധാപൂർവം ശ്രവിക്കുകയും അവിടത്തെ ദൃഷ്ടിയിൽ ശരിയായത് പ്രവർത്തിക്കുകയും അവിടത്തെ കൽപനകൾ അനുസരിക്കുകയും ചട്ടങ്ങൾ പാലിക്കുകയും ചെയ്താൽ ഞാൻ ഈജിപ്തുകാരുടെ മേൽ വരുത്തിയ മഹാമാരികൾ ഒന്നും നിന്റെ മേൽ വരുത്തുകയില്ല. ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്" (പുറ 15, 26).

അവൻ അരികെതന്നെയുണ്ട് വിളി കേൾക്കാവുന്ന ദൂരത്തിൽ..



എഡിറ്റർ-ഇൻ-ചീഫ്




SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media
Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | www.jykairosmedia.org

RNI No.KERMAL/2002/12027, Date of publication: 01/11/2025, ₹50.00

# കെയ്റോസ് ബഡ്സ്
# **ഇപ്പോൾ ഹിന്ദിയിലും**

കുട്ടികൾക്ക് നല്ലത് നൽകാൻ
മാതാപിതാക്കൾക്കും അധ്യാപകർക്കും കടമയുണ്ട്.

വിശ്വാസ പരിശീലനത്തിനും
സർഗാത്മകമായ കഴിവുകൾ വളർത്താനും
**കെയ്റോസ് ബഡ്സ്**




To purchase
scan QR code:

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org ✆ +91 484 2984327 91 62382 79115 | **www.jykairosmedia.org**

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662